വെളിയന്നൂർ ഗ്രാമ പഞ്ചായത്ത് 1996





വികസന റിപ്പോർട്ട്

കോട്ടയം ജില്ല



ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്

സന്ദേശം



പ്രിയ പ്രസിഡന്റ് പ്രൊഫ. കെ.ജെ ജോയി,

വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സമഗ്ര വികസന റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാൻ പോകുന്നു എന്നറിഞ്ഞതിൽ പഞ്ചായത്തു പ്രസിഡന്റിനേയും , കമ്മറ്റി അംഗങ്ങളേയും അഭിനന്ദിക്കുന്നു. വെളിയന്നൂർ ഗ്രാമത്തിന്റെ വികസനത്തിൽ കഴിഞ്ഞ കാലഘട്ടത്തിൽ നേടിയ നേട്ടങ്ങളും, അടുത്ത അഞ്ചുവർഷം നേടിയെടുക്കേണ്ട വികസനങ്ങളും ടി.റിപ്പോർട്ടിൽ സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട് എന്ന് ഞാൻ മനസ്സിലാക്കുന്നു. രാഷ്ട്രീയ ആചാര്യനായ ജോസഫ് ചാഴികാടൻ അന്തിയുറങ്ങുന്ന വെളിയന്നൂർ ഗ്രാമം ഐശ്വര്യ പൂർണ്ണവും, സമ്പൽ സമൃദ്ധവും ആകട്ടെ എന്ന് ആശംസിക്കുന്നു. കഴിഞ്ഞ 30 വർഷമായി എം. എൽ. എ എന്ന നിലയിൽ എന്റേതായ എളിയ കഴിവുകൾ വെളിയന്നൂർ ഗ്രാമത്തിന്റെ വികസനത്തിന് നൽകുകയുണ്ടായി. തുടർന്നും നാടിന്റെ വികസനത്തിന് എന്റേതായ എല്ലാ സഹായ സഹകരണങ്ങളും വാഗ്ദാനം നൽകുന്നു. അതോടൊപ്പം ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

16.12.1996
പാലാ.

കെ.എം.മാണി എം.എൽ.എ

സന്ദേശം



പ്രിയ പ്രസിഡന്റ് പ്രൊഫ.ജോയി,

ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി വെളിയന്നൂർ പഞ്ചായത്ത് വികസന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. വെളിയന്നൂർ പഞ്ചായത്തിന്റെ കഴിഞ്ഞകാല ചരിത്രം ഉൾക്കൊള്ളുന്ന ഒരു റിപ്പോർട്ടാണ് തയ്യാറാക്കി യിരിക്കുന്നത് എന്നറിയുന്നു. അടുത്ത അഞ്ചു വർഷത്തെ വെളിയന്നൂരിന്റെ വികസനത്തിന് ടി റിപ്പോർട്ട് ഒരു മുതൽക്കൂട്ടായി രിക്കുമെന്ന് ഞാൻ കരുതുന്നു. വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന് എന്റേതായ എല്ലാ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്യുന്നതോടൊപ്പം ഈ വലിയ സംരംഭത്തിന് തയ്യാറായ പ്രസിഡന്റിനേയും കമ്മറ്റി അംഗങ്ങളേയും പ്രത്യേകം അഭിനന്ദിക്കുന്നു.


15-12-1996

സ്നേഹപൂർവ്വം,

ന്യൂഡൽഹി.

പി.സി.തോമസ് എം.പി.

സന്ദേശം



പ്രിയ പ്രസിഡന്റ് പ്രൊഫ. കെ.ജെ.ജോയി,

വളർച്ചയിലേക്കുള്ള കുതിപ്പിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ടുള്ള വെളിയന്നൂർ പഞ്ചായത്തിന്റെ മുന്നേറ്റത്തിന് ആശംസകൾ നേരുന്നു. കരുത്തുറ്റ പഞ്ചായത്ത് ഭരണസമിതിയും നാടിന്റെ പുരോഗതിയിൽ പങ്കാളികളാകാൻ വെമ്പൽ കൊള്ളുന്ന ജനങ്ങളും വെളിയന്നൂരിന്റെ അനുഗ്രഹമാണ്. പുരോഗതി ലക്ഷ്യം വെച്ചുള്ള നിങ്ങളുടെ പോരാട്ടത്തിൽ എല്ലാ പിന്തുണയും സഹകരണങ്ങളും ഞാൻ വാഗ്ദാനം ചെയ്യുന്നു. വിജയങ്ങൾ ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

ജോയി നടുക്കര എം.പി.

വെളിയന്നൂർ ഗ്രാമ പഞ്ചായത്ത്
വികസന റിപ്പോർട്ട്

എഡിറ്റർ : സി.പി.ജോയി ചിറയത്ത്

സബ് എഡിറ്റേഴ്സ് : എ.കെ.പി മാരാർ - നെടുമ്പള്ളിൽ
രവി മൂലയിൽ
വി.ഐ. മാമ്മച്ചൻ - തൈപ്പറമ്പിൽ (R.P)
ജെയിംസ്. എം. പോൾ - മണ്ഡപത്തിൽ (D.R.P)
ജോസ് മാത്യു - വാലിമറ്റത്തിൽ (R.P)

ശ്രീ ജോസഫ് ചാഴികാടൻ



പ്രതിമ വെളിയന്നൂർ ജംഗ്ഷനിൽ സ്ഥാപിക്കുന്നു.

പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ.കെ.ജെ.ജോയിയും ശില്പി അപ്പുക്കുട്ടനും

വെളിയന്നൂർ ഗ്രാമ പഞ്ചായത്ത്



പൊഫ. കെ.ജെ.ജോയി
(പ്രസിഡന്റ്)



കെ. ഗോപാലൻ ശിവരാമൻ
വൈസ് പ്രസിഡന്റ്



സി.പി.ജോയി
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ



ആലീസ് സൈമൺ
മെമ്പർ-വാർഡ്-2



ജോൺ ഇട്ടിയവിര
മെമ്പർ-വാർഡ്-3



രാധാമണി പരമേശ്വരൻ
മെമ്പർ-വാർഡ്-5



ഷിബി മത്തായി
മെമ്പർ-വാർഡ്-7




ഇ.യു.കുര്യാക്കോസ് ഇല്ലിക്കൽ
പ്രഥമ പ്രസിഡന്റ്



എ.കെ.പി.മാരാർ
മെമ്പർ-വാർഡ്-8

ഉള്ളടക്കം

I		ആമുഖം
II		പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും
III		സാമൂഹിക ചരിത്ര പശ്ചാത്തലം
IV		ഭൂപ്രകൃതിയും വിഭവങ്ങളും
V		വികസന മേഖലകൾ
	1.	കൃഷിയും ജലസേചനവും
	2.	മൃഗസംരക്ഷണവും മത്സ്യകൃഷിയും
	3.	വ്യവസായം
	4.	ഊർജ്ജവും ഗതാഗതവും
	5.	പാർപ്പിടവും സാമൂഹ്യക്ഷേമവും
	6.	ആരോഗ്യവും കുടിവെള്ളവും
	7.	വിദ്യാഭ്യാസം
	8.	സംസ്കാരം
	9.	വനിത
	10.	പട്ടികജാതി പട്ടികവർഗ്ഗം
	11.	സഹകരണം
	12.	വിഭവസമാഹരണം
VI		ഉപസംഹാരം


N
NOT TO SCALE

I അമുഖം

നമ്മുടെ രാഷ്ട്ര പിതാവായ മഹാത്മജി സ്വപ്നം കണ്ട **ഗ്രാമ സ്വരാജ്** സ്വാതന്ത്ര്യം ലഭിച്ച് 50 വർഷം കഴിഞ്ഞിട്ടും യാഥാർത്ഥ്യമാകുകയുണ്ടായില്ല. ഓരോഗ്രാമവും സ്വയം പര്യാപ്തത നേടുക യെന്നതായിരുന്നു അദ്ദേഹം വിഭാവനം ചെയ്ത ഗ്രാമ സ്വരാജ്. എന്നാൽ ഗ്രാമങ്ങളെ മറന്നു കൊണ്ട് കേന്ദ്രീകൃത ആസൂത്രണവും പദ്ധതികളും മേലേതട്ടിൽ നിന്നും അടിച്ചേൽപ്പിച്ചുകൊണ്ടുള്ള നടപടികളാണ് കഴിഞ്ഞ 50 വർഷമായി നടന്നുകൊണ്ടിരിക്കുന്നത്. തൻമൂലം ഓരോഗ്രാമത്തിനും ആവശ്യമായ സ്വതന്ത്ര ആസൂത്രണ പദ്ധതികൾ ഇല്ലാതായി. ഡൽഹിയിൽ നിന്നും, തിരുവനന്ത പുരത്തു നിന്നും ഉദ്യോഗസ്ഥ പ്രഭുക്കന്മാർ ആസൂത്രണം ചെയ്ത ചില പദ്ധതികളാണ് നമ്മുടെ പഞ്ചായത്തിനും ലഭിച്ചുകൊണ്ടിരുന്നത്. ടി പദ്ധതികൾ പലതും ജനപങ്കാളിത്തമില്ലാത്തതും അർഹ തപ്പെട്ടവർക്ക് ലഭിക്കാത്തതുമായിരുന്നു. പഞ്ചായത്തുകൾക്ക് ആവശ്യമായ അധികാരങ്ങളോ, ഫണ്ടുകളോ കാലാകാലങ്ങളിലുള്ള സർക്കാരുകൾ നല്കാതെ പഞ്ചായത്തുകളെ നോക്കുകുത്തികളാ ക്കി മാറ്റി. പഞ്ചായത്തു തിരഞ്ഞെടുപ്പുപോലും 16 വർഷം വരെ നീണ്ടുപോകുകയുണ്ടായി. എന്നാൽ 1992 ലെ 73-ാം ഭരണഘടനാ ഭേദഗതിമൂലം സംസ്ഥാനത്ത് ത്രിതല പഞ്ചായത്ത്‌രാജ് സംവിധാനം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുകയും ആയതിന്റെ വെളിച്ചത്തിൽ 1994 ലെ പഞ്ചായത്ത്‌രാജ് ആക്ട് പാസ്സാക്കി. തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ 1995 ഒക്ടോബർ 2-ാം തീയതി അധികാര ത്തിൽ വരികയുണ്ടായി.ടി പഞ്ചായത്ത്‌രാജ് ആക്ടിലെ ഏറ്റവും ശ്രദ്ധേയമായ കാര്യങ്ങൾ ഗ്രാമസഭ സ്ത്രീകളുടെ 1/3 റിസർവേഷൻ, ധനകാര്യകമ്മീഷൻ, കൃത്യമായ തിരഞ്ഞെടുപ്പ് എന്നത് പഞ്ചായ ത്തുകളുടെ പ്രാധാന്യതയെ വർദ്ധിപ്പിക്കുകയുണ്ടായി. ഈ സാഹചര്യത്തിലാണ് 9-ാം പദ്ധതി ചർച്ച കളും, വികേന്ദ്രീകരണ ആസൂത്രണവും ,ജനപങ്കാളിത്തവും എന്ന നൂതന ആശയം ഉടലെടുക്കുകയും സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ആഭിമുഖ്യത്തിൽ ഗ്രാമതലം തൊട്ട് സംസ്ഥാന തലം വരെ ജനപ ങ്കാളിത്തത്തോടുകൂടിയ ആസൂത്രണ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള വലിയ ജന മുന്നേറ്റം തന്നെ നടന്നുകൊണ്ടിരിക്കുന്നത്.

ഈ ജനമുന്നേറ്റത്തിൽ പങ്കുചേർന്നുകൊണ്ട് നമ്മുടെ പഞ്ചായത്തും മുൻപോട്ടുപോകുന്ന ഈ അവസരത്തിൽ നമ്മുടെ പഞ്ചായത്തിനെ പ്പറ്റിയും അല്പം വിലയിരുത്തേണ്ടത് ആവശ്യമാണെന്ന് കരുതുന്നു. കോട്ടയം ജില്ലയുടെ ഏറ്റവും വടക്കുഭാഗത്തായി ചെറുതും വലുതുമായ കുന്നുകളുടേയും, താഴ്വരകളുടേയും സമന്വയമാണ് നമ്മുടെ പഞ്ചായത്ത്. സമീപപഞ്ചായത്തുകളായ കൂത്താട്ടുകുളം ഉഴവൂർ, രാമപുരം, ഇലഞ്ഞി പഞ്ചായത്തുകളുടെ വളർച്ച ഒരു പരിധി വരെ നമ്മുടെ പഞ്ചായത്തി ന്റെ വളർച്ചയെ മുരടിപ്പിച്ചു കളഞ്ഞു.ഒരു മാർക്കറ്റോ,സിനിമാ തിയേറ്ററോ,ബസ്സ്റ്റാന്റോ,ഫാക്ടറിയോ ഒന്നും ഇല്ലാത്ത കേരളത്തിലെ അപൂർവ്വം ചില പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടെ പഞ്ചായത്ത് .എന്നാൽ ചിലവുകളുടെ കാര്യത്തിൽ മറ്റുപഞ്ചായത്തുകളോടൊപ്പം വഹിക്കേണ്ടി വരുന്ന നമ്മുടെ പഞ്ചായത്തിന്റെ നിലനില്പുതന്നെ ഒരു വെല്ലുവിളിയാണ്. സർക്കാരിന്റെ ഗ്രാന്റുകൾ, എം.പി, എം.എൽ.എ ഫണ്ടുകൾമൂലം മാത്രമാണ് കഴിഞ്ഞകാലങ്ങളിൽ കുറച്ചെങ്കിലും വികസനം നേടിയെ ടുക്കാൻ സാധിച്ചത്. ഇടത്തരക്കാരും സാധാരണക്കാരുമായ കർഷകരും കർഷകതൊഴിലാളികളും ഇടതിങ്ങിപാർക്കുന്ന നമ്മുടെ പഞ്ചായത്തിന്റെ ഏറ്റവും വലിയപ്രശ്ന ങ്ങൾ കുടിവെള്ളം, വഴി, വെളിച്ചം,പാർപ്പിടം , ശുചിത്വം എന്നിവയാണ്. കുടിവെള്ളപ്രശ്നത്തിന് ഒരു വൻകിട പദ്ധതിയും 17 ചെറുകിട പദ്ധതികളും ആവിഷ്ക്കരിക്കുകയുണ്ടായി. വൻകിട പദ്ധതി കടലാസിൽ തന്നെയാണെങ്കിലും ചെറുകിട പദ്ധതി ജനപങ്കാളിത്തത്തോടുകൂടി വിവിധ വാർഡുകളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആയതിൽ 4 പദ്ധതികൾ പൂർത്തീകരിക്കുകയും പലതും പകുതി വഴി പിന്നിട്ടുകഴിഞ്ഞു. ജനകീയ പങ്കാളിത്തം മാത്രമാണ് ഈ പദ്ധതികളുടെയെല്ലാം വിജയം. ശുചീകരണ കാര്യത്തിലും ജനപങ്കാളിത്തത്തോടു കൂടി സമ്പൂർണ്ണ സാനിട്ടേഷൻ പദ്ധതി പഞ്ചായത്തു കമ്മിറ്റി അധികാരത്തിൽ വന്നശേഷം തീരു മാനിക്കുകയുണ്ടായി. ആയതിന്റെ ഭാഗമായി 126 കുടുംബങ്ങൾക്ക് ഈ സൗകര്യം ലഭിക്കുകയുണ്ടായി. കോട്ടയം ജില്ലാ സമ്പൂർണ്ണ സാനിട്ടേഷൻ (നിർമ്മൽ 2000) പദ്ധതിയിലും 9-ാം പദ്ധതിയിലും

ഉംപ്പെടുത്തി നമ്മുടെ പഞ്ചായത്തിനെ സമ്പൂർണ്ണ സാനിട്ടേഷൻ പഞ്ചായത്താക്കുവാൻ സാധിക്കും എന്ന കാര്യത്തിൽ സംശയമില്ല. ജനപങ്കാളിത്തം മാത്രമാണ് ഈ പദ്ധതിയുടെ വിജയവും. 9-ാം പദ്ധതി തന്നെ ജനപങ്കാളിത്തത്തോടുകൂടി ആവിഷ്ക്കരി ക്കുവാൻ പോകുന്ന ഈ സന്ദർഭത്തിൽ നമ്മുടെ പഞ്ചായത്തിന്റെ പ്രശ്നങ്ങം ഒരു പരിധി വരെ പരിഹരിക്കുവാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു.

9-ാം പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് നമ്മുടെ പഞ്ചായത്തിന്റെ ഒരു വികസന റിപ്പോർട്ട് ഉണ്ടാക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. പഞ്ചായത്തുമെമ്പർമാർ , രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകർ, ഉദ്യോഗസ്ഥന്മാർ, റിട്ടയേർഡ് ഉദ്യോഗസ്ഥന്മാർ തുടങ്ങിയ വിവിധ മേഖലകളിലുള്ളവരുടെ നിസ്വാർത്ഥവും ത്യാഗോജ്വലവുമായ പ്രവർത്തനം മൂലം മാത്രമാണ് ഈ റിപ്പോർട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കുവാൻ സാധിച്ചത്. മാസങ്ങളോളം നടന്ന വിവിധ ചർച്ചകം,ക്ലാസ്സുകം,പഠനങ്ങം എന്നിവക്കുശേഷമാണ് ഈ റിപ്പോർട്ട് രൂപീകരിക്കുന്നത്. സമയ ബന്ധിത പ്രവർത്തനങ്ങം എന്ന നിലയിൽ പോരായ്മകം ഉണ്ടെങ്കിൽ തന്നെയും കുറഞ്ഞ കാലഘട്ടം കൊണ്ട് ഏതാണ്ട് എല്ലാ മേഖലകളേയും സ്പർശിക്കുവാൻ സാധിച്ച ഈ റിപ്പോർട്ട് നമ്മുടെ പഞ്ചായത്തിന് ഒരു മുതൽക്കൂട്ടു തന്നെയാണ്.

ജനകീയ ആസൂത്രണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി പഞ്ചായത്തു കമ്മിറ്റി ആത്മാർത്ഥമായി ശ്രമിക്കുകയുണ്ടായി. ആസൂത്രണത്തിന്റെ പഞ്ചായത്തു കോർഡിനേറ്ററായി സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ശ്രീ സി.പി.ജോയിയേയും, പഞ്ചായത്തുമെമ്പർ എ.കെ.പി.മാരാരേയും ചുമതലപ്പെടുത്തുകയുണ്ടായി. ജില്ലാതല ക്യാമ്പിലേക്ക് 5 പേരെ അയക്കുകയും 3 ദിവസം നീണ്ടുനിന്ന ക്യാമ്പിൽ അവർ പങ്കെടുക്കുകയുണ്ടായി. തുടർന്ന് 75 പേർ അടങ്ങുന്ന പഞ്ചായത്തുതല ഏകദിന ശില്പശാല നടത്തുകയും പഞ്ചായത്തുതല റിസോഴ്സ് പേഴ്സണിനെ തെരെഞ്ഞെടുക്കുകയും അവർ വാർഡുതല പ്രവർത്തനങ്ങംക്ക് നിയോഗിക്കുകയുണ്ടായി. തുടർന്ന് 8 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകം ചേരുകയും ഓരോ ഗ്രാമത്തിന്റേയും പ്രശ്നങ്ങം 12 വിഷയങ്ങളായി 7 ഗ്രൂപ്പുകളായി ചർച്ച ചെയ്ത് തീരുമാനങ്ങം എടുക്കുകയുണ്ടായി. തുടർന്ന് ബ്ലോക്കുതല ശില്പശാലയിൽ കൂടുതൽ അംഗങ്ങളെഅയക്കുകയുണ്ടായി. വീണ്ടും പഞ്ചായത്തു തല റിസോഴ്സ് പേഴ്സൺന്റെ യോഗം വിളിച്ചുകൂട്ടി. ദ്വിതീയ വിവരശേഖരണത്തിന് 2 പേർ വീതമുള്ള 12 ഗ്രൂപ്പുകം രൂപീകരിക്കുകയുണ്ടായി. കൂടാതെ പഞ്ചായത്ത് വൈസ് പ്രസി. കെ.ഗോപാലൻ ശിവരാമന്റെ നേതൃത്വത്തിൽ 10 പേർ അടങ്ങുന്ന ഉടൻ പഠന പര്യടന കമ്മിറ്റിയേയും തിരഞ്ഞെടുക്കുകയുണ്ടായി. അതോടൊപ്പം ചരിത്ര പഠന കമ്മിറ്റി ശ്രീ.പി.കെ. ബാലകൃഷ്ണ പിള്ള, ശ്രീ. വി.ആർ.സി. നായർ, എം.ഇ. പത്രോസ്, എൻ.ശിവരാമൻ നായർ, വി.യു.ജോൺ തുടങ്ങിയവരെ ഉംപ്പെടുത്തി രൂപീകരിക്കുകയുണ്ടായി. കൂടാതെ ഈ പഞ്ചായത്തിലെ വിവിധ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം ചേർന്ന് വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. അടുത്തതായി 7 ഗ്രൂപ്പുകളിലും ഉംപ്പെട്ട 12 വിഷയങ്ങളെ സംബന്ധിച്ച് വിവിധ പഠനങ്ങളും റിപ്പോർട്ടുകളും ക്രോഡീകരിച്ചുകൊണ്ട് പഞ്ചായത്തിന്റെ സമഗ്രമായ റിപ്പോർട്ട് രൂപീകരിക്കുകയുണ്ടായി.

ചരിത്രത്തിൽ ആദ്യമായിമാത്രമാണ് നമ്മുടെ പഞ്ചായത്തിന്റെ ഒരു വികസന റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നത്. ആയതിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ച എല്ലാവർക്കും പഞ്ചായത്തിനുവേണ്ടി പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. മഹാത്മജിയുടെ സ്വപ്നം പൂർണ്ണമായിട്ടല്ലങ്കിൽ പോലും പൂവണിയട്ടെയെന്ന് നമ്മുക്ക് പ്രത്യാശിക്കാം.

പ്രൊഫ. കെ.ജെ.ജോയി

പഞ്ചായത്ത് പ്രസിഡന്റ്

II പൊതു വിവരങ്ങളും ഭരണപരമായ ചരിത്രവും

പഞ്ചായത്തിന്റെ പേര്	: വെളിയന്നൂർ ഗ്രാമ പഞ്ചായത്ത്.
ഉൾപ്പെടുന്ന വില്ലേജുകൾ	: വെളിയന്നൂർ, (ഉഴവൂർ -മോനിപ്പള്ളി ഭാഗീകം.)
ബ്ലോക്ക് പഞ്ചായത്ത്	: ഉഴവൂർ.
ജില്ലാ പഞ്ചായത്ത് നിയോജക മണ്ഡലം	: രാമപുരം.
താലൂക്ക്	: മീനച്ചിൽ.
അസംബ്ലി മണ്ഡലം	: പാലാ.
പാർലമെന്റ് മണ്ഡലം	: മൂവാറ്റുപുഴ.
ജില്ല	: കോട്ടയം.
വിസ്തീർണ്ണം	: 19.49 ച.കി. മീ.
അതിരുകൾ	: വടക്ക് - കൂത്താട്ടുകുളം, പാലക്കുഴ ഗ്രാമ പഞ്ചായത്തുകൾ. കിഴക്ക് - പുറപ്പുഴ - രാമപുരം ഗ്രാമ പഞ്ചായത്തുകൾ തെക്ക് - രാമപുരം - ഉഴവൂർ ഗ്രാമപഞ്ചായത്തുകൾ. പടിഞ്ഞാറ് - ഇലഞ്ഞി - ഉഴവൂർ ഗ്രാമ പഞ്ചായത്തുകൾ.
രേഖാംശം	: 70ഡിഗ്രിക്കും -77 ഡിഗ്രിക്കും ഇടക്ക്.
അക്ഷാംശം	: 9ഡിഗ്രിക്കും - 10 ഡിഗ്രിക്കും ഇടക്ക്.
ജനസംഖ്യ	: 11333 (1991)
ജനസാന്ദ്രത	: 581
പഞ്ചായത്ത് ഗ്രേഡ്	: രണ്ട്.
വീടുകളുടെ എണ്ണം	: 2379 (1991)
''	: 2803 (1996)
വാർഡുകൾ	: എട്ട്.

പ്രസിഡന്റ്	: പ്രൊഫ. കെ.ജെ.ജോയി.
വൈസ്. പ്രസിഡന്റ്	: കെ. ഗോപാലൻ ശിവരാമൻ.
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	: സി.പി. ജോയി.
പഞ്ചായത്തുസമിതി അംഗങ്ങൾ	: ജോൺ ഇട്ടിയവിര
	: എ.കെ. പരമേശ്വരമാരാർ
	: ആലീസ് സൈമൺ
	: രാധാമണി പരമേശ്വരൻ നമ്പൂതിരി
	: ഷിബി മത്തായി.
സെക്രട്ടറി	: കെ.ബി.കുട്ടപ്പൻ
സ്റ്റാഫ്	: ഹെഡ് ക്ലാർക്ക് -1
	: യു.ഡി. ക്ലാർക്ക് -1
	: എൽ.ഡി.ക്ലാർക്ക് -1
	: പ്യൂൺ -1
	: പാർടൈം
	ജീവനക്കാർ -3

ആദ്യകാലത്ത് ഉഴവൂർ വെളിയന്നൂർ ഉൾപ്പെട്ട പ്രദേശങ്ങൾ, ഉഴവൂർ പഞ്ചായത്ത് എന്ന പേരിൽ വെളിയന്നൂർ ആസ്ഥാനമായി പ്രവർത്തിച്ചിരുന്നു. ശ്രീ. എം.ജെ. എബ്രഹാം മൈലാടും കുന്നേൽ പുതുവേലി ഒന്നായികിടന്നിരുന്ന ഉഴവൂർ പഞ്ചായത്തിന്റെ പ്രസിഡന്റായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1972 ഡിസംബർ മാസം 1-ാം തീയതി 31790/MP special 4/72 LASWD L&SW (M.P. Special) ഗവ.ഉത്തരവുപ്രകാരം ഉഴവൂർ പഞ്ചായത്തിനെ വിഭജിച്ച് വെളിയന്നൂർ പഞ്ചായത്ത് നിലവിൽ വരികയും ശ്രീ. ഇ.യു. കുര്യാക്കോസ് ഇല്ലിക്കൽ, ശ്രീ.പി.ജെ. ലൂക്കാ പുത്തൻപുരക്കൽ, ശ്രീ.കെ.കെ. നാരായണൻ കഴുനാക്കൽ. ശ്രീ.റ്റി.പി. ഗോവിന്ദ കൈമൾ തുമ്പകോണത്ത് എന്നിവർ നോമിനേറ്റഡ് ഭരണസമിതി അംഗങ്ങളായി അധികാരത്തിൽ വരികയും ചെയ്തു.

ശ്രീ. ഇ.യു. കര്യാക്കോസ് ഇല്ലിക്കൽ ഈ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ഈ ഭരണ സമിതി 10-7-1977 വരെ തുടർന്നു. പിന്നീട് G.O.M.S 155 /77 LASWD ഉത്തരവിൻ പ്രകാരം പഞ്ചായത്ത് അഡ്മിനിസട്രേറ്റീവ് കമ്മറ്റി പുനഃ സംഘടിപ്പിച്ചു.

പുന ഃ സംഘടിപ്പിക്കപ്പെട്ട കമ്മറ്റിയിലെ അംഗങ്ങൾ ശ്രീ. ഇ.യു. കുര്യാക്കോസ് ഇല്ലിക്കൽ, ശ്രീ. കെ. ഐ. നാരാ യണൻ , ശ്രീ. കെ.ജെ.രാമൻ നമ്പൂതിരി, ശ്രീ. റ്റി.പി.ഗോവിന്ദ കൈമൾ, ശ്രീ. ചന്ദ്രൻ പരമേശ്വരൻ, ശ്രീമതി . തങ്കമ്മ മാത്യൂ എന്നിവരാണ്. ഇവരുടെ കാലാവധി 26-9-1979 വരെയായിരുന്നു. ഇതിനു ശേഷം 27-9-1979ൽ ശ്രീ.വി.എൽ.ലൂക്ക് വെട്ടിക്കൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട സമിതി അധികാരത്തിൽ വന്നു. ഈസമിതിയിൽ ശ്രീ.എ.സി. സൈമൺ, ശ്രീ.വി.ഐ. ഗീവറുഗീസ്, ശ്രീമതി. ഏലിയാമ്മ ഉലഹന്നൻ, ശ്രീമതി . തങ്കമ്മ മാണി, ശ്രീ. എം. കെ. രവീന്ദ്രനാഥൻ നായർ, ശ്രീ.ജോസഫ് സ്കറിയ, ശ്രീ.പി.ജെ. വർഗീസ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണ്. 1981 ൽ ശ്രീ വി.എൽ ലൂക്കിന്റെ നിര്യാണത്തെ തുടർന്ന് ശ്രീ.വി.ഐ.ഗീവർഗീസ് പ്രസിഡന്റായി കമ്മറ്റി തുടർന്നു. ഈ ഭരണസമിതിയുടെ കാലാവധി 24-10-1984 വരെ ഉണ്ടായിരുന്നു. തുടർന്ന് 2-2-1988 വരെയുള്ള കാലഘട്ടത്തിൽ താലൂക്ക് പഞ്ചായത്ത് ഓഫീസറുടെ ഭരണത്തിൻ കീഴിലായിരുന്നു.

തെരഞ്ഞെടുപ്പിലൂടെ പ്രൊഫ.കെ.ജെ.ജോയി,ശ്രീ.എ.സി. സൈമൺ, ശ്രീ.ജോൺസി ഫിലിപ്പോസ്, ശ്രീമതി അമ്മിണി ബേബി, ശ്രീ. വി.ആർ. ചന്ദ്രശേഖരൻ നായർ, ശ്രീമതി എ.എസ്. രത്നമ്മ, ശ്രീ എം.എ. രാഘവൻ , ശ്രീ എൻ.വി. പരമേശ്വരൻ, എന്നിവർ 6-2-1988 മുതൽ അധികാരത്തിൽ വന്നു. ഈ സമിതിയുടെ പ്രസിഡന്റ് ശ്രീ. ജോൺസി ഫിലിപ്പോസ് ആയിരുന്നു. ഈ കമ്മറ്റിയുടെ കാലാവധി 30-9-1995 വരെയായിരുന്നു.

പുതിയ പഞ്ചായത്തീരാജ് നിലവിൽ വന്നതിനുശേഷം നടന്ന തിരഞ്ഞെടുപ്പിലൂടെയാണ് ഇപ്പോഴത്തെ നിലവിലുള്ള ഭരണ സമിതി 4-10-1995ൽ നിലവിൽ വന്നത്. 1-ാം വാർഡിൽ നിന്ന് പ്രൊഫ. കെ.ജെ. ജോയി മുപ്രാപ്പിള്ളിൽ അരീക്കരയും ,2-ാം വാർഡിൽ നിന്നും ശ്രീമതി ആലീസ് സൈമൺ പത്തുപറയിൽ അരീക്കരയും, 3-ാം വാർഡിൽ നിന്നും ശ്രീ. ജോൺ ഇട്ടിയവിര ഉറവക്കുഴിയിൽ പുതുവേലിയും , 4-ാം വാർഡിൽനിന്നും ശ്രീ.സി.പി.ജോയി ചിറയത്ത് പുതുവേലിയും, 5-ാം വാർഡിൽനിന്നും ശ്രീമതി രാധാമണി പരമേശ്വരൻ നമ്പൂതിരി പടിഞ്ഞാറേ തുറക്കൂർ ഇല്ലവും , 6-ാം വാർഡിൽ നിന്നും ശ്രീ.ഗോപാലൻ ശിവരാമൻ കുമരേലിൽ പുതുവേലിയും, 7-ാം വാർഡിൽ നിന്നും ശ്രീമതി. ഷിബി മത്തായി കുന്നത്തുമലയിൽ താമരക്കാടും, 8-ാം വാർഡിൽ നിന്നും ശ്രീ എ.കെ. പരമേശ്വര മാരാർ നെടുമ്പിള്ളിൽ പൂവക്കുളവും തിരഞ്ഞെടുക്കപ്പെട്ടു.

ഈ ഭരണ സമിതിയുടെ പ്രസിഡന്റായി പ്രൊഫ. കെ.ജെ.ജോയി മുപ്രാപ്പിള്ളിയും,വൈസ്. പ്രസിഡന്റായി ശ്രീ ഗോപാലൻ ശിവരാമനും,സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായി ശ്രീ.സി.പി.ജോയി ചിറയത്തും തെരഞ്ഞെടുക്കപ്പെട്ടു.

നിലവിലുള്ള ഭരണ സമിതി ഒത്തൊരുമയോടെ പഞ്ചായത്തിന്റെ സർവ്വോന്മുഖമായ വികസനത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

* * * *

III സാമൂഹ്യ ചരിത്ര പശ്ചാത്തലം

കേരള സംസ്ഥാനത്ത് കോട്ടയം ജില്ലയിൽ ഏറ്റവും വടക്കേ അറ്റത്തു സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമമാണ് വെളിയന്നൂർ . തിരുവിതാംകൂർ രാജ്യത്തിന്റെ വടക്കേഅറ്റത്തായിട്ടായിരുന്നു ഈ ഗ്രാമം സ്ഥിതി ചെയ്തിരുന്നത്. പൂവക്കുളം ഭാഗം കൈമാംമാരുടേതും,വെളിയന്നൂർ, പുതുവേലി, താമരക്കാടു ഭാഗങ്ങം നമ്പൂതിരി കുടുംബാംഗങ്ങളുടേയും കൈവശത്തിലും ഉടമസ്ഥതയിലും ആയിരുന്നു. കാടുപിടിച്ചു കിടന്നിരുന്ന ഈ പ്രദേശത്തേക്ക് കുടിയേറ്റം മൂലം ക്രൈസ്തവരും മറ്റു വിഭാഗത്തിൽപ്പെട്ടവരും കടന്നു വരികയുണ്ടായി. ഭൂ ഉടമക്കന്മാരുടെ കൈവശത്തിൽ ഇരുന്ന ഈ പ്രദേശത്തേക്ക് കുടിയേറ്റം മൂലം ജനസാന്ദ്രത വർദ്ധിക്കുകയുണ്ടായി. ടി കുടിയേറ്റത്തിലെ പ്രധാന കണ്ണിയാണ് ചാഴികാട്ട് കുടുംബത്തിന്റെ കുടിയേറ്റം. കൃഷിയും മൃഗ സംരക്ഷണവുമായി ജീവിതം നയിച്ചു കൊണ്ടിരുന്ന അക്കാലത്ത് കൃഷി നഷ്ടവും ജീവിതം ദുഷ്കരവുമായിരുന്നു. നെൽകൃഷിയും,തന്നാണ്ടു കൃഷികളുമായിരുന്നു കൃഷികം. ശാസ്ത്രീയമായ കൃഷി രീതികം ആവിഷ്കരിച്ചിട്ടില്ലാത്തതിനാൽ ആദായം വളരെ കുറവായിരുന്നു. ഏക്കറുകളോളം കൃഷി ചെയ്താലും ക്ഷ്യാവശ്യത്തിനു പോലും വിഭവങ്ങം ലഭിക്കാറില്ലായിരുന്നു. വന്യമൃഗങ്ങളുടെ ശല്യവും പ്രകൃതി ദോഷങ്ങളും അവരെ ദാരിദ്രത്തിലേക്കു നയിച്ചു. അന്നത്തെ സമ്പന്ന കുടുംബങ്ങളിലെ ആഹാരം പാലും,പനന്തുറുക്കുകൊണ്ടുള്ള വിഭവങ്ങളായിരുന്നു.

വിദ്യാഭ്യാസ വളർച്ചയിൽ ഈ ഗ്രാമം മറ്റു ഗ്രാമങ്ങളെക്കാം വളരെ മുമ്പിലായിരുന്നു. 100 വർഷം പിന്നിട്ട അരീക്കര സെന്റ്.റോക്കീസ് യു.പി. സ്കൂം ഇക്കാര്യത്തിൽ മുൻപിട്ടു നിൽക്കുന്നു മംഗലാപുരം,പാളയംകോട് തുടങ്ങിയ സ്ഥലങ്ങളിൽ പോയി ഇംഗ്ളീഷ് വിദ്യാഭ്യാസം നേടിയ മഹത് വ്യക്തികം മുമ്പ് ഉണ്ടായിരുന്നു എന്നത് നമ്മുടെ ഗ്രാമത്തിന്റെ അഭിമാനമാണ്. നൂറ്റാണ്ടുകംക്കു മുമ്പു തന്നെ ചാഴികാട്ടു കുടുംബത്തിൽ പ്പെട്ട ഒരു വൈദികൻ തമിഴ്നാട്ടിൽ പോയി പ്രേഷിത പ്രവർത്തനം നടത്തിയിരുന്നു എന്നതും നമ്മുക്ക് അഭിമാനകരം തന്നെ. ഈ പഞ്ചായത്തിലെ ആദ്യ ഹൈസ്കൂളായിവന്ദേമാതരം ഹൈസ്കൂം ഉയരുകയും ആയത് 25 വർഷം പിന്നിടുകയും ചെയ്തു. ഉഴവൂർ,കൂത്താട്ടുകുളം , രാമപുരം ഹൈസ്കൂളുകളും ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജും ഈ ഗ്രാമത്തിന്റെ വിദ്യാഭ്യാസ വളർച്ചക്ക് സംഭാവനകം നല്കുകയുണ്ടായി.

സ്വാതന്ത്ര സമരത്തിൽ നമ്മുടെ ഗ്രാമവും നമ്മുടേതായ പങ്കു വഹിക്കുകയുണ്ടായി. ശ്രീ. ജോസഫ് ചാഴികാടൻ, ശ്രീ. വി.യു.ജോൺ വാഴലാനിയിൽ, ശ്രീ .പി.കെ. രാമൻ നായർ, മണിമല പൂവക്കുളം, മലയിൽ പിള്ള പുതുവേലി തുടങ്ങിയ പ്രഗത്ഭർ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് അറസ്റ്റു വരിക്കുകയുണ്ടായി.

കൂത്താട്ടുകുളം ഗ്രാമവുമായുള്ള അടുപ്പവും ബന്ധവുമാണ് നമ്മുടെ ഗ്രാമത്തിലേക്കും കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ വിത്തുകം പാകാൻ ഇട വന്നത്.

ഈ ഗ്രാമത്തിന്റെ രാഷ്ട്രീയാചാര്യനായ ശ്രീ. ജോസഫ് ചാഴികാടൻ Ex.M.L.A. , വെളിയന്നൂരിനെ കേരളത്തിന്റെ ചരിത്രത്തിൽ നിറക്കൂട്ടുകം ചാർത്തുകയുണ്ടായി. വർഷങ്ങംക്കു മുമ്പ് ആരംഭിച്ച വെളിയന്നൂർ - കോട്ടയം ട്രാൻസ്പോർട്ട് സർവ്വീസ് ഈ ഗ്രാമത്തെ കോട്ടയം ജില്ലയിലും സംസ്ഥാനത്തും അറിയപ്പെട്ടതാക്കി. ഈ പഞ്ചായത്തിന്റെ ആസ്ഥാനത്തിനുവേണ്ട സ്ഥലം സംഭാവന ചെയ്തത് ശ്രീ എം.എൻ. നാരായണൻ ഇളയത് (ഇളയതു സാർ) നാടിനും അദ്ധ്യാപകർക്കും ഒരു മാതൃകാപുരുഷനായിരുന്നു. ശ്രീ. തോമസ് ചാഴികാടൻ എം.എൽ.എ, അകാലത്തിൽ അന്തരിച്ച യുവജനനേതാവ് ശ്രീ. ബാബു ചാഴികാടൻ എന്നിവർ നമ്മുടെ ഗ്രാമത്തിന്റെ സംഭാവനകളാണ്.

ആരോഗ്യ രംഗത്ത് നമ്മുടെ ഗ്രാമം വേണ്ടത്ര ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. നാട്ടു വൈദ്യന്മാർ, വിഷ ചികിത്സകർ,മൃഗ വൈദ്യന്മാർ എന്നീ മേഖലകളിലും പ്രഗത്ഭരായ വ്യക്തികം നമ്മുടെ ഗ്രാമത്തിലും അവരുടേതായ സംഭാവനകം നല്കിയിരുന്നു. അവരിൽ പ്രഗത്ഭരായിരുന്നു മൂലയിൽ കൊച്ചാതി വൈദ്യൻ, പെരുമാലിൽ കുട്ടൻ വൈദ്യൻ,നിർണാംതൊട്ടിയിൽ കൊച്ചേട്ടൻ,മൂലയിൽ കുട്ടപ്പൻ വൈദ്യൻ

കാവാലിൽ കുഞ്ഞൻ വൈദ്യൻ, മുഴയൻമാനാൽ നീലകണ്ഠൻ,തേവരുപറമ്പിൽ മത്തായി വൈദ്യൻ മുതലായവർ.

വിവിധ ജാതി,മത,രാഷ്ട്രീയത്തിൽ വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ശാന്ത സ്വഭാവക്കാരായ ജനങ്ങൾ ഈ ഗ്രാമത്തിൽ സഹവർത്തിത്വത്തോടെ ജീവിച്ചു വരുന്നു. ഉത്സവങ്ങളും, തിരുനാളുകളും,ഓണവും, ക്രിസ്തുമസും എല്ലാം എല്ലാവരുടേയും ആഘോഷമായി മാറിയിരിക്കുന്നു.

IV ഭൂപ്രകൃതിയും വിഭവങ്ങളും

വെളിയന്നൂർ ഗ്രാമപഞ്ചായത്ത് കോട്ടയം ജില്ലയുടെ വടക്കേ അറ്റത്ത് എറണാകുളം ഇടുക്കി ജില്ലയോട് ചേർന്നു കിടക്കുന്നു. അതിനാൽ ഈ പ്രദേശം പലപ്പോഴും അവഗണിക്കപ്പെട്ടിരുന്നു. ഈ പഞ്ചായത്തിലെ ഭൂപ്രദേശം കിഴക്കു നിന്നും പടിഞ്ഞാറോട്ട് ചരിവുള്ളതും തെക്കു വടക്കായി നാലു ഭാഗമായി ഉയർന്ന കുന്നിൻ പ്രദേശങ്ങളും താഴെ സമതലപ്രദേശങ്ങളും അതിനുതാഴെ നെൽപാടങ്ങളും തോടുകളുമായി ചേർന്നുകിടക്കുന്നു. ആകെയുള്ള ഭൂമിയുടെ 70 % ചരിവുള്ള കുന്നിൻ പ്രദേശമാണ്. ചില ഭാഗങ്ങളിൽ പാറക്കെട്ടുകളുമുണ്ട്. 20 % സമതല പ്രദേശങ്ങളും 10 % നെൽപാടങ്ങളുമാണ്.

ജലലഭ്യത

ഡിസംബർ മാസം മുതൽ മെയ്മാസം വരെ വരണ്ട കാലാവസ്ഥ അനുഭവപ്പെടുന്നതിനാൽ ഈ കാലയളവിൽ തോട്, കുളങ്ങൾ,കിണറുകൾ തുടങ്ങിയവ വറ്റി വരണ്ടുപോകുന്നു. ആയതിനാൽ രൂക്ഷമായ ശുദ്ധജലക്ഷാമം പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു.

കാർഷികപ്രാധാന്യമുള്ള വെളിയന്നൂർ പഞ്ചായത്തിൽ പ്രധാനമായും മഴയെ ആശ്രയിച്ചുള്ള ജലസാധ്യതയാണ് ഉള്ളത്. ഇവിടെ ലഭിക്കുന്ന മഴയുടെ ശരാശരി കണക്ക് പഞ്ചായത്തുതലത്തിൽ ലഭ്യമല്ല. ജില്ലാതലത്തിലുള്ള മഴയുടെ ശരാശരി കണക്ക് താഴെ പട്ടികയിൽ ചേർക്കുന്നു. ഇടുക്കി, എറണാകുളം ജില്ലകളോടു ചേർന്നുകിടക്കുന്നതിനാൽ ഇവിടെ ലഭിക്കുന്ന മഴയുടെ കണക്കുകളിൽ വ്യത്യാസം ഉണ്ടാകാം.

മഴയുടെ കണക്ക്	മില്ലീമീറ്റർ	
1975 -76	2881	
1976 -77	2953	
1977 -78	3333	
1978 -79	2525	
1979 -80	2293	
1980 -81	2971	
1981 -82	2204	വാർഷികമഴയുടെ അളവ്
1982 -83	1059	ജൂലൈ മുതൽ ജൂൺ വരെ.
1983 -84	2939	
1984 -85	3404	
1985 -86	1885	
1986 -87	1942	
1987 -88	2427	
1988 -89	2998	
1989 -90	2855	
1990 -91	3210	
1991 -92	2622	
1992 -93	3308	

1993 -ലെ മഴയുടെ മാസം തിരിച്ചുള്ള ശരാശരി കണക്ക്

കോട്ടയം ജില്ല

ജനുവരി	- Nil	ജൂലൈ	- 816.1
ഫെബ്രുവരി	-14.6	ആഗസ്റ്റ്	- 174.1
മാർച്ച്	- 13.2	സെപ്റ്റംബർ	- 109.6
ഏപ്രിൽ	- 76.5	ഒക്ടോബർ	- 593.4
മെയ്	- 222.1	നവംബർ	- 190.1
ജൂൺ	- 837.6	ഡിസംബർ	- 60.2

കോട്ടയം ജില്ലയിലെ ശരാശരി താപ നില 1990 മുതൽ 1994 വരെ താഴെ ചേർക്കുന്നു.

Year	Jan	Feb	March	Apr.	May	June	July	Aug.	Sept.	Oct	Nov.	Dec.
Max. 1990	33.6	32.7	32.3	34.1	31.5	30.1	29.7	30.6	31.9	31.4	31.5	32.8
Min.	23.1	23.1	22.4	24.9	23.7	23.1	23.1	23.2	24.7	23.6	23.3	23.3
Max. 1991	32.8	33.1	33.9	33.8	34.0	29.1	29.7	30.2	32.1	31.2	31.9	31.5
Min	22.7	22.9	24.0	23.9	24.8	23.3	22.9	23.2	24.0	23.8	23.9	23.2
Max. 1992	31.6	32.7	33.1	33.5	32.1	29.5	27.3	27.2	28.1	27.9	28.7	30.2
Min.	22.9	23.8	24.3	24.7	24.4	23,3	22.9	23.0	23.3	23.3	23.5	23.0
Max. 1993	30.3	31.8	32.7	33.2	32.4	30.2	27.0	28.2	28.8	28.0	29.0	30.9
Min.	20.8	22.6	24.2	24.4	23.9	23.0	22.0	23.5	23.3	22.7	23.3	23.2
Max. 1994	32.2	33.0	34.0	33.4	32.8	29.5	29.1	30.1	32.1	31.5	32.1	32.7
Min.	22.7	22.9	24.1	24.0	23.5	21.1	20.8	22.0	23.7	23.5	24.0	23.7

മൺതരം

ഈ പഞ്ചായത്തിലെ ഭൂമിയുടെ 70 % കുന്നിൻ പ്രദേശങ്ങളാണ്. വെട്ടുകല്ല്, ചീങ്കല്ല്, കരിങ്കൽ പാറകം എന്നിവ കലർന്നുകിടക്കുന്ന പ്രദേശങ്ങളാണ്. സമതല പ്രദേശങ്ങം മണൽകലർന്ന പശിമ രാശി മണ്ണും പാടങ്ങളിൽ കളിമണ്ണും കാണപ്പെടുന്നു. ഭൂമിയുടെ 18-20 അടി താഴ്ചകളിൽ ഭൂരിഭാഗം സ്ഥലങ്ങളിൽ പാറകം കാണപ്പെടുന്നു.

സസ്യാവരണം

കൃഷിഭൂമിയുടെ 70 % വും റബ്ബർ കൃഷിയാണ്. ചെറുകിട നാമമാത്ര കൃഷിക്കാരാണ് ഭൂരിഭാഗവും. 20 % തെങ്ങ്, കൊക്കോ, കുരുമുളക്, വാഴ, ഇഞ്ചി , മഞ്ഞം, കച്ചൂലം എന്നിവ കൃഷിചെയ്യുന്നു. 10 % സ്ഥലത്ത് നെൽ കൃഷി ചെയ്യപ്പെടുന്നു. ചിലയിടങ്ങളിൽ ഒരിപ്പു ചിലയിടങ്ങളിൽ ഇരിപ്പു കൃഷിചെയ്യുന്നു. മഴയെ ആശ്രയിച്ചു മാത്രമാണ് ഈ കൃഷികളുടെ നിലനില്പ്.

ഭൂവിനിയോഗം

ഒരു ഹെക്ടറിൽ താഴെ ഭൂമി കൈവശമുള്ള ചെറുകിട കർഷകരാണ് ഭൂരിഭാഗവും ഈ പഞ്ചായത്തിലുള്ളത്. അതിനാൽ തങ്ങംക്കുള്ളതിൽ അനുയോജ്യമായതും വരുമാനം കൂടുതൽ ലഭിക്കുന്നതുമായ കൃഷികം നടത്തുന്നു. ഇവയിൽ ദീർഘകാല വിളകളും ഹ്രസ്വകാല വിളകളും ഉൾപ്പെടുന്നു.

ഭൂമി സംബന്ധമായ വിവരങ്ങൾ (കൃഷി ഭവനിൽ നിന്നും ശേഖരിച്ചത്)

നമ്പർ	ഇനം	വിസ്തീർണ്ണം
1.	നിലം	284 ഹെക്ടർ
2.	പുരയിടം	1532 ഹെക്ടർ
3.	പുറമ്പോക്ക്	-
4.	കൃഷിയോഗ്യ തരിശ്	-
5.	കൃഷിയോഗ്യമല്ലാത്ത തരിശ്	-
	ആകെ	1816 ഹെക്ടർ.

ഭൂമിസംബന്ധിച്ച വിവരങ്ങൾ (വില്ലേജാഫീസിൽ നിന്നും ലഭിച്ചത്)

നമ്പർ	ഇനം	വിസ്തീർണ്ണം
1.	നിലം	175.59 ഹെക്ടർ
2.	പുരയിടം	1769.88 ഹെക്ടർ
3.	പുറമ്പോക്ക്	81.12 ഹെക്ടർ
4.	തരിശ്	1.45 ഹെക്ടർ
	ആകെ	2028 . 04 ഹെക്ടർ

ഭൂ ഉടമസ്ഥരുടെ എണ്ണം

1-10 സെന്റിനും ഇടക്കുള്ളവർ	-625
10-25 ''	-1025
25-50 ''	-1160
50-100 ''	-1152
1 ഏക്കറിനും 2ഏക്കറിനും ഇടക്കുള്ളവർ	-699
2 '' 5 ''	-477
5 ഏക്കറിനു മുകളിലുള്ളവർ	-39.

ജൈവ സമ്പത്ത്

മുൻകാലങ്ങളിൽ പഞ്ചായത്തിലുള്ള മിക്ക ഭൂമികളിലും ഉണ്ടായിരുന്ന പ്ലാവ്,മാവ്,ആഞ്ഞിലി, മരുത്, പുളി,പന,പാഴ്മരങ്ങൾ തുടങ്ങിയവ മുറിച്ചുമാറ്റിക്കൊണ്ട് റബ്ബർ കൃഷി വ്യാപകമാക്കി. എന്നാൽ അപൂർവ്വം ചില സ്ഥലങ്ങളിൽ ഇപ്പോൾ തേക്ക്,മാഞ്ചിയം മുതലായവ നട്ടുപിടിപ്പിക്കുന്നു. പശു,ആട്,കോഴി തുടങ്ങിയവ മിക്ക വീടുകളിലും വളർത്തുന്നു. വ്യാവസായികമായി ഇവയെ വളർത്തിയാൽ കൂടുതൽ വരുമാനം ഉണ്ടാകുന്നതും കൂടാതെ ഇവയുടെ കാഷ്ഠം നല്ല ജൈവവളമായി ഉപയോഗിക്കാവുന്നതാണ്.

മനുഷ്യ വിഭവം

1991 ലെ കാനേഷുമാരി കണക്കുപ്രകാരം ഈ പഞ്ചായത്തിൽ ആകെയുള്ള ജനസംഖ്യ 11333 ആണ്. ഇതിൽ പുരുഷന്മാർ 5761ഉം ,സ്ത്രീകൾ 5572ഉം ആകുന്നു. 16 വയസ്സിൽ താഴെയുള്ള ആൺകുട്ടികൾ 640 ഉം,പെൺകുട്ടികൾ 544ഉം ഉൾപ്പെടെ ആകെ 1184 പേർ ഉണ്ട്.

ഈ പഞ്ചായത്തിലുള്ള പട്ടികജാതിക്കാർ ആകെ 239 ൽ പുരുഷന്മാർ 128ഉം,സ്ത്രീകൾ 111മാണ്. പട്ടിക വർഗ്ഗത്തിൽപ്പെട്ട ഒരു പുരുഷൻമാത്രമാണുള്ളത്.

1991-ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിൽ 2381 വീടുകളുള്ളതിൽ 2 വീട്ടിൽ ആരും താമസം ഇല്ലാത്തതാകുന്നു. ശരാശരി വീട് ഒന്നിന് 4.8 എന്ന കണക്കിലാണ് ജനസംഖ്യ. ഇത് സംസ്ഥാനശരാശരി 5.6 നേക്കാൾ കുറവാണ്. പഞ്ചായത്തിലെ സാക്ഷരതാകണക്ക് അനുസരിച്ച് 4891 പുരുഷന്മാരും 4596 സ്ത്രീകളും സാക്ഷരരാണ്.

V വികസന മേഖലകൾ

1. കൃഷിയും ജലസേചനവും

ഈ പഞ്ചായത്തിലെ മുഖ്യ തൊഴിൽ കൃഷിയാണ്. ഉല്പാദന ചെലവിന്റെ വർദ്ധനവു മൂലവും കൃഷിയിൽ നിന്നു ലഭിക്കുന്നവരുമാനംകൊണ്ടു മാത്രം ജീവിക്കുവാൻ പ്രയാസം അനുഭവപ്പെട്ടതിനാലും കൃഷി മുഖ്യ തൊഴിലിൽ നിന്ന് ആളുകൾ ദൈനംദിനം കുറഞ്ഞുവരുന്ന സ്ഥിതിവിശേഷമാണ് ഈ പഞ്ചായത്തിലുള്ളത്. തെങ്ങുകൃഷി രോഗം മൂലം നാമാവിശേഷമായിക്കൊണ്ടിരിക്കുന്നു. അതിനാൽ കൂടുതൽ വരുമാനം ലഭിക്കുന്ന റബ്ബർ, കൊക്കോ, പൈനാപ്പിൾ, ഇഞ്ചി ,കപ്പ മുതലായവ കൃഷി ചെയ്യുന്നു. റബ്ബർ ബോർഡിൽ നിന്ന് റബ്ബർ കൃഷിക്ക് കൂടുതൽ ധനസഹായം ലഭിച്ചതിനാലും ,ബാങ്കുകളിൽ നിന്ന് ദീർഘകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ പലിശക്ക് കാർഷിക വായ്പ ലഭിച്ചതിനാലും റബ്ബർ കൃഷി വ്യാപകമായി. ജലസേചന സൗകര്യകുറവുമൂലവും മഴയെ ആശ്രയിച്ചു നടത്തുന്ന നെൽ കൃഷി അടിക്കടി ഉണ്ടായികൊണ്ടിരിക്കുന്ന വരൾച്ചമൂലം നാമമാത്രമായി.

ജലസേചന സംവിധാനങ്ങൾ (കൃഷി ഭവൻ വഴി)

വാർഡ്	കിണർ	കുഴൽകിണർ	കുളം	ക്രോസ് ബാർ	ആയകെട്ട്
1	30	-	5	1	20 ഹെക്ടർ
2	25	-	3	3	32 ''
3	35	-	4	3	32 ''
4	30	-	2	1	10 ''
5	20	-	-		
6	25	1	1		
7	30	-	1		
8	25	3	2		

പൊതുകുളങ്ങൾ

വാർഡ്	കുളത്തിന്റെ പേര്	ആയകെട്ട്
1	കാവുംകുന്നേൽ അണ	5 ഹെക്ടർ
	പാപ്പനക്കര പൊട്ടക്കുളം	4 ''
	തെക്കേപ്പുറത്തു കുളം	1 ''
4	വേട്ടുചിറ വലിയ കുളം	8 ''
5	കോതമംഗലം കുളം	12 ''
7	മുണ്ടോണി കുളം	8 ''

ഈ പഞ്ചായത്തിലെ ചെറുകിട ജലസേചന തോടുകൾ സംബന്ധിച്ചവിവരം

ക്രമ നമ്പർ	തോടിന്റെ പേര്	ആകെ നീളം മീറ്ററിൽ	ശരാശരി വീതി മീറ്ററിൽ	സംരക്ഷിക്കപ്പെട്ട തോടിന്റെ നീളം	തൻവർഷം ചെലവഴിച്ച തുക	റിമാർക്ക്സ്
1.	ഐങ്ങനാമ്പുറം നാലുപാലം	2000	4	500		
2.	കാരാമ്മക്കുഴി നാലുപാടം	2000	3			
3.	പാറത്തോട് കുഴിമറ്റം	1500	3			
4.	നാലുപാലം പുതിയാമറ്റം	6000	8	500		
5.	മൂലക്കാട്ട് വെളിയന്നൂർ പുതുവേലി	3000	4	30	3250	
6.	കടുവാംകീപ്പാറതോട്	3000	3			
7.	വട്ടമറ്റം തന്നിയാലിത്താഴം	3000	3			
8.	വേട്ടുചിറക്കുളം പുതിയാമറ്റം	2000	3			
9.	മാച്ചാലിൽ	500	3			
10.	താമരക്കാട് പെരുംകുറ്റി	2000	2 1/2			
11..	പൂവക്കുളം അമനകര	1500	2			
12.	നാരേക്കാവ് മംഗലത്താഴം	2000	2			

വിളവിസ്തീർണ്ണം ഉല്പാദന വിവരങ്ങൾ (കൃഷി ഭവൻ)

ക്രമ നമ്പർ	വിള	വിസ്തീർണ്ണം ഹെക്ടറിൽ	മൊത്തം ഉല്പാദനം	ഉല്പാദന ക്ഷമത ഹെക്ടറിൽ
1.	നെല്ല് 1-ാം വിള	141 ഹെക്ടർ	289050 കി.ഗ്രാം	2050 കി.ഗ്രാം
2.	നെല്ല് 2-ാം വിള	130 ഹെക്ടർ	266500	2050
3.	പയർ	10	7000	700
4.	എള്ള്	5	2500	500
5.	പച്ചക്കറി	16	48000	3000
6.	തെങ്ങ്	410	2152500 Nos	30per palm
7.	വാഴ	48	1920000 കി.ഗ്രാം	40000 കി.ഗ്രാം
8.	മരച്ചീനി	30	157500	525
9.	കുരുമുളക്	15	75000	5000
10.	പ്ലാവ്	4	-	-
11.	കശുമാവ്	1	-	-
12.	മാവ്	5	-	-
13.	റബ്ബർ	950	5700000	6000 കി.ഗ്രാം
14.	കമുക്	3 1/2	175000	5 കി.ഗ്രാം per palm
15.	ഇഞ്ചി	85	85000 Dry kg	1000 കി.ഗ്രാം
16.	മഞ്ഞൾ	7	5250 "	750 കി.ഗ്രാം.
17.	മറ്റിനങ്ങൾ	15	-	-

ഉല്പന്നങ്ങളുടെ വിലയും വിപണനവും

പഞ്ചായത്തിലെ കാർഷിക ഉല്പന്നങ്ങൾ വില്ക്കുന്നതിനുള്ള മാർക്കറ്റിംഗ് സംവിധാനങ്ങൾ ഇല്ല. സ്വകാര്യ കച്ചവടക്കാരിലൂടെയാണ് വിപണനം നടക്കുന്നത്. ആയതിനാൽ യഥാർത്ഥ ഉല്പാദകന് ന്യായമായ വില ലഭിക്കുന്നില്ല. അതുകൊണ്ട് മാർക്കറ്റിംഗ് സൊസൈറ്റികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. കൊക്കോ സംഭരണത്തിനും, സംസ്ക്കരണത്തിനും വിപണനത്തിനുമായി ഒരു സഹകരണ സംഘം നിലവിൽ ഒരുവിധം ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. റബ്ബർ പാൽ സംഭരണത്തിന് റബ്ബർ ഉല്പാദകസംഘങ്ങൾ 5 എണ്ണം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

കാർഷിക ബന്ധങ്ങൾ

1-ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ളതിനാൽ ഉടമസ്ഥർതന്നെ കൃഷി നടത്തുന്നു. പട്ടണപ്രദേശങ്ങളിലും , കെട്ടിടനിർമ്മാണമേഖലയിലും കൂലി കൂടുതൽ ലഭിക്കുന്നതുകൊണ്ട് കാർഷികമേഖലകളിൽ തൊഴിലാളികളുടെ അഭാവം ഉണ്ടാകുന്നു. അതുകൊണ്ട് കാർഷികമേഖല മുരടിക്കുന്നു.

കൂലിസേവന വ്യവസ്ഥകൾ

നമ്പർ	തൊഴിലിനം	പുരുഷൻ കൂലി	സ്ത്രീ കൂലി	യന്ത്രോപകരണങ്ങൾ കൂലി
1.	ഉഴവ്	-	-	Rs 110 per hour
2.	കിള	100	80	
3.	നടീൽ		80	
4.	കളപറി		80	
5.	കൊയ്ത്ത്-മെതി		1/5 പതം	
6.	തെങ്ങുകയറ്റം	Rs 3 per palm		
7.	റബ്ബർ വെട്ട്	0.25per tree		
8.	കീടനാശിനി തളിക്കൽ	150		

രാസ വളം ഉപഭോഗം

രാസവള കീടനാശിനി വിപണനം

സ്ഥാപനത്തിന്റെ പേര് - വെള്ളിയന്നൂർ സർവ്വീസ് സഹകരണ ബാങ്ക്.

ഇനവിവരം	വർഷം 1993-'94	1994-'95	1995-'96
രാസവളം	375 M.T	400 M.T	430 M.T
കീടനാശിനി			
ദ്രവം	200 L	230 L	250 L
ഖരം	1.5 MT	2MT	2.5 MT

സമീപ പ്രദേശങ്ങളിലെ സൊസൈറ്റികളിൽ നിന്നും സ്വകാര്യകച്ചവട സ്ഥാപനങ്ങളിൽ നിന്നും വിപണനം ചെയ്തിട്ടുള്ള വളം, കീടനാശിനി എന്നിവയെ പ്പറ്റിയുള്ള വിവരം ലഭ്യമല്ല. എങ്കിലും മുകളിൽ പട്ടികയിൽ ചേർത്തിട്ടുള്ള തുക്കം വളം,കീടനാശിനികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ടാവണം.

ഈ പഞ്ചായത്തിൽ നിലവിൽ ഒരു കേര വികസന സമിതിയും 4 പാടശേഖരസമിതിയും, ഒരു കുരുമുളകു വികസന സമിതിയും പ്രവർത്തിക്കുന്നുണ്ട്.

ഈ മേഖലയിലെ പ്രശ്നങ്ങൾ

മഴമൂലം മണ്ണൊലിപ്പ് ഗണ്യമാണ്. ജലസേചന സൗകര്യക്കുറവ്,പാടശേഖരങ്ങളിലുള്ള ചിറകളെല്ലാം നശിച്ചിരിക്കുന്നു. കുളങ്ങൾ മിക്കതും നികന്നുപോയിരിക്കുന്നു. തോടിന്റെ സൈഡുകൾ ഇടിഞ്ഞുകിടക്കുന്നു. കൃഷികൾക്ക് കീടബാധയുണ്ടാകുന്നു. തെങ്ങിന് വസന്തയും, റബ്ബറിന് കുമിൾ രോഗവും വർദ്ധിച്ചു വരുന്നു. കൂടാതെ കാലാകാലങ്ങളിലുണ്ടാകുന്ന വരൾച്ച,തൊഴിലാളികളുടെ വർദ്ധിച്ച കൂലി നിരക്ക്, വിപണന സൗകര്യത്തിന്റെ അപര്യാപ്തത,കാർഷികോല്പന്നങ്ങളുടെ വിലക്കുറവ്,കൃഷി ഭവൻ ആസ്ഥാനത്തേക്കുള്ള യാത്രാസൗകര്യക്കുറവ്,കൃഷി ഭവനിൽ നിന്ന് അറിയിപ്പുകൾ കിട്ടാനുള്ള ലഭ്യതക്കുറവ്,ഉല്പന്നസംസ്ക്കരണത്തിനുള്ള സൗകര്യമില്ലായ്മ,കൂടാതെജല ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള തടയണകൾ ഇല്ല. കർഷക തൊഴിലാളികൾക്ക് കാർഷികമേഖലയോടുള്ള വൈമുഖ്യം. ജൈവവളങ്ങളുടെ ലഭ്യതക്കുറവ് തുടങ്ങിയവ ഈ മേഖലയെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്.

1. പാടശേഖരങ്ങളിൽ സംരക്ഷണ ഭിത്തി കെട്ടുക, ബണ്ടുകളം നിർമ്മിക്കുക,കുളങ്ങളം പുനരുദ്ധരിക്കുക ഉപയോഗയോഗ്യമല്ലാത്ത ക്രോസ് ബാറുകളം പുനരുദ്ധരിക്കുക.
2. മണ്ണൊലിപ്പു തടയാൻ ജനപങ്കാളിത്തത്തോടെ പദ്ധതികളം ആവിഷ് ക്കരിക്കുക.
3. രോഗം ബാധിച്ച തെങ്ങുകളം മുറിച്ചുമാറ്റുന്നതിനും,അത്യുല്പാദനശേഷിയുള്ളവ കൃഷിചെയ്യുന്നതിനുമുള്ള പദ്ധതികളം ആവിഷ് ക്കരിക്കുക.
4. പച്ചക്കറി കൃഷി എല്ലാ വീടുകളിലും നടത്തുന്നതിനുള്ള പദ്ധതികളം ആവിഷ് ക്കരിക്കുക.
5. മൂവാറ്റുപുഴ നദീതട ജലസേചനപദ്ധതിയുടെ ആദ്യകാല സർവ്വേപ്രകാരം ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും എത്തിക്കുന്ന പദ്ധതി നടപ്പിലാക്കുക.
6. ഈ പഞ്ചായത്തിനെ വാട്ടർ ഷെഡ് പദ്ധതിയിൽപ്പെടുത്തുക.
7. കാർഷിക ആവശ്യങ്ങൾക്കുള്ള കറന്റ് സൗജന്യമായി നൽകുക.
8. ഉദ്യാനചെടി,ഔഷധ ചെടികളം കൃഷി ചെയ്യാൻ ധനസഹായ പദ്ധതി ആവിഷ് ക്കരിക്കുക.
9. കമ്പോസ്റ്റ് നിർമ്മാണ പദ്ധതി നടപ്പിലാക്കുക.
10. 3,4,5 വാർഡുകളിലെ കൃഷിക്കാർക്ക് പ്രയോജനപ്പെടുമാറ് പുതുവേലിയിൽ കൃഷിഭവന്റെ സബ്സെന്റർ സ്ഥാപിക്കുക.
11. 1,2 വാർഡുകളിലെ കൃഷിക്കാർക്ക് പ്രയോജനകരമായി വെളിയന്നൂരും കൃഷി ഭവന്റെ സബ്സെന്റർ സ്ഥാപിക്കുക.
12. കൃഷി വായ്പാ സൗകര്യങ്ങളം കൂടുതൽ മെച്ചപ്പെടുത്തുകയും കാർഷിക വായ്പാ പലിശനിരക്ക് കുറക്കുകയും ചെയ്യുക.
13. കാർഷികോല്പന്നങ്ങളക്ക് മെച്ചമായ വില ലഭിക്കുന്നതിന് വിപണനകേന്ദ്രങ്ങളും ,മാർക്കറ്റിംഗ് സൊസൈറ്റികളും സ്ഥാപിക്കുക.
14. ഏറ്റവും നല്ല കർഷകരെ ആദരിച്ച് അവർക്ക് ക്യാഷ് അവാർഡ് നൽകുക , വിള മത്സരങ്ങളം സംഘടിപ്പിക്കുക,

വെളിയന്നൂർ കൃഷി ഭവൻ വഴി കാർഷിക വികസന പദ്ധതി പൂർത്തിയാക്കിയത്

നമ്പർ	പദ്ധതി വിവരം	1991-1992 വർഷം നൽകിയ ആനുകൂല്യം	തുക
1.	നെൽ കൃഷി ഗ്രൂപ്പ് ഫാമിംങ്ങ്	11 കർഷകർക്ക് പമ്പുസെറ്റ് സ്പെയർ വാങ്ങാൻ 25 % സബ്സിഡി	14615 .00
2.	നടീൽ വസ്തുക്കളം വിതരണം	ജാതിതൈ 38,പയർവിത്ത് 75 കി.ഗ്രാം, തെങ്ങിൻതൈ 350	
3.	ദേശീയ ബയോഗ്യാസ് വികസന പദ്ധതി	ബയോഗ്യാസ് പ്ലാന്റ് പണിത കർഷകർക്ക് സബ്സിഡി നൽകി	29500.00
4.	തെങ്ങിന് ഗ്രൂപ്പ് മാനേജുമെന്റ് പദ്ധതി	വിലയുടെ 5 % സബ്സിഡി നിരക്കിൽ 2587 കി.ഗ്രാം മഗ്നീഷ്യം സൾഫേറ്റ് 113 കർഷകർക്ക് വിതരണം ചെയ്തു	5175.00
5.	പട്ടികജാതിയിൽപ്പെട്ടവർക്ക് പ്രത്യേക ഘടക പദ്ധതി	തെങ്ങിൻതൈwet 114 എണ്ണം,10:5:20 വളം 600കി.ഗ്രാം മൺവെട്ടി 38,കുടം 38, തൂമ്പ 38.	
6.	പ്രകൃതിക്ഷോഭദുരിതാശ്വാസ പദ്ധതി	പേമാരിമൂലം കൃഷിനാശം വന്ന 360 കർഷകർക്ക് രൂപ വിതരണം ചെയ്തു	88999.00
7.	നെൽവിത്ത് മിനി ക്കിറ്റ് പദ്ധതി	കാഞ്ചർ 170 ഇനത്തിൽപ്പെട്ട 88 കി.ഗ്രാം നെൽവിത്ത് 22 പേർക്ക് കൊടുത്തു.	
8.	മണ്ണുപരിശോധന പദ്ധതി	200 മണ്ണ് സാമ്പിളം പരിശോധനക്ക് ലാബിലേക്ക് അയച്ച് റിസൽട്ട് വിതരണം ചെയ്തു	
9.	കുരുമുളകു പുനരുദ്ധാരണ പദ്ധതി	17.4 ഹെക്ടർ സ്ഥലത്ത് 103 കർഷകർക്ക് കുരുമുളകിന് വളം,കീടനാശിനി,ജൈവവളം വാങ്ങുന്നതിന് 25 % സബ്സിഡി	10150.00
10.	പച്ചക്കറി വികസന പദ്ധതി	500 വിദ്യാർത്ഥികളംക്ക് വിത്തുപായ്ക്കറ്റുകളം വിതരണം ചെയ്തു	

11.	പ്രത്യേക തൊഴിൽദാന പദ്ധതി	കിണർകുഴിക്കുന്നതിന് 36 കർഷകർക്ക് 25 % സബ്സിഡി നല്കി	39796

1992-1993 വർഷം

1.	ദേശീയ ബയോഗ്യാസ് പദ്ധതി	9 കർഷകർക്ക് ബയോഗ്യാസ് നിർമ്മിച്ചതിന് സബ്സിഡി നല്കി.	32400
2.	വിദ്യാർത്ഥികൾക്ക് പച്ചക്കറി കൃഷി	500 വിദ്യാർത്ഥികൾക്ക് വിത്തുകിറ്റുകൾ നല്കി	
3.	ജലസേചന പമ്പുസെറ്റ് സബ്സിഡി	2 കർഷകർക്ക് പമ്പ് സെറ്റിന് 1000രൂപ സബ്സിഡി	2000
4.	വരൾച്ച ദുരിതാശ്വാസ പദ്ധതി	139 കർഷകർക്ക് വിതരണം ചെയ്തു.	12819
5.	കാർഷികപക്ഷാചരണം	8-6-92 മുതൽ 20-6-92 വരെ ഉല്പാദന ഉപാധികൾ വിതരണം ചെയ്തുകൊണ്ട് കാർഷികപക്ഷാചരണം നടത്തി	
6.	നടീൽ വസ്തുക്കളുടെ വിതരണം	മാവ് ഗ്രാഫ്റ്റ് 75എണ്ണം ,പേരത്തൈ 40 എണ്ണം, ചെറി 100 എണ്ണം	
7.	ജൈവവള വികസന പദ്ധതി	കമ്പോസ്റ്റ് കുഴികൾ നിർമ്മിച്ച 50 കർഷകർക്ക് സബ്സിഡി നൽകി.	1250
8.	വിത്ത് സാമ്പിൾ പരിശോധന	14 നെൽ വിത്ത് സാമ്പിളുകൾ ആലപ്പുഴ വിത്തു പരിശോധനാ ലാബിലേക്ക് അയച്ചു.	
9.	കർഷകദിനാചരണം	1992 ആഗസ്റ്റ് 17-ാം തീയതി (ചിങ്ങം 1) കർഷകദിന മായി ആചരിച്ച് 8 കർഷകർക്ക് പൊന്നാട അണിയിച്ചു.	
10.	ദേശീയ പയർ കൃഷി വിത്ത് വികസനം	35 കർഷകർക്ക് 420 കി.ഗ്രാം പയർ വിത്തും,കീടനാശിനി യും വിതരണം ചെയ്തു.	2900
11.	പ്രത്യേക പ്രാദേശിക പദ്ധതി	9 കർഷകർക്ക് കിണർ കുഴിക്കുവാൻ സബ്സിഡി	9000

1993-1994

1.	സമഗ്രനാളികേര വികസന പദ്ധതി	78 കർഷകർക്ക് എലി നശീകരണത്തിന് സിങ്ക് ഫോസ് ഫൈഡ് വിതരണം ചെയ്തു.	1750
2.	ദേശീയ ബയോ ഗ്യാസ് പദ്ധതി	9 കർഷകർക്ക് സബ്സിഡി വിതരണം	21600
3.	ജൈവവള വികസന പദ്ധതി	കമ്പോസ്റ്റ് കുഴി നിർമ്മിച്ച 78 കർഷകർക്ക് സബ്സിഡി വിതരണം ചെയ്തു	1950
4.	കുരുമുളക് പുനരുദ്ധാരണപദ്ധതി	99 കർഷകർക്ക് വളം,കീടനാശിനി,ജൈവവളം ഇവ വാങ്ങുന്നതിന് സബ്സിഡി നൽകി	25681
5.	പ്രത്യേക പ്രാദേശിക പദ്ധതിപ്രകാരം കച്ചോലം കൃഷിക്ക് സബ്സിഡി	62 കച്ചോല കർഷകർക്ക് സബ്സിഡി	31000
6.	കുറ്റി മുല്ല കൃഷി പദ്ധതി	5 കർഷകർക്ക് സബ്സിഡി	2500
7.	പ്രത്യേക നെൽ കൃഷി പദ്ധതി	നെല്ല് ഉല്പാദക സമിതിക്ക് 3 പവർ ട്രില്ലർ കൊടുത്തു	180000
8.	സ്പെയർ വിതരണ പദ്ധതി	3 കർഷകർക്ക് സബ്സിഡി	3000
9.	കർഷകദിനം	1993 ആഗസ്റ്റ് 17 (ചിങ്ങം 1) കർഷക ദിനം	
10.	വിദ്യാർത്ഥികൾക്ക് വീട്ടുവളപ്പിൽ പച്ചക്കറി കൃഷി	500 വിദ്യാർത്ഥികൾക്ക് വിത്തു പായ്ക്ക റ്റ് നൽകി	
11.	മണ്ണു പരിശോധന	200 സാമ്പിളുകൾ ലാബിലേക്കയച്ചു.	

1994-1995 വർഷം

1.	നെൽകൃഷിക്ക് ഉല്പാദന ബോണസ്	230 കർഷകർക്ക് ഉല്പാദനബോണസ്സ് വിതരണംചെയ്തു	17500
2.	പട്ടികജാതിയിൽപ്പെട്ടവർക്ക് പ്രത്യേകഘടക പദ്ധതി	39 കർഷകർക്ക് 630 കി.ഗ്രാം.10:5:20 വളം വിതരണം ചെയ്തു	
3.	ദേശീയ ബയോ ഗ്യാസ് പദ്ധതി	7 കർഷകർക്ക് പ്ലാന്റ് നിർമ്മിക്കാൻ സബ്സിഡിനൽകി	16800
4.	തെങ്ങ് സമഗ്രവികസന പദ്ധതി	750 രാസവളക്കിറ്റുകൾ വിതരണം ചെയ്തു	
5.	കർഷകദിനാചരണം	17.8.1994 ചിങ്ങം 1 കർഷകദിനം	
6.	കുരുമുളക് പുനരുദ്ധാരണം	39 കർഷകർക്ക് വളം,കീടനാശിനി നൽകുന്നതിന് 25 % സബ്സിഡി നൽകി	3251
7.	കമ്പോസ്റ്റുകുഴി നിർമ്മിക്കുന്നതിന് സബ്സിഡി	25 കർഷകർക്ക് സബ്സിഡി നൽകി	625
8.	നടീൽ വസ്തു വിതരണം	വെസ്റ്റ് കോസ്റ്റ് ഇനത്തിൽ 80 തെങ്ങിൻ തൈ 40 കിലോ പയർവിത്തും 60 മാവിൻതൈകളും വിതരണം ചെയ്തു.	
9.	സമഗ്രനാളികേര വികസന പദ്ധതി	ജലസേചന കിണർ ,പമ്പ് സെറ്റ് ഇവ വാങ്ങുന്നതിന് 32 കർഷകർക്ക് സബ്സിഡി	55000

1995-1996

1.	ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ ദാന പദ്ധതി	114 യുവജനങ്ങളെ അംഗങ്ങളായിചേർത്തു	
2.	വിള ഇൻഷ്വറൻസ് പദ്ധതി	25 കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്പെടുത്തി	
3.	സ്വകാര്യമേഖലയിൽ അംഗീകൃത നേഴ്സറി	കൃഷിഭവനിൽ നേഴ്സറി തുടങ്ങാൻ സബ്സിഡി അനുവദിച്ചു.	25000
4.	ദേശീയ ഗ്യാസ് വികസന പദ്ധതി	2 കർഷകർക്ക് സബ്സിഡി നൽകി	4800
5.	സമഗ്രനാളികേരവികസന പദ്ധതി	750 രാസവളക്കിറ്റുകൾ വിതരണം ചെയ്തു	
6.	''	ജലസേചന കിണറുകൾ,പമ്പ് സെറ്റ് ഇവക്ക് സബ്സിഡി	137825

* * * * *

2 മൃഗസംരക്ഷണവും - മത്സ്യബന്ധനവും

കാർഷിക പ്രാധാന്യമുള്ള വെളിയന്നൂർ ഗ്രാമ പഞ്ചായത്തിൽ കാർഷിക വൃത്തിയുടെ ഭാഗമായി പരമ്പരാഗതമായി നിലമുഴവു നടത്തുന്നതിനും വണ്ടി വലിക്കുന്നതിനും, പാലിനും, ജൈവവളാവശ്യത്തിനു മായി കാലിവളർത്തൽ നടത്തിപ്പോന്നിരുന്നു. കാലിമേയ്ക്കുന്നതിന് വിശാലമായ സ്ഥലം തരിശിടുന്ന സമ്പ്രദായം നിലനിന്നിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി തികച്ചും വ്യത്യസ്തമാണ്.

വളർത്തു മൃഗങ്ങളെ ശാസ്ത്രീയമായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല. മുൻകാലങ്ങളിൽ കൃഷി ചെയ്യാത്ത തരിശുഭൂമികളും കുറ്റിക്കാടുകളും ഉണ്ടായിരുന്നതുകൊണ്ട് കന്നുകാലിവളർത്തൽ ചെലവുകുറഞ്ഞ ഒന്നായിരുന്നു. എന്നാൽ പുതിയ സങ്കരയിനം മൃഗങ്ങളുടെ വരവോടുകൂടി ഇവയുടെ സംരക്ഷണത്തിന് പ്രത്യേകപരിപാലനം ആവശ്യമായിവന്നു. മുൻകാലങ്ങളിൽ പാലിന്റെ ഉല്പാദനശേഷി 1-2 ലിറ്ററിന്റെ സ്ഥാനത്ത് ഇന്ന് 15 ലിറ്ററിനു മുകളിലായി. സങ്കരയിനങ്ങൾക്ക് രോഗപ്രതിരോധശക്തി കുറവായതുകൊണ്ടും വൃത്തിഹീനമായ തൊഴുത്തുകളുടെ ഉപയോഗവും കാരണം കൂടുതൽ രോഗങ്ങൾ ഉണ്ടാകുന്നു. കാലിതീറ്റയുടെ കാലാകാലങ്ങളിലുള്ള വിലവർദ്ധനവും ഈ സംരംഭത്തെ മന്ദഗതിയിലാക്കുന്നു

പഞ്ചായത്തിൽ പൊതുവേ പാൽ വിപണനരംഗം കുറവാണ്. ഇത് കൂടുതൽ വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. രോഗബാധകൾ നിർമ്മാർജ്ജനംചെയ്യാൻ രോഗപ്രതിരോധ കുത്തിവയ്പ് സമയത്ത് നടത്തുന്നില്ല. ഡോക്ടർമാരുടെ സേവനം പൂർണ്ണമായി ലഭിക്കാത്തതും പ്രശ്നമാണ്. പേവിഷബാധക്കെതിരെ കുത്തിവയ്പ് എടുക്കുവാനുള്ളസംവിധാനം വളരെ പരിമിതമാണ്.

പശു, എരുമ, ആട്, കോഴി, മുതലായവയാണ് പ്രധാന വളർത്തുമൃഗങ്ങൾ- 1987 ലെ സെൻസസ് പ്രകാരം വളർത്തുമൃഗങ്ങളുടെ പട്ടിക.

ക്രമനമ്പർ	ഇനം	എണ്ണം	ക്രമനമ്പർ	ഇനം	എണ്ണം
1	നാടൻ കാള	104	2	സങ്കരയിനം കാള	196
3	നാടൻ പശു	845	4	സങ്കരയിനം പശു	1846
5	നാടൻ കിടാരി	465	6	സങ്കരയിനം കിടാരി	1110
7	എരുമ	80	8	പോത്ത്	8
9	എരുമ കിടാരി	61	10	പന്നി	999
11	പെണ്ണാട്	862	12	ആട് ആൺ	203
13	താറാവ്	18	14	പട്ടി	881
15	കോഴിനാടൻ	10232	16	സങ്കരയിനം കോഴി	2487

സ്ഥാപനങ്ങളും അവയുടെ പ്രവർത്തനങ്ങളും

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽകുറവാണ്. ഒരു മൃഗാശുപത്രിയും, ഒരു ഊർജ്ജിതകന്നുകാലിവികസന കേന്ദ്രവുമാണ് ആകെയുള്ളത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർക്ക് ഇതിന്റെ സേവനം പൂർണ്ണമായി ലഭിക്കുന്നില്ല.

മൃഗസംരക്ഷണമേഖല പൊതുനിർദ്ദേശങ്ങൾ
(ഗ്രാമസഭ ക്രോഡീകരണം)

1. 6,7,8. വാർഡുകളെ കേന്ദ്രീകരിച്ച് പൂവക്കുളത്ത് ഒരു മൃഗാശുപത്രി സ്ഥാപിക്കുക.
2. പാൽ സൊസൈറ്റികൾ ഇല്ലാത്ത വാർഡുകളിൽ വിപണന സൗകര്യത്തെ മുൻ നിർത്തി സൊസൈറ്റികൾ സ്ഥാപിക്കുക.
3. കാലിത്തീറ്റ, കോഴിത്തീറ്റ ഇവയുടെ ഗുണ നിലവാരം ഉറപ്പാക്കാനും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനും ആവശ്യമായ പദ്ധതി നടപ്പിലാക്കുക.
4. കന്നു കുട്ടി പരിപാലനം വ്യാപകമാക്കുക.

5. സഞ്ചരിക്കുന്ന മൃഗാശുപത്രി പഞ്ചായത്ത് അടിസ്ഥാനത്തിൽ നടപ്പിലാക്കുക.
6. ശാസ്ത്രീയ തൊഴുത്തുനിർമ്മാണത്തിനുള്ള ധനസഹായ പദ്ധതി നടപ്പിലാക്കുക.
7. മൃഗങ്ങൾക്ക് കാലാകാലങ്ങളിൽ പ്രതിരോധകുത്തിവയ്പ് നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക.
8. ചെറുകിട കർഷകർ, വനിതകൾ, തൊഴിൽ രഹിതർ എന്നീ വിഭാഗങ്ങൾ പശുവളർത്തൽ മുഖ്യതൊഴി ലായോ ഉപതൊഴിലായോ സ്വീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
9. സ്ലോട്ടർ ഹൗസ് നിർമ്മിക്കുക.
10. കോഴി മുട്ട വിരിയ്ക്കൽ കേന്ദ്രവും, കോഴിക്കുഞ്ഞുങ്ങളുടെ വിതരണ കേന്ദ്രവും സ്ഥാപിക്കുക.
11: ഊർജ്ജിത കന്നുകാലി വികസന കേന്ദ്രം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സ്ഥാപിക്കുക.
12. കാലാകാലങ്ങളിൽ ശാസ്ത്രീയമായ കന്നുകാലി വളർത്തലിനെ സംബന്ധിച്ച് ബോധവല്ക്കരണ പരി പാടി നടപ്പിലാക്കുക.
13. വ്യവസായിക അടിസ്ഥാനത്തിൽ ഇറച്ചിക്കോഴി, വളർത്തൽ ആരംഭിക്കുന്നതിനുള്ള ധനസഹായവും വിപണന സംവിധാനവും, പരിപാലനത്തേക്കുറിച്ചുള്ള ബോധവൽക്കരണവും നൽകുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുക.
14. ഏറ്റവും നല്ല മൃഗസംരക്ഷകനെ ആദരിക്കുക.
15. പഞ്ചായത്തിൽ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന ക്ഷീരോല്പാദകസംഘത്തിന് പ്രോത്സാഹനം നൽകി ബഹുമാനിക്കുക.
16. തീറ്റപ്പുൽ കൃഷി വ്യാപകമാക്കുക.

മത്സ്യക്കൃഷി മേഖല

വെളിയന്നൂർ ഗ്രാമപഞ്ചായത്തിൽ തോടുകളിലും കുളങ്ങളിലും സ്വാഭാവികമായുള്ള മത്സ്യ സമ്പത്ത് കുറഞ്ഞ അളവിൽ മാത്രമേയുള്ളു. ഈ പഞ്ചായത്തിൽ മത്സ്യകൃഷിയിൽ ഏർപ്പെട്ടിരിക്കിന്നവർ ആരും ഇല്ല. പഞ്ചായത്ത് വക കുളങ്ങളിലും സ്വകാര്യകുളങ്ങളിലും ശാസ്ത്രീയമത്സ്യകൃഷി നടത്തിയാൽ വല്ലിയൊ രളവ് മത്സ്യം പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിക്കുവാൻ സാധിക്കും. എന്നാൽ ഈ സാദ്ധ്യതകൾ ഇതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ല. ഇതിനായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

പൊതുനിർദ്ദേശങ്ങൾ.

1. പഞ്ചായത്തിലെ പൊതുകുളങ്ങളിലും,സ്വകാര്യകുളങ്ങളിലും ജനപങ്കാളിത്തത്തോടെ മത്സ്യകൃഷിനടത്തുക.
2. കൂടുതൽ കുളങ്ങൾ നിർമ്മിക്കാനാവശ്യമായ ധനസഹായപദ്ധതികൾ നടപ്പിലാക്കുക.
3. പാറപൊട്ടിച്ച് ഉപയോഗശൂന്യമായികിടക്കുന്ന കുളങ്ങളിൽ മത്സ്യകൃഷിക്ക് സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുക.

3 വ്യവസായം

വ്യവസായികമായി പൊതു മേഖലയിൽ യാതൊരു സംരംഭവും ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. പാരമ്പര്യമായ സമ്പർക്കക്കുറവ് വ്യവസായ മേഖലയിൽ മൂലധന നിക്ഷേപത്തിൽനിന്നും ആളുകളെപിന്തിരി പ്പിക്കുന്നു. ഇവിടെ മൂലധനസാധ്യതാവിഭവങ്ങൾ പ്രധാനമായും ഇപ്പോൾ ട്രാൻസ്പോർട്ടിംഗ് രംഗത്തും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ നടത്തുന്നതിൽ മാത്രം ഒതുങ്ങിക്കിടക്കുന്നു.

പരമ്പരാഗത കൈത്തൊഴിലുകളായമരപ്പണി, കല്പണി, കൊല്ലപ്പണി, സ്വർണ്ണപ്പണി എന്നിവയാണ്. എന്നാൽ ഇപ്പോൾ ഇതു തൊഴിലുകൾ നാമമാത്രമായിക്കൊണ്ടിരിക്കുന്നു.

ഈറ്റ, മുള എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള ഉല്പന്നങ്ങളും കരകൗശലവസ്തുക്കളുടെ നിർമ്മാണ വും ഈ പഞ്ചായത്തിൽ നാമമാത്രമാണ്.

കാർഷിക വിളകൾ അസംസ്കൃത വസ്തുക്കളാക്കുന്ന വ്യവസായ യൂണിറ്റുകൾ ഇവിടെയില്ല. തേങ്ങ

കൊപ്രയാക്കുന്ന രീതിയല്ലാതെ ഇവയുടെ സംസ്ക്കരണം നടക്കുന്നില്ല. മറ്റു കാർഷികോല്പന്നങ്ങളായ, അടയ്ക്കാ, കൊക്കോ, കുരുമുളക്,ജാതിക്കാ,ഇഞ്ചി, മഞ്ഞൾ,കച്ചോലം എന്നിവയുടെ സംഭരണമോ സംസ്ക്കരണമോ നടത്തുവാനുള്ള സാധ്യതകളും പ്രയോജനപ്പെടുത്തുന്നില്ല. ഹ്രസ്വകാല പഴവർഗ്ഗ വിളകളായ പൈനാപ്പിൾ, വാഴപഴം എന്നിവ ഉല്പാദിപ്പിക്കപ്പെടുന്നുണ്ടങ്കിലും ഇവയുടെ സംസ്കരണ സാധ്യതയില്ല.
രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിടവ്യവസായ യൂണിറ്റുകളുടെ പട്ടിക.

1.	കൊപ്രയുണക്കൽ	5
2.	തടിയറക്കമിൽ	2
3.	കെട്ടിടനിർമ്മാണ ഉപകരണങ്ങൾ	5
4.	തീപ്പെട്ടി കമ്പനികൾ	3
5.	സർവ്വീസ് സ്റ്റേഷനുകൾ	1
6.	ബേക്കറികൾ, ബോർമ്മകൾ	3
7.	മെറ്റൽ വർഷോപ്പുകൾ	3
8.	മെറ്റൽ ക്രഷർ	1
9.	റൈസ്മിൽ	5

ഈ പഞ്ചായത്തിൽ വ്യവസായിക സംഭരണത്തിന് വായ്പ നൽകുന്ന ഏക സ്ഥാപനം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മാത്രമാണ്.
കഴിഞ്ഞ അഞ്ചുവർഷത്തെ ബാങ്കിന്റെ നിക്ഷേപ വായ്പാവിവരണങ്ങൾ

നിക്ഷേപം	1991-92	92-93	93-94	94-95	95-96
കാർഷികം	27ലക്ഷം	42ലക്ഷം	67 ലക്ഷം	81ലക്ഷം	83 ലക്ഷം
വ്യവസായം	5 "	11 "	15 "	14 "	1 "
മറ്റുള്ളവ	45 "	75 "	146 "	182 "	226 "
ആകെ	77"	128"	228"	277"	310"

വായ്പകൾ	1991-92	92-93	93-94	94-95	95-96
കാർഷിക	17 ലക്ഷം	22 ലക്ഷം	29 ലക്ഷം	33 ലക്ഷം	24 ലക്ഷം
വ്യവസായം	27 "	36 "	43 "	46 "	36 "
മറ്റുള്ളവ	11 "	7 "	12 "	29 "	21 "
ആകെ	55"	65"	84"	108"	81"

ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട പ്രധാന പ്രശ്നങ്ങളും പരിഹാര സാധ്യതകളും

1. സ്ഥല സൗകര്യത്തിന്റെ അഭാവം, വസ്തുവിന്റെ വിലക്കൂടുതൽ
2. മൂലധന വായ്പാസൗകര്യങ്ങളുടെ കുറവ്
3. വ്യവസായ വകുപ്പും തദ്ദേശഭരണ സംവിധാനങ്ങളും ഒഴികെ മറ്റുള്ള കേന്ദ്രങ്ങളിൽ നിന്നുള്ള സങ്കേതിക തടസ്സങ്ങളും കാലതാമസവും.
4. കൺറുകണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം.
5. വ്യവസായ സബ്സിഡി യഥാസമയം ലഭിക്കുന്നില്ല.
6. ജല ദൗർലഭ്യം

പരിഹാര നിർദ്ദേശങ്ങൾ.

1. വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക, പഞ്ചാത്തു തല ഇൻഡസ്ട്രിയൽ ആഫീസറെ നിയമിക്കുക.
2. സഹകരണ, സ്വകാര്യ മേഖലയിൽ റബ്ബർ തടി സംസ്ക്കരണവും, ക്രീപ്പ്മിൽ, തുടങ്ങിയ റബ്ബറധിഷ്ഠിത വ്യവയായങ്ങൾ ആരംഭിക്കുക.
3. പരമ്പരാഗത കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുന്നതിന് സൊസൈറ്റികൾ രൂപീകരിക്കുക.
4. സ്വർണ്ണ പണിയിലേർപ്പെട്ടിരിക്കുന്നവർക്ക് ആധുനിക രീതിയിലുള്ള മെഷിനറി ലഭ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
5. പഞ്ചായത്ത് തലത്തിൽ, മാർക്കറ്റ്, ടാക്സ്റ്റിസ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങിയവ സ്ഥാപിക്കുക.

6. ഖാദി ബോർഡിന്റെ കീഴിൽ ചെറുകിട നൂൽ നൂല്പു കേന്ദ്രം ആരംഭിക്കുക.
7. പഞ്ചായത്തുതലത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള ബോധവല്ക്കരണ ക്ലാസ്സുകൾ ആരംഭിക്കുക.
8. പുഷ്പകൃഷി, ഔഷധ സസ്യകൃഷി എന്നിവ വ്യാപിപ്പിക്കുകയും വ്യാവസായിക അടിസ്ഥാനത്തിൽ കയറ്റുമതിചെയ്യുന്നതിനുള്ള സംരംഭം ഒരുക്കുക.
9. നിലവിലുള്ള സ്ഥാപനങ്ങളും, സൊസൈറ്റികളും കൂടുതൽ വികസിപ്പിക്കാൻ ആവശ്യമായ ധനസഹായം നൽകുക.
10. ഫർണീച്ചർ, കെട്ടിട നിർമ്മാണ സാധന സാമഗ്രികൾ മുതലായവ നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.
11. വിദേശ മലയാളികളെ വ്യവസായരംഗത്ത് മുതൽ മുടക്കാൻ പ്രേരിപ്പിച്ച് പ്രോത്സാഹിപ്പിക്കുക.
12. തേനീച്ച വളർത്തലിന് പ്രോത്സാഹനം നൽകുക.

4 ഊർജ്ജവും ഗതാഗതവും

ആധുനിക മാനവ സമൂഹത്തിന്റെ നിലനില്പിനും പുരോഗതിക്കും ഊർജ്ജം അത്യന്താപേക്ഷിതമാണ്. വെളിയന്നൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം, ഗാർഹിക കാർഷിക മേഖലയിലാണ് പ്രധാന ഊർജ്ജപയോഗമുള്ളത്. പ്രധാനമായും പഞ്ചായത്തിലുപയോഗിക്കുന്ന ഊർജ്ജ സ്രോതസ്സുകൾ താഴെ പറയുന്നവയാണ്. 1) വിറകും വിറകുല്പന്നങ്ങളും 2) വൈദ്യുതി 3) പെട്രോളിയം ഉല്പന്നങ്ങളും പ്രകൃതിവാതകവും 4) ജൈവവാതകം.

ഈ പഞ്ചായത്ത് ഊർജ്ജ മേഖലയിൽ വളരെയധികം പ്രതിസന്ധികൾ നേരിടുന്നു. പ്രധാനമായും ജനങ്ങൾ ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ്സ് വിറകാണെങ്കിലും വിറകിന് ക്ഷാമം നേരിടുന്നു. പഞ്ചായത്തിലെ പൊതു വിതരണ കേന്ദ്രങ്ങളിലെ കണക്കു പ്രകാരം 2743 കാർഡുടമകളിൽ 1704 പേരുടെ വീടുകൾ മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. ബാക്കി 1039 വീടുകൾ ഇനിയും വൈദ്യുതീകരിക്കുവാനുണ്ട്. 151 വ്യാപാര സ്ഥാപനങ്ങളിലും 21 ചെറുകിട വ്യവസായയൂണിറ്റുകൾക്കും, 33 കാർഷിക ആവശ്യങ്ങൾക്കും ഈ പഞ്ചായത്തിൽ വൈദ്യുതി നൽകുന്നു.

വൈദ്യുതി കണക്ഷൻ ലഭിക്കാൻ അപേക്ഷ കൊടുത്ത് കാത്തിരിക്കുന്നവരുടെ എണ്ണം 109 ആണ്. ഇവരിൽ പെട്ടന്ന് കണക്ഷൻ കിട്ടാൻ otp oye പകരം അപേക്ഷ നൽകിയവർ 26 പേർ.

വൈദ്യുതി വിതരണത്തിനായി 8 എൽ.ടി. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. പൊതു ജനോപകാരപ്രദമായി 40 w ബൾബ് 80 എണ്ണവും 40 ട്യൂബും 6 സോഡിയം വേപ്പർ ലാമ്പും പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്നുവെങ്കിലും ഇവയൊന്നും തന്നെ പ്രകാശം ചൊരിയുന്നില്ല എന്നുള്ളതാണ് സത്യം. പഞ്ചായത്ത് ഒരു വർഷം 28773 രൂപാ കറന്റ് ചാർജ്ജ് ഇനത്തിൽ വൈദ്യുതി ബോർഡിൽ അടയ്ക്കുന്നു. 8 എൽ ടി ട്രാൻസ്ഫോർമർ ഉണ്ടെങ്കിലും വോൾട്ടേജ് വളരെ പരിമിതമാണ്. പ്രത്യേകിച്ച് 1-ാം വാർഡിന്റെ മദ്ധ്യഭാഗത്തും തെക്കേയറ്റത്തും, പുതുവേലി 4-ാം വാർഡിലും, പൂവക്കുളം 7,8 വാർഡുകളിലും.

നാമമാത്ര വീടുകളിൽ മാത്രമാണ് ഗ്യാസ് കണക്ഷൻ ഉള്ളത്. പാചകവാതകഗ്യാസിനുവേണ്ടി പാല, മൂവാറ്റുപുഴ, തൊടുപുഴ, പിറവം എന്നി കേന്ദ്രങ്ങളെ ആശ്രയിക്കുന്നു. റേഷൻ കടകൾ വഴി കാർഡടിസ്ഥാനത്തിൽ 95-96 വർഷത്തിൽ 69905 ലിറ്ററും പെർമിറ്റ്വഴി 22900 ലിറ്ററും മണ്ണെണ്ണ വിതരണം ചെയ്യുന്നു. ഇതിൻ പ്രകാരം ഒരു മാസത്തിൽ 7750 ലിറ്റർ മണ്ണെണ്ണ ഈ പഞ്ചായത്തിൽ ആവശ്യമാണ്.

പൊതുവായ പ്രശ്നങ്ങൾ

1. വൈദ്യുതി രംഗത്തെ വോൾട്ടേജ് ക്ഷാമവും, പ്രഖ്യാപിതവും അപ്രഖ്യപിതവുമായ പവർകട്ടുകൾ.
2. പാചക വാതക ഏജൻസിയുടെ അഭാവം.
3. വോൾട്ടേജ് ഇംപ്രൂവുമെന്റിനു വേണ്ടി കൊടുത്തിട്ടുള്ള അപേക്ഷകൾ പരിഗണിക്കുന്നില്ല.

സാദ്ധ്യതകൾ

1. പഞ്ചായത്തിലെ വോൾട്ടേജ് രൂക്ഷമുള്ള സ്ഥലങ്ങളിലെല്ലാം പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. ലോഡുകണക്കാക്കി ട്രാൻസ്ഫോർമറുകളിൽ ആവശ്യമായ മാറ്റം വരുത്തുക.

2. ഇലക്ട്രിക് ലൈനുള്ള പബ്ലിക് റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
3. നിലവിലുള്ള ലൈറ്റുകൾ കത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
4. പഞ്ചായത്തുതലത്തിൽ ജൂനിയർ എഞ്ചിനിയർ (KSEB) ആഫീസ് സ്ഥാപിക്കുക.
5. പഞ്ചായത്തിന്റെ പ്രധാന ജംഗ്ഷനുകളിൽ രണ്ടുഫ്രെയിമുള്ള ഫ്ലൂറസന്റ് ട്യൂബ് സ്ഥാപിക്കുക.
6. താഴ്ന്ന വരുമാനക്കാർക്ക് സൗജന്യ വൈദ്യുത കണക്ഷൻ കൊടുക്കുക.
7. കാഞ്ഞിരമലയിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറിൽ നിന്ന് മറ്റു ജില്ലകളിലേക്ക് കണക്ഷൻ കൊടുത്തിരിക്കുന്ന കൺസ്യൂമേഴ്സിന്റെ കണക്ഷൻ വിഛേദിച്ചുകൊണ്ട് വോൾട്ടേജ് ക്ഷാമം ഒരു പരിധി വരെ പരിഹരിക്കാം.
8. ആവശ്യ മുള്ള സ്ഥലങ്ങളിൽ സിംഗിൾ ഫെയിസ് ത്രീ ഫെയിസ് ആക്കി വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
9. വൈദ്യുത ലൈനുകളിൽ തട്ടുന്ന വൃക്ഷശിഖരങ്ങൾ കാലാകാലങ്ങളിൽ മുറിച്ചു നീക്കുക.
10. ഊർജ്ജ ലാഭമുള്ള വൈദ്യുതി ദീപങ്ങൾ പ്രചരിപ്പിക്കുക.
11. ദക്ഷതകൂടുതലുള്ള വിറകടുപ്പുകൾ പ്രചരിപ്പിക്കുന്നതിനുള്ള ബോധവല്ക്കരണം നടത്തുക. സബ്സിഡി കൊടുക്കുക.
12. ബയോഗ്യാസ് പ്ലാന്റ് കൂടുതൽ പ്രരിപ്പിക്കുക. ആവശ്യമായ സബ്സിഡി കൊടുക്കുക.
13. വിറകിന്റെ കൂടുതൽ ലഭ്യതക്കുവേണ്ടി സ്വകാര്യ ഭൂമിയിലും സ്ക്കൂൾ കോമ്പൗണ്ടുകളിലും റോഡു പുറമ്പോക്കുകളിലും സാമൂഹ്യ വന വല്ക്കരണ പദ്ധതി നടപ്പിലാക്കുക.

<u>ഗതാഗതം</u>

വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ പ്രധാന ഗതാഗതമാർഗ്ഗം റോഡു മാത്രമാണ്. എന്നാൽ പൊതുവേ ഗതാഗതസൗകര്യം അപര്യാപ്തമാണ്. നിലവിലുള്ള റോഡുകളുടെ പൊതുസ്ഥിതി വളരെ ശോചനീയമാണ്. മിക്കവാറും റോഡുകൾക്ക് നടപ്പാതകളോ കൾവർട്ടുകളോ ഓവു ചാലുകളോ ഇല്ല. അറ്റകുറ്റ പണികൾ തീരെ നടത്തുന്നില്ല. മഴക്കാലം കഴിയുന്നതോടെ റോഡുകൾ പൊട്ടിപൊളിഞ്ഞ് ഗതാഗത യോഗ്യ മല്ലാതാകുന്നു.

പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തുകൂടി 5 കി.മി. നീളത്തിൽ M.C റോഡ് കടന്നു പോകുന്നു. വളരെ പഴക്കമുള്ള പാലവും കലുങ്കുകളും ഉള്ളതിനാൽ റോഡിന്റെ സുരക്ഷിതത്വം തീരെയില്ല. കലുങ്കുകളിൽക്കൂടി അത്യാവശ്യത്തിന് വെള്ളമൊഴുകി പോകാനുള്ള സാധ്യത കുറവായതിനാൽ അവ പൊളിച്ച് വീതി ക്കൂട്ടി പണിയേണ്ടിയിരിക്കുന്നു. പലസ്ഥലത്തും മഴ വെള്ളം റോഡ് കവിഞ്ഞൊഴുകി കൃഷിനാശം വരുത്തുന്നു.

പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കൂത്താട്ടുകുളം ഉഴവൂർ റോഡും കിഴക്കു ഭാഗത്തുകൂടി കൂത്താട്ടുകുളം - രാമപുരം റോഡും കിഴക്കേ അതിരു വഴി കൂത്താട്ടുകുളം ചോനം മല പൂവക്കുളം രാമപുരം റോഡും കടന്നു പോകുന്നു. ഈ റോഡുകളുടെയെല്ലാം സ്ഥിതി വളരെ ശോചനീയമാണ്. മേല്പറഞ്ഞ റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന അനുബന്ധ റോഡുകൾ ഇനിയും പൂർത്തികരിക്കാനുണ്ട്. ഇപ്രകാരം ബന്ധിപ്പിക്കുന്നതും P.W.D ഏറ്റെടുക്കേണ്ടതായ ഒരു റോഡാണ് പുതുവേലി - വെളിയന്നൂർ, താമരക്കാട്-പെരുംകുറ്റി പൂവളം- തേക്കമല - ചേനപ്പറമ്പ് റോഡ്, കൂത്താട്ടുകുളം- വെളിയന്നൂർ ഉഴവൂർ, മരങ്ങാട്ടുപ്പള്ളി- കിടങ്ങൂർ മണർകാട്- കോട്ടയം വഴിയായി സ്റ്റേറ്റ് ഹൈവേ അനുവദിക്കേണ്ടതും ആയത്. എം.സി. റോഡിന് സമാന്തരമായി ആരംഭിച്ചാൽ എം. സി. റോഡിലെ ഗതാഗതതിരക്ക് കുറക്കാവുന്നതാണ്.

വെളിയന്നൂർ പഞ്ചായത്തിലുള്ള വിവിധയിനം റോഡുകളുടെ പേരും നീളവും ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

	P.W.D - റോഡ്	നീളം
1.	എം. സി. റോഡ്	5 കി.മി.
2.	കൂത്താട്ടുകുളം- ഉഴവൂർ	8 കി.മി.
3.	കൂത്താട്ടുകുളം- രാമപുരം താമരക്കാട് വഴി	3.5 കി.മി.
4.	ചോനംമല - പൂവക്കുളം - രാപുരം	6.കി.മി.
5.	പുതുവേലി - അരിക്കര	3.5 കി.മി.
6.	തലയോലപറമ്പ് - കൂത്താട്ടുകുളം	3.കി.മി.
7.	ചോരക്കുഴി - കാഞ്ഞിരമല	2.കി.മി.
8	കാഞ്ഞിരമല - കിഴകൊമ്പ്	1.കി.മി.

പഞ്ചായത്തുറോഡുകൾ - ഇതര റോഡുകൾ

ക്രമ നമ്പർ	വാർഡു നമ്പർ	റോഡിന്റെ പേര്	മൺ റോഡ് കി.മീ.	ടാർ റോഡ് കി.മീ.	ആകെ നീളം	ആകെ വീതി
1.	1.	വന്ദേമാതരം - ചെട്ടിയാറയക്കൽ	720.മി.	250.മി.	970 മി.	6.മി
2.	1.	അരീക്കര- കിരിപ്പേൽ മല	600 മി.	900 മി.	1500മി.	8 മി.
3.	1	അരീക്കര- വറുക്കുന്നുമല- താമരക്കാട്	1900 മി.	100 മി.	2000 മി	5 മി.
4.	1.	വെളിയന്നൂർ എൽ.പി.എസ്. താമരക്കാട്	2150	150 മി.	2300 മി	.4 മി.
5.	1.	മണ്ണാർമറ്റം താമരക്കാട്	2200 മി.	200 മി.	2400 മി	.6 മി.
6.	1	പെരുമറ്റം - വള്ളോപ്പിള്ളി	1500	-	1500	4 മി.
7.	1.	മൃഗാശുപത്രി ചെട്ടിയാറയക്കൽ	1500	-	1500	4 മി.
8.	1	കിരിപ്പേമല- നിരപ്പ് വടക്കേച്ചാലിൽ- ചിറക്കുഴി പുത്തൻ പുര	1000	-	1000	3 മി.
9.	1	കാരാമ്മക്കുഴി - എളമ്പനാത്തടം വള്ളോപ്പിള്ളി	500	-	500	3 മി.
10.	1	മൂലേക്കുന്ന് - പുത്തൻ പുരയ്ക്കൽ	500	-	500	3 മി.
11.	1,2	അരീക്കര - കൂടപ്പുലം (ഐണ്ടന്നാപുറം)	800	800	1600	8 മി.
12.	2	ഉറവക്കുഴി - കണ്ണോത്തുകുളം	620	-	620	4 മി.
13.	2	അരീക്കര - വിട്ടിക്കമല	390	170	560	6 മി.
14.	2	അട്ടിപ്പീടിക - ചാഴികാട്ട് - പുത്തൻപുരയ്ക്കൽ	1750	-	1750	4 മി.
15	2	വന്ദേമാതരം - കൊങ്ങാട്ടു കുന്നേൽ	500	-	500	4 മി.
16	3	പുതുവേലി - മുളയാനിയക്കക്കുന്ന് - ഉഴവൂർ	-	1000	1000	8 മി.
17	3	മുളയാനിയക്കക്കുന്ന് - പയസ്മൗണ്ട് -	350	350	4 മി.	
18	3	ആച്ചിക്കൽ - പെരുമ്പനാക്കുഴി	500	100	600	4 മി.
19.	3	കുന്നുംചിറ - മോനിപ്പള്ളി	1300	300	1600	4 മി.
20	3	വടക്കേടത്തു പീടിക - മൃഗാശുപത്രി	800	200	1000	4 മി.
21	3	പുതുവേലി ആർ. പി. എസ്. എം. സി. റോഡ്	700	-	700	4 മി.
22.	2,3, 4,5	പുതുവേലി - വെളിയന്നൂർ	400	1600	2000	8 മി.
23	4	കൊറ്റം കൊമ്പ് - ചക്കാലപ്പാറ	-	1550	1550	6 മി.
24	4	ചിറയം - അരുവാവളവ്	250	280	530	4 മി.
25.	4	ആനിക്കൂട്ടം - മലയിൽ	400	200	600	4 മി.
26	4	കാഞ്ഞിരമല - ചമ്പമല	600	-	600	8 മി.
27.	5	ചൂളായിക്കോട്ടിൽ - കരിങ്കീരിതാഴം	800	-	800	4 മി.
28.	4	ലക്ഷം വീട് - വേട്ടുചിറ	750	-	750	3 മി.
29.	4	വെള്ളവള്ളിൽ - മാങ്കിലേട്ട്	750	-	750	3 മി.
30	4	സീതാർകുഴി - വണ്ടനാൽമല	850	-	850	3 മി.
31.	4	വൈക്കം കവല - കുന്നുമ്മേൽ	700	-	700	3 മി.
32	5,6	കുളങ്ങരാമറ്റം - കുടശ്ശേരി	-	1000	1000	4 മി.

33	5	വാഴയിൽ - കുഴിപ്പാനിമല - ലക്ഷം വീടുകൊളനി	1000	-	1000	4 മി.
34	4,5	കുഞ്ഞറക്കാട് - സീതാർകുഴി	2320	430	2750	4 മി.
35	5	കുളങ്ങരമറ്റം - പുതിയാമറ്റം	3000	-	3000	4 മി.
36	5	സീതാറുകുഴി - ചേരുങ്കതടം	1650	-	1650	4 മി.
37	6	മുണ്ടുപ്ലാക്കൽ - കുളങ്ങരാമറ്റം	1760	-	1760	5 മി.
38	6	പടിഞ്ഞാട്ടേൽ- കുളങ്ങരാമറ്റം	-	230	230	4 മി.
39	6	അമനകര - കടുവാപ്പാറ - താമരക്കാട്	640	-	640	4 മി.
40	6	വെയ്ക്കത്തുമല - പാറത്തൊട്ടി	515	-	515	4 മി.
41	6	കുടശ്ശേരി - മഠത്തിപ്പറമ്പ്	1300	-	1300	4 മി.
42	6	താമരക്കാട് ഷാപ്പിൻപടി - പൂവക്കുളം	515	-	515	4 മി.
43	6	താമരക്കാട് - ചൂഴികുന്ന്	1000	-	1000	4 മി.
44	1,6	വെളിയന്നൂർ - താമരക്കാട്	-	1900	1900	8 മി.
45	7	പൂവക്കുളം - തേക്കമല	900	-	900	8 മി.
46	7	പൂവക്കുളം - ചൂഴിക്കര	800	-	800	4 മി.
47	7	തേക്കനാട് - തേക്കമല	850	-	850	8 മി.
48	7	പൂവക്കുളം - കാരമല	950	-	950	8 മി.
49.	7	ആനിച്ചുവട് - പൂവക്കുളം	1200	600	1800	6 മി.
50	7	പൂവക്കുളം - എരപ്പുങ്കര	300	-	300	4 മി.
51	8	പ്രിയദർശിനി - ചിറ്റേത്തുകുന്ന്	610	-	610	4 മി.
52	8	കൃഷിഭവൻ-	400	-	400	6 മി.
53	8	പാറത്തോട്ടാൽ - വനം കോളനി - പെരുംകുറ്റി	1250	-	1250	4 മി.
54	8	ചന്ദനശേരി വാച്ചാലിൽ - തൂക്കനാട്ടുതാഴം	1700	-	1700	5 മി.
55	8	പെരുംകുറ്റി - പൂവക്കുളം	-	1000	1000	8 മി.
56	1	പെരുംമ്പേൽഭാഗം കൊച്ചുവെട്ടിയ്ക്കൽ	1000	-	1000	4 മി.
57	5	പട്ടർകുന്ന് കഠികിരിതാഴം	500	-	500	4 മി.
58	5	ഹെൽത്ത് സെന്റർ ഉള്ളാടപിള്ളിൽ	1200	-	1200	3 മി.

ഈ പഞ്ചായത്തിലെ മൊത്തംPWD റോഡുകൾ 32 കി.മിറ്ററും പഞ്ചായത്തും ഇതര റോഡുകളും 65 കി.മിറ്ററും മാകുന്നു. 8 മിറ്റർ വീതിയുള്ളതും ഈ പഞ്ചായത്തിന്റെ കിഴക്കു പടിഞ്ഞാറ് ബന്ധിപ്പിക്കുന്ന പുതുവേലി - വെളിയന്നൂർ - താമരക്കാട് - പെരുംകുറ്റി - പൂവക്കുളം - തേക്കമല - ചേനപ്പറമ്പ് റോഡ് 6 കി.മിറ്റർ നീളമുള്ള ഈ റോഡ് P.W.D എത്രയും പെട്ടെന്ന് ഏറ്റെടുക്കേണ്ടതാണ്.

<u>ഗ്രാമസഭകളിൽ നിന്നും ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ.</u>

1 a) കൂത്താട്ടുകുളം - വെളിയന്നൂർ - ഉഴവൂർ - മരങ്ങാട്ടുപിള്ളി - കിടങ്ങൂർ വഴി സ്റ്റേറ്റ് ഹൈവേ അനുവദിക്കുക.

1 b) നിർദ്ദിഷ്ട ആലപ്പുഴ - മധുര ഹൈവേ - പുതുവേലി, വെളിയന്നൂർ പൂവക്കുളം വഴി തൊടുപുഴ വഴി അനുവദിക്കുക.

2. P.W.D, ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്ത് ടാർ ചെയ്യേണ്ടതും പുനരുദ്ധരിക്കേണ്ടതുമായ റോഡുകൾ.

a പുതുവേലി വെളിയന്നൂർ - താമരക്കാട്ട് പെരുംകുറ്റി പൂവക്കുളം തേക്കമല വഴി തൊടുപുഴക്കുള്ള റോഡ്

b പുതിയാമറ്റം റോഡ് - കുളങ്ങരാമറ്റം

c. ആനിച്ചുവട് - പൂവക്കുളം കാരമല റോഡ്

d. പുതുവേലി മുളയാനിക്കുന്ന് - ഉഴവൂർ റോഡ്

e. അരീക്കര ഐങ്ങനാമ്പുറം കൂടപ്പുലം റോഡ്

f. അരീക്കര ആശാരിപറമ്പേൽ താമരക്കാട്ട് റോഡ്

g. അരീക്കര വരുങ്ങുന്നു മല താമരക്കാട്ട് റോഡ്

3. ഒരു വാർഡിൽ വർഷത്തിൽ ഒരു വഴിവീതം ഏറ്റെടുത്ത് പണി നടത്തുക.

4. ടാറിംഗ് പൂർത്തിയാക്കാത്ത റോഡിന്റെ പൂർത്തീകരണം നടത്തുക.

5. നിലവിലുള്ള P.W.D പഞ്ചായത്ത് റോഡുകൾക്ക് ഓടകൾ തീർക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.

6. നീർക്കെട്ട് ഒഴിവാക്കാൻ ആവശ്യമുള്ളിടത്ത് കലുങ്കുകൾ നിർമ്മിക്കുക.

7. എം.സി. റോഡിൽ 186/1000 കലുങ്ക് അടിയന്തിരമായി പൊളിച്ച് വീതി കൂട്ടി പണിയുക.

8. വെയിറ്റിംഗ് ഷെഡ് ഇല്ലാത്ത വാർഡുകളിൽ വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുക.

<u>യാത്രാസൗകര്യം</u>

പഞ്ചായത്തിൽ കിഴക്കുപടിഞ്ഞാറുള്ള യാത്രാസൗകര്യം തുലോം കുറവാണ്. ആയതിനാൽ കൂടുതൽ ബസ് സർവ്വീസ് കിഴക്കു പടിഞ്ഞാറായി ഏർപ്പെടുത്തുക.

<u>സാദ്ധ്യതകൾ</u>

1. വൈക്കം - പുതുവേലി -വെളിയന്നൂർ - താമരക്കാട് പെരുകുറ്റി പൂവക്കുളം, തേക്കമല വഴി, പുതിയറൂട്ട് തൊടുപുഴക്ക് അനുവദിക്കുക

2. കോട്ടയം, പൂവക്കുളം ബസ്സ് സർവ്വിസ് പുതുവേലി, വെളിയന്നൂർ, താമരക്കാട്, പെരുംകുറ്റി വഴി അനുവദിക്കുക.

3. കോട്ടയം, വെളിയന്നൂർ കെ.എസ്.ആർ.ടിസി. സർവ്വീസ് കുളങ്ങരാമറ്റം വരെ നീട്ടുക.

4. പാലാ, കൂത്താട്ടുകുളം, ആനിച്ചുവട്, പൂവക്കളം, കാരമലവഴി ബസ് സർവ്വീസ് അനുവദിക്കുക.

5. പാലാ, കൂത്താട്ടുകുളം, ആനിച്ചുവട്, പൂവക്കളം, ചോനമല വഴി ബസ് സർവ്വീസ് അനുവദിക്കുക.

6. വൈക്കം, തൊടുപുഴ, രാമപുരം, അമനകര, കിരിപ്പേൽ മല, അരീക്കര, പുതുവേലി വഴി ബസ് സർവ്വീസ് അനുവദിക്കുക.

7. പാലാ, മൂവാറ്റുപുഴ, അരിക്കര, വെളിയന്നൂർ വഴി ബസ്സ് റൂട്ട് അനുവദിക്കുക.

8. പാലായിൽ നിന്ന് മലബാർ ഭാഗത്തേക്കു പോകുന്ന ബസ്സുകൾ, അരീക്കര, വെളിയന്നൂർ പുതുവേലി വഴി പോകുക.

9. നിലവിൽ സർവ്വീസ് നടത്തുന്ന വൈക്കം, തൊടുപുഴ എല്ലാ ബസ്സുകളും പുതുവേലി, വെള്ളച്ചാലിൽ കവലയിൽ വന്ന് പോകണമെന്ന് 40 വർഷം മുൻപ് പഞ്ചായത്തുകമ്മറ്റി തീരുമാനിച്ചതാണ്. ആ തീരുമാനം നടപ്പാക്കുക.

<u>റെയിൽവേ</u>

അങ്കമാലിയിൽ നിന്ന് കോട്ടയത്തിനുപൊകാൻ ഏറ്റവും എളുപ്പമുള്ളതും, തീർത്ഥാടന കേന്ദ്രമായ മലയാറ്റൂർ, കാലടി, മൂവാറ്റുപുഴ, കൂത്താട്ടുകുളം, പുതുവേലി, ഉഴവൂർ, കുറവിലങ്ങാട്ട്, കുറുപ്പുന്തറ വഴി അനുവദിക്കുകയും ആയത് എറണാകുളം, കോട്ടയം ലൈനുമായി ബന്ധിപ്പിക്കുക.

2. <u>എറണാകുളം മധുര</u>

വെള്ളൂർ ന്യൂസ്പ്രിന്റിൽ നിന്നും തുടങ്ങി പുതുവേലി, വെളിയന്നൂർ, താമരക്കാട്, പൂവക്കുളം, പാലാ, കാഞ്ഞിരപ്പിള്ളി, ഏരുമേലി, ശബരിമല, പുനലൂർ വഴി റെയിൽവേ ലൈൻ അനുവദിക്കുകയും. അത് കൊല്ലം മധുര ലൈനുമായി ബന്ധിപ്പിക്കുക.

<u>വാർത്താവിനിമയം</u>

വെളിയന്നൂർ ഗ്രാമപഞ്ചായത്തിൽ വാർത്താ വിനിമയസൗകര്യം വളരെ കുറവാണ്. ഈസൗകര്യം വിപുലപ്പെടുത്തുന്നതിനുവേണ്ടി പഞ്ചായത്തു തലത്തിൽ ആധുനിക ടെലിഫോൺ എക്സ്ചേഞ്ച് സ്ഥാപിക്കുക. പുതുവേലി സബ് പൊസ്റ്റോഫീസ് മെയിൻ പോസ്റ്റഫീസ് അനുവദിക്കുകയും വെളിയന്നൂർ സബ് പൊസ്റ്റാഫീസ് മെയിൻ പോസ്റ്റാഫിസാക്കി ഉയർത്തുക. കൂടാതെ അരീക്കരയിലും പൂവക്കുളത്തും സബ്പോസ്റ്റാഫിസ് ആരംഭിക്കുക

5 പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

വെളിയന്നൂർ പഞ്ചായത്തിൽ 1991 ലെ സെൻസസ് പ്രകാരം 2379 വീടുകൾ ഉണ്ട്. ഈ വീടുകളിൽ നല്ല രീതിയിൽ നിർമ്മിച്ചിട്ടുള്ള വീടുകൾ മുഖ്യമായും പരമ്പരാഗത രീതിയിൽ കല്ലുകൊണ്ടു ഭിത്തിയും, തടികൊണ്ടുള്ള മേൽക്കൂരയിൽ ഓടുമേഞ്ഞവയുമാണ്. ഇവ അത്യാവശ്യ ജീവിത സൗകര്യങ്ങളോടുകൂടിയ താരതമേന്യ ചെലവുകുറഞ്ഞതും ആർഭാടരഹിതവുമാണ്. കഴിഞ്ഞ കുറെ വർഷങ്ങളിലെ പുതിയകൊട്ടിട നിർമ്മാണ പ്രവണത അനാവശ്യമായചെലവുകൾ കൂടികൂടി വരുന്നതിനേയാണ് കാണിക്കുന്നത്. കോൺക്രീറ്റ് ഭ്രമവും വ്യാപകമാവുന്നുണ്ട്. മിനിമം വാസയോഗ്യമല്ലാത്ത കുടിലുകൾ പനയോലയും മുളയും, കവുങ്ങും ഉപയോഗിച്ച് നിർമ്മിച്ചവയും ഉറപ്പില്ലാത്ത ഭിത്തിയോടുകൂടിയവയുമാണ്.

ഗ്രാമസഭയുടെ കണക്കനുസരിച്ച് 3120 വീടുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഭവനം ഇനിയും വേണ്ടവർ 485 പേരാണ് 45 വീട്ടുകാർ ഇപ്പോളുംസ്വന്തമായി സ്ഥലമില്ലാതെ പുറമ്പോക്കുകളിൽ താമസിക്കുന്നു. ഈ പഞ്ചായത്തിൽ നിന്നും ഈ വർഷം 126 കുടുംബങ്ങൾക്ക് കക്കൂസിനുള്ളസാധനങ്ങൾ വാങ്ങിച്ചു നൽകുകയുണ്ടായി ഇനി 1320 പേർക്ക് കക്കൂസ് ആവശ്യമാണ്.

സ്വന്തമായി സ്ഥലമില്ലാത്തവരും റോഡുപുറമ്പോക്കിൽ താമസിക്കുന്നവർക്കും അടിയന്തിരമായി ഭവനസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് ആവശ്യമാണ്. ഇങ്ങനെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുമൂലം ഗതാഗതസുരക്ഷിതത്വം ഉണ്ടാകുന്നതാണ്.

ഭവന നിർമ്മാണ സഹകരണസംഘം ഈ പഞ്ചായത്തിലില്ല. ഭൂമിയുടെ ക്രമാതീതമായ വിലവർദ്ധന ഭവന നിർമ്മാണരംഗത്ത് ഭൂരഹിതരെയും, നാമമാത്ര ഭൂമിയുള്ളവരെയും സാരമായി ബാധിച്ചിട്ടുണ്ട്. ഇത് വയലുകൾ നികത്തി കെട്ടിടം നിർമ്മിക്കുന്നതിന് പ്രേരകമായിട്ടുണ്ട്. ഈ പഞ്ചായത്തിൽ നിലവിലുള്ള ലക്ഷം വീടുകൾ നനഞ്ഞൊലിച്ചുകിടക്കുന്നു.

ഭവന നിർമ്മാണ രംഗത്തെ പ്രധാന പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും, ഭൂമിയുടെ ക്രമാതീതമായ വിലവർദ്ധനവും.
2. വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ്
3. വായ്പകൾ ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ട്.
4. ഭൂരഹിതരുടെ പ്രശ്നങ്ങൾ.
5. കെട്ടിട നിർമ്മാണ വിദഗ്ദ്ധ തൊഴിലാളികളുടെ ഉയർന്ന കൂലിനിരക്ക്.
6. ഈ പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘമില്ല.

ഈ രംഗത്തെ പ്രശ്ന പരിഹാരസാദ്ധ്യതകൾ.

1. പഞ്ചായത്തതിർത്തിയിൽപെട്ട P.W.D റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്ന 45 കുടുംബങ്ങൾക്ക് പുനരധിവാസ പദ്ധതി നടപ്പിലാക്കുകയും റോഡുപുറമ്പോക്കിലുള്ള അനധികൃത വീടുകളുടെ പുനരുദ്ധാരണം നടത്തുക.
2. ലക്ഷ വീടു കോളനികളിലെ വീടുകളുടെ പുനരുദ്ധാരണം നടത്തുക.
3. താഴ്ന്ന വരുമാനക്കാരായ എല്ലാവർക്കും ഭവന, കക്കൂസ് നിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.
4. ഭവന നിർമ്മാണ ധനസഹായത്തിന് വിവിധ ഏജൻസികളുടെ നടപടിക്രമം ലഘൂകരിക്കുക.
5. ഭവന നിർമ്മാണ സഹകരണ സംഘം പഞ്ചായത്തിൽ സ്ഥാപിക്കുക.
6. കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കാൻ സൊസൈറ്റികൾ സ്ഥാപിക്കുക.
7. തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങുക.
8. പൂവക്കുളം വനം കോളനിയിൽ 40 വർഷമായി താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുക.

സാമൂഹ്യക്ഷേമം

വെളിയന്നൂർ പഞ്ചായത്തിൽ ഭൂരിഭാഗം കുടുംബങ്ങളും ദാരിദ്രരേഖക്കു താഴെയുള്ളത്. I.R.D.P ലിസ്റ്റിൽ പ്രകാരം പഞ്ചായത്തിലാകെ 1136 കുടുംബങ്ങൾ ഉണ്ട്. ഇതിൽ 57 SC ST കുടുംബങ്ങളാണ്. 80ം പദ്ധതി പ്രകരം 470 പേർക്ക് ധന സഹായം ലഭിച്ചതുകൊണ്ട് 409 കുടുംബങ്ങളെ ദാരിദ്രരേഖക്കുമുകളിൽ കൊണ്ടുവരുവാൻ സാധിച്ചു. ട്രൈസം പദ്ധതി പ്രകാരം തൊഴിൽ പരിശീലനം ലഭിച്ചവർ 19.ഉം സ്വയം

തൊഴിലിൽ ചേർന്നവർ 4 ഉം മറ്റു തൊഴിൽ ലഭിച്ചവർ 15 ഉം ആകുന്നു.

സാമൂഹ്യവനവല്ക്കരണ പരിപാടി 1993 94 കാല ഘട്ടത്തിൽ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഈ പദ്ധതി നിലവിലില

D W C R A വഴി രൂപപ്പെട്ട തൊഴിൽ സംരഭങ്ങൾ

1. കാർഷികനേഴ്സറി 1994- 95 ൽ 1-ാം വാർഡിൽ ആരംഭിച്ചു (10 പേർ)
2. നെല്ലുപുഴുങ്ങി അരിയാക്കൽ 1995- 96 ൽ 2- ാം വാർഡിൽ ആരംഭിച്ചു. (10പേർ).
3. ബുക്കുബയന്റിംഗ് 1995- 97 2- ാം വാർഡിൽ (10 പേർ) പ്രവർത്തനം തുടങ്ങിയിട്ടില്ല.
4. ബുക്കുബയന്റിംഗ് 1996- 93 6 -ാം വാർഡ് (10 പേർ) പ്രവർത്തനം ഭാഗികമായി നടക്കുന്നു.

നിലവിൽ ഇതു പഞ്ചായത്തിൽപെട്ടതും വില്ലേജാഫീസുവഴി വിതരണം നടത്തുന്നതുമായ പെൻഷനുകളുടെ വിവരം

ഇനം	ലഭിക്കുന്നവരുടെ എണ്ണം
വാർദ്ധക്യകാല പെൻഷൻ	20
വിധവ	42
വികലാംഗ	45
സ്വാതന്ത്ര സമരസേനാനി	1
ക്ഷയരോഗി	1
ക്യാൻസർ രോഗി	1

ക്ഷേമ പ്രർത്തനങ്ങളുടെ ഭാഗമായി 8 ാം പദ്ധതിയിൽ V.E.O വഴി താഴെ പറയുന്ന സ്കീമുകൾ നടപ്പിലാക്കി വരുന്നതായി പറയുന്നു. അതിന്റെ പ്രയോജനം പൂർണ്ണമായും ഉപഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടോയെന്നു സംശയമാണമ്.

1. സംയോജിത ഗ്രാമ വികസന പരിപാടി (I.R.D.P)
2. കുടുംബ വായ്പ പദ്ധതി (ഫാമിലി ക്രെഡിറ്റ് plan)
3. ഗ്രാമ വനിതാശിശു വികസന പദ്ധതി (D.W.C.R.A)
4. ഇന്ദിരാ ആവാസ്യോജന(I.A.Y)
5. ദശ ലക്ഷകിണർ പദ്ധതി (Million Well Program)
6. ട്രൈസം പദ്ധതി (ട്രെയിനിംഗ് ഓഫ് യൂത്ത് ഫോർ സെൽഫ് എംപ്ലോയ്മെന്റ്).
7. ഗ്രാമീണകൈത്തൊഴിലുകൾക്ക് മെച്ചപ്പെട്ട തൊഴിൽ ഉപകരണവിതരണ പദ്ധതി.
8. കേന്ദ്രഗ്രാമശുചിത്വ പദ്ധതി (സെൻട്രൽ സ്ഫോൺസേർഡ് സാനിട്ടേഷൻ പ്രോഗ്രാം)
9. സ്ത്രീകൾക്കുള്ള വില്ലേജ് കോംപ്ലക്സ്.

മേൽ വിവിരിച്ച പദ്ധതിയുടെ പ്രയോജനം ലഭിക്കന്നതിലേക്ക് ആവശ്യമായ ബോധവല്ക്കരണവും വായ്പയെടുക്കുമ്പോൾ അത് തിരികെയടയ്ക്കാനും കുടിശ്ശിക വരാതിരിക്കാനുമുള്ളകാര്യങ്ങൾ ബോധ്യപ്പെടുത്തികൊടുക്കണം.I.R.D.P, D.W.C.R.A ഉൾപ്പെടെ 90 96 വർഷത്തിൽ 7 ലക്ഷം രൂപയുടെ വായ്പയും 2½ ലക്ഷം രൂപാ സബ്സിഡിയിനത്തിലും അനുവദിക്കുകയുണ്ടായി. കൃഷിവികസനത്തിനു വേണ്ടി പമ്പു സെറ്റുവാങ്ങാൻ 1 ലക്ഷം രൂപയും കിണർകുഴിക്കുന്നതിനായി 87000 രൂപായും കക്കൂസ് നിർമ്മാണത്തിന് 29600 രൂപായും വായ്പനൽകുകയുണ്ടായി.

6 ആരോഗ്യവും കുടിവെള്ളവും

വെളിയന്നൂർ പഞ്ചായത്തിൽ ഒരു ആയൂർവേദ ആശുപത്രിയും, ഒരു ഹോമിയോ ഡിസ്പെൻസറിയും പൂപക്കുളം വെളിയന്നൂർ, പുതുവേലി എന്നിവിടങ്ങളിലുള്ള കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുമാണ് പഞ്ചായത്തിലെ സർക്കാർ മേഖലയിലുള്ള പൊതു ജനാരോഗ്യസംവിധാനം.

പഞ്ചായത്തിലുള്ള ആയൂർവേദ ആശുപത്രികെട്ടിടം ഉപയോഗയോഗ്യമല്ല. പുതിയ കെട്ടിടം പണിതുകൊണ്ടിരിക്കുന്നു. പി.സി. തൊമസ്സ് എം.പി. യുടെ പ്രദേശികഫണ്ട് ഉപയോഗിച്ച് നിർമ്മിതിക്കാർ പണിനടത്തിവരുന്നു. കൂടാതെ പഞ്ചായത്തിൽ ഒരു അലോപ്പതി ആശുപത്രി അനുവദിക്കുകയുണ്ടായി. അഡ്വ ജോയി നടുക്കര എം.പി. യുടെഎ പ്രാദേശികഫണ്ട് ഉപയോഗിച്ച് പണിനടന്നുവരുന്നു. ഈ കെട്ടിടത്തുന്റെ പണിയും നിർമ്മിതി കേന്ദ്രമാണ് നടത്തുന്നത്..

എന്നാൽ രണ്ടാശുപത്രി കെട്ടിടങ്ങളുടെയും പണിയുടെ പുരോഗതി വളരെ ശോചനീയമാണമ്.

തറലവൽ പോലും ആയിട്ടില്ല. നിർമ്മിതി എത്രയും വേഗം ഈ കെട്ടിടങ്ങളുടെ പണി പൂർത്തികരിക്കേണ്ട താണ്.

പഞ്ചായത്തിലെ ജനങ്ങൾ ഇപ്പോൾ അലോപ്പതി ചികിത്സക്കുവേണ്ടി, ഉഴവൂർ, കൂത്താട്ടുകുളം തുടങ്ങിയ പ്രദേശങ്ങളിലെ ചില ഗവ. ആശുപത്രികളേയും സ്വകാര്യ ആശുപത്രികളേയും ആശ്രയിക്കുന്നു. പഞ്ചായത്തിൽ നിലവിലുള്ള കുടുംബക്ഷേമ ഉപ കേന്ദ്രങ്ങളുടെ പ്രവർത്തനവും തൃപ്തികരമല്ല.

ഈ പഞ്ചായത്തിൽ 1 ഏക്കറിൽ താഴെമാത്രം ഭൂമിയുള്ള കർഷകരാണ് കൂടുതലും. ആയതിനാൽ ഇപ്പോൾ ഈ പഞ്ചായത്തിൽ നിലവിലില്ലാത്ത ഒരു പൊതുശ്മശാനം വളരെ അത്യവശ്യമാണ്. കാരണം 1 ഏക്കർ ഭൂമിയിൽ തന്നെ വീടും കിണറും, തൊഴുത്തും മറ്റുകൃഷിസ്ഥലവും വരുന്നതിനാൽ പൊതുശ്മശാനം ആവശ്യമായിതീർന്നിരിക്കുന്നു.

<u>പൊതുവായ പരിഹാര നിർദ്ദേശങ്ങൾ</u>

1. കക്കൂസ് ഇല്ലാത്തവർക്കു നിർമ്മിക്കാനുള്ള സഹായ പദ്ധതി നടപ്പിലാക്കുക.
2. പൂവക്കുളത്ത് അലോപ്പതി ഡിസ്പെൻസറി സ്ഥാപിക്കുക
3. പഞ്ചായത്തിൽ ഒരു പ്രകൃതിചികിത്സാ കേന്ദ്രം അരീക്കരയിൽ സ്ഥാപിക്കുക.
4. 4,8 വാർഡുകളിലെ F.W.C അപ്ഗ്രഡ് ചെയ്യുക.
5. ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡോക്ടറുടെ സേവനം നിലവിലുള്ള F.W.C യിൽ നടത്തുക.
6. സ്ത്രീകൾക്ക് ആരോഗ്യപരിപാലനത്തിലുള്ള ബോധവല്ക്കരണം നടത്തുക.
7. മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ ആധുനിക രീതിയിലുള്ള കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുക.
8. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് കവറുകൾ നശിപ്പിക്കുവാൻ ബോധവല്ക്കരണം നടത്തുക.
9. പന്നികക്കൂസ് നിരുത്സാഹപ്പെടുത്തുക.
10. കുടിവെള്ളസ്രോതസ്സുകളുടെ പരിസരങ്ങൾ ശുചിയാക്കാനുള്ള നടപടി സ്വകരിക്കുക.
11. കശാപ്പുശാലകളുടെ പരിസരം ശുചിയാക്കുന്നതിനുള്ള നടപടികൾ സ്വകരിക്കുക.
12. പഞ്ചായത്ത്തലത്തിൽ ശാസ്ത്രീയ സ്ലോട്ടർ ഹൗസ് നിർമ്മിക്കുക.
13. നിലവിലുള്ള ഹോമിയോ ഡിസ്പെൻസറി 10 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക.
14. പൊതു ശ്മശാനം നിമ്മിക്കുക.

<u>കുടിവെള്ളം</u>

വെളിയന്നൂർ ഗ്രാമപഞ്ചായത്തു പ്രദേശത്തിന്റെ ഭൂരിഭാഗവും ഉയർന്ന കുന്നുകളും മലകളും നിറ ഞ്ഞതാണ്. ഉയർന്നഭാഗങ്ങൾ സമുദ്രനിരപ്പിൽ നിന്ന് വളരെ ഉയരമുള്ളതാണ്. സമതലപ്രദേശങ്ങളും പാട ശേഖരങ്ങളും വളരെ കുറച്ചു മാത്രമേയുള്ളു. വേനൽക്കാലത്ത് വറ്റാത്ത വെള്ളമുള്ള തോടുകൾ ഈ പഞ്ചായത്തിലില്ല. ആയതിനാൽ കുടിവെള്ളത്തിന് വളരെയധികം ബുദ്ധിമുട്ടുന്നു. ഇക്കാര്യത്തിൽ എല്ലാ വാർഡുകളും ഒരുപോലെയാണ്. ചിലപ്രദേശങ്ങളിൽ കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു എന്നുമാത്രം. കിണറുകൾ 5 മീറ്റർ താഴുമ്പോൾ എല്ലാ സ്ഥലത്തും പാറ കാണപ്പെടുന്നു.

ഈ പഞ്ചായത്തിൽ 80% ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം വളരെ രൂക്ഷമാണ്. കുടിവെള്ളപദ്ധതി നടപ്പാക്കാനാവശ്യമായ ജലസ്രോതസ് ഇല്ല. നാളിതുവരെ ഒരു ഏജൻസികളും കുടിവെള്ള പരിഹാരത്തിന് ഈ പഞ്ചായത്തിൽ ഒന്നും ചെയ്തിട്ടില്ല. 12 വർഷം മുൻപ് കേരള വാട്ടർ അതോറിറ്റി വഴി ഈ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ റോഡുകളിൽ കൂടി കുടിവെള്ളത്തിനായി പൈപ്പുകൾ സ്ഥാപിച്ചു വെങ്കിലും ഇന്നെവരെ ജനങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിച്ചിട്ടില്ല. ഏതാണ്ട് 6 മാസത്തോളം ഈ പഞ്ചായത്തിൽ ജലക്ഷാമം അനുഭവപ്പെടുന്നു.

ജനങ്ങൾ തലചുമടായും വാഹനങ്ങളിലും 2,3 കി.മി. അകലെ പോയി ജലം കൊണ്ടുവരുന്നു. ജലക്ഷാമം അതിരൂക്ഷമാകുമ്പോൾ സർക്കാർ വഴി പഞ്ചായത്തുവഴി വാഹനങ്ങളിൽ ജലം എത്തിക്കുന്നു. എന്നാൽ ഈ ജല വിതരണം പഞ്ചായത്തിന്റെ എല്ലാഭാഗത്തും എത്തിക്കുവാൻ സാധിക്കുന്നില്ല.

ജന പങ്കാളിത്തത്തോടുകൂടി കാരിത്താസ് ഇന്ത്യ പോലുള്ള സംഘടനകൾ വഴി ചില സ്ഥലത്ത് കുടിവെള്ളത്തിനുള്ള സംവിധാനം ഉണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. കുടിവെള്ളത്തിനായി 2 കുഴകിണറുകൾ മാത്രമേ ഈ പഞ്ചായത്തിലുള്ളു. എം. പി.യുടെ ഫണ്ട് ഉപയോഗിച്ച് ഈ കിണറുകളിൽ പമ്പുസെറ്റ് സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും ഇതിന്റെ പ്രവർത്തനം പൂർണ്ണമായും ഉപയോഗപെട്ടിട്ടില്ല. പണി പൂർത്തിയായി ട്ടില്ല.

പഞ്ചായത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ വാർഡ് അടിസ്ഥാന ത്തിൽ പട്ടികയിൽ താഴെ കൊടുക്കുന്നു.

വാർഡ്	പ്രദേശത്തിന്റെപേര്
1.	വള്ളോപ്പിള്ളിൽ, മൂലേക്കുന്ന്, ചെട്ടിയാറയ്ക്കൽ, വെളിയത്ത്, ഏളമ്പനാത്തടം, ഊന്നുപാറയ്ക്കൽ, വർകുന്നുമല, വന്ദേമാതരം ഹൈസ്ക്കൂളിന് പിറകുഭാഗ്.
2.	കിഴക്കേയ്കുന്ന്, വീട്ടിക്കമല, ഒറ്റമലച്ചേൽ, അരീക്കര SNUP സ്ക്കൂൾ ഭാഗം.
3.	മുളയാനിക്കുന്ന്,ആച്ചിക്കൽ,ഇളംതുരുത്തിപ്പാറ,പുലിക്കുന്ന്,പാലക്കാട്ട്,അരുവാവളവ്,തെറ്റംപാറ, വടക്കേടത്ത് ഭാഗം.
4.	പുതിയാമറ്റം, കാഞ്ഞിരമല, പട്ടിമാക്കീൽ ആടുപാറ, വട്ടപ്പാറ, വൈയ്ക്കം കവല, ലക്ഷംവീട് കോളനി, വേട്ടുചിറ, മലയിൽ, അരുവാവളവ്, കരോട്ടേപള്ളി, വണ്ടനാൽമല ഭാഗം.
5.	കുഴിപ്പാനിമല, വരിയ്ക്കാനിക്കകോളനി, പട്ടർകുന്നു ഭാഗം, കുടശ്ശേരിമല, പന്നപ്പുറംമല.
6.	കടുവാപ്പാറ, ചൂഴികുന്ന്, പരക്കാട്ട്, വൈയ്ക്കത്തുമല, തോട്ടുപുറം ഭാഗം.
7.	തേക്കമല, കുമ്പളംപൊയ്ക, കണ്ടനാമറ്റം, നാരമംഗലം ഭാഗം.
8.	വാർഡിന്റെ എല്ലാ ഭാഗവും.

<u>കുടിവെള്ളത്തെ സംബന്ധിച്ച പൊതുവായ പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും.</u>

1. ഈ പഞ്ചായത്തും സമീപപഞ്ചായത്തും ചേർന്ന് കേന്ദ്രഗവൺമെന്റ് സഹായത്തോടെ (ARWSS) നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള, 3-ാം ഫെയിസിൽപെടുത്തിയിട്ടുള്ള വെളിയന്നൂർ പഞ്ചായത്ത് കുടിവെള്ള സ്ക്കീം അടിയന്തിരമായി നടപ്പാക്കാൻ സംസ്ഥാനതലത്തിൽ നടപടിയെടുക്കണം. അതിനു മുന്നോടിയായി ഇപ്പോൾ ഈ പഞ്ചായത്തിന്റെ ജല അതോറിറ്റി പെരുമ്പാവൂർ ഡിവിഷനിൽനിന്നും കോട്ടയം ഡിവിഷനിലേക്കു മാറ്റണം. ചെറിയ സ്ക്കീമുകളുടെ നടത്തിപ്പിനും ഫണ്ട് ലഭ്യതയ്ക്കും ഈ മാറ്റം ആവശ്യമായതിനാൽ അടിയന്തിരമായി ഈ മാറ്റം ഉണ്ടാകണം. പഞ്ചായത്തു കമ്മറ്റി പ്രമേയംമൂലം 6 മാസം മുമ്പ് ജലഅതോറിറ്റി M.D. യെ ഈ വിവരം അറിയിച്ചിട്ടുണ്ട്.

2. പെരുമ്പാവൂർ ഡിവിഷനിൽനിന്നും യാതൊരുവിധ പ്രവർത്തനങ്ങളും ഇപ്പോൾ നടപ്പാക്കുന്നില്ല.

3. പൂവക്കുളം വനംകോളനി അനക്സ് -1, പുതുവേലി അനക്സ് -2 എന്നീ ശുദ്ധജലപദ്ധതിക്ക് M.P ഫണ്ടിൽനിന്ന് അനുവദിച്ചതുക പൂർണ്ണമായി വിനിയോഗിക്കുകയോ പദ്ധതിപൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. ഇതിന്റെ പ്രവർത്തനം പൂർത്തിയാകാത്തത് പെരുമ്പാവൂർ വാട്ടർ അതോറിറ്റി ഡിവിഷന്റെ സഹകരണക്കുറവാണ്.

4. കോട്ടയം ഡിവിഷൻവഴി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇട്ടിട്ടുള്ള പൈപ്പുലൈൻവഴി ജലം ലഭ്യമാക്കാൻ നിലവിലുള്ള കുഴൽകിണർ ഉപയോഗിച്ചും ആവശ്യമായ പദ്ധതിനടപ്പാക്കാൻ അടിയന്തിരമായി നടപടിയെടുക്കുക.

5. ജനപങ്കാളിത്തത്തോടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുദ്ധജല വിതരണത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നടപടിസ്വീകരിക്കുക.

6. കുഴൽകിണറുകളിൽ സ്ഥാപിച്ചിട്ടുള്ള കേടായ ഹാൻഡ് പമ്പുകൾ നന്നാക്കി ഉപയോഗിക്കാൻ വേണ്ട പദ്ധതി നടപ്പിലാക്കുക.

7. നിലവിലുള്ള ബ്ലോക്ക്-പഞ്ചായത്ത് കിണറുകൾ മുഴുവൻ ഉപയോഗയോഗ്യമാക്കുകയും ആവശ്യമുള്ളിടത്ത് പുതിയവ നിർമ്മിക്കുകയും ചെയ്യുക.

8. പെരുംകുറ്റി താഴത്തുപാടത്ത് ഒരു ശുദ്ധജല വിതരണപദ്ധതി നടപ്പിലാക്കുക.

9. മുണ്ടാണിക്കുളം ശുദ്ധജലവിതരണപദ്ധതി നടപ്പിലാക്കുക.

10. വേട്ടുചിറ കുളത്തിന്റെ സൈഡിലായി ശുദ്ധജല വിതരണത്തിന് ഒരു കിണർ കുഴിക്കുക.

11. പുതുവേലി വലിയപാലം ജംഗ്ഷനടുത്ത് ഒരു ഓപ്പൺ വെൽ സ്ക്കീം സ്ഥാപിക്കുക.

7 <u>വിദ്യാഭ്യാസം</u>

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തിരുവിതാംകൂറിൽ ഉണ്ടായ സാംസ്ക്കാരിക നവോത്ഥാന

ത്തിന്റെ അലയൊലി വെളിയന്നൂർ പഞ്ചായത്തിന്റെ വിദ്യാഭ്യാസ സാംസംക്കാരിക മേഖലകളിൽ ഉണ്ടായി. അന്നുവരെ നിലനിന്നിരുന്ന കുടിപ്പള്ളിക്കൂടങ്ങളുടെ അപര്യാപ്തത മനസ്സിലാക്കി പുതിയ വിദ്യാലയങ്ങൾ ഉണ്ടാകേകേണ്ടതിന്റെ ആവശ്യകത കൂടുതൽ ബോദ്ധ്യപ്പെട്ടുവരികയും ചെയ്തു. അതിൻപ്രകാരം ഈ പഞ്ചായത്തിൽ ആദ്യകാലത്ത് പുതുവേലിയിലും, അരീക്കരയിലുമാണ് സ്ക്കൂൾ ഉണ്ടായിരുന്നത്.
വെളിയന്നൂർ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള സ്ക്കൂളുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	ഗവ./എയ്ഡസ്	ക്ലാസ്സുകൾ	സ്ഥാപിച്ച വർഷം
1.	ഗവ:ഹൈസ്ക്കൂൾ പുതുവേലി	ഗവ:	1-10	1915
2.	ഗവ:യു.പി.സ്ക്കൂൾ പൂവക്കുളം	ഗവ:	1-7	1953
3.	ഗവ: എൽ.പി. സ്ക്കൂൾ വെളിയന്നൂർ	ഗവ:	1-4	1941
4.	എസ്.എൻ.യു.പി. സ്ക്കൂൾ അരീക്കര	എയ്ഡഡ്	5-7	1964
5.	സെന്റ് റോക്കീസ് യു.പി. സ്ക്കൂൾ അരീക്കര	,,	1-7	1895
6.	വന്ദേമാതരം വൊക്കേഷണൽഹയർ സെക്കന്ററി സ്ക്കൂൾ വെളിയന്നൂർ		5-12	1955

ഈ സ്ക്കൂളുകളെല്ലാം മിക്സഡ് സ്ക്കൂളുകളാണ്. ഈ പഞ്ചായത്തിലെ കുട്ടികൾക്ക് ഉപരിപഠനത്തിനായി കോളേജോ മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇല്ല. ആയതിനാൽ കിലോമീറ്ററുകളോളം സഞ്ചരിച്ചുവേണം ഉപരിവിദ്യാഭ്യാസം നേടുവാൻ.

പഞ്ചായത്തിൽ നിലവിലുള്ള ശിശു വിദ്യാഭ്യാസസ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	ഗവ:സ്വകാര്യം	സ്ഥാപിച്ചവർഷം
1.	ബാപ്പുജി നേഴ്സറി സ്ക്കൂൾ വെളിയന്നൂർ	സ്വകാര്യം	1971
2.	സെന്റ് ജോസഫ് നേഴ്സറി സ്ക്കൂൾ പുതുവേലി	,,	1988
3.	സാൻജോസ് ഇന്നവേറ്റിവ് സ്ക്കൂൾ പുതുവേലി	,,	1992
4.	ഐശ്വര്യ വനിതാസമാജം നേഴ്സറി സ്ക്കൂൾ പുതുവേലി	,,	1996
5.	ബിഷപ്പ് തറയിൽ മെമ്മോറിയൽ നേഴ്സറി സ്ക്കൂൾ അരീക്കര	,,	

വെളിയന്നൂർ പഞ്ചായത്തിൽ സർക്കാർ വകയോ, സർക്കാർ അംഗീകാരമുള്ളതോ ആയ ആധുനിക പ്രീ പ്രൈമറി വിദ്യാലയങ്ങൾ ഒന്നുമില്ല. മുഴുവൻ കുട്ടികളും ആശ്രയിക്കുന്നത് പരിമിത സൗകര്യങ്ങളുള്ള മേൽകാണിച്ച സ്ഥാപനങ്ങളെയാണ്.

അക്കാഡമിക് സൗകര്യങ്ങൾ

ലൈബ്രറി, ലബോറട്ടറി, മറ്റു പഠനോപകരണങ്ങൾ എന്നിവ ഒന്നുംതന്നെ ഈ പഞ്ചായത്തിലുള്ള സ്ക്കൂളുകളിലില്ല. അതിനനുയോജ്യമായ മറ്റുസംവിധാനങ്ങളും ഇല്ല. കൂടാതെ ആധുനിക പഠനോപകരണ

ങ്ങളായ ടെലിവിഷൻ തുടങ്ങിയവയൊന്നും ഈ സ്ക്കൂളുകളിലില്ല.

ഭൗതീക സാഹചര്യം

പഞ്ചായത്തിലുള്ള ഗവ:സ്ക്കൂളുകളിൽ ആവശ്യത്തിനു കെട്ടിടമില്ല. പുതുവേലി ഗവ:ഹൈസ്ക്കൂളിനോടു ചേർന്നുള്ള പ്രൈമറി വിഭാഗം വളരെ പഴക്കമുള്ളതും പുനരുദ്ധരിക്കപ്പെടേണ്ടതുമാണ്. ഗവ:സ്ക്കൂളുകളിൽ കായിക പരിശീലനത്തിന് ആവശ്യമായ ഗ്രൗണ്ടോ, പരിശീലന ഉപകരണങ്ങളോ കായികാദ്ധ്യാപകരോ ഇല്ല. സ്ക്കൂളുകൾക്കൊന്നിനും ചുറ്റുമതിലും ഗെയിറ്റുകളും ഇല്ലാത്തതിനാൽ സുരക്ഷിതത്വം ഇല്ല.

പഞ്ചായത്തുതലത്തിലുള്ള ഗവ:സ്ക്കൂളുകളുടെ ഭൗതിക സൗകര്യങ്ങളില്ലാത്തതു സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ക്രമനമ്പർ	സ്ക്കൂളിന്റെ പേര്	കമ്പ്യൂട്ടർ ആവശ്യമുള്ളത്	കമ്പ്യൂട്ടർ ആവശ്യമുള്ളത്	കമ്പ്യൂട്ടർ ആവശ്യമുള്ളത്	കിണർ ആവശ്യമുള്ളത്	ലൈബ്രറി മുറി ആവശ്യമുള്ളത്	സ്റ്റാഫ് റൂം	വൈദ്യുതി കണക്ഷൻ	ടോയ്ലറ്റ്	ടാപ്പ്	കക്കൂസ്	അങ്കണവാടി	സ്റ്റേജ് ആവശ്യമുള്ളത്
1.	ഗവ:ഹൈസ്ക്കൂൾ പുതുവേലി	1	2	1		1	1				11	2	1
2.	ഗവ: യു.പി. സ്ക്കൂൾ പൂവക്കുളം		2			1	1		30	6	6	12	2	
3.	ഗവ:എൽ.പി.സ്ക്കൂൾ വെളിയന്നൂർ				1			1						
	ആകെ	1	4	1	1	2	2	1	30	6	6	23	4	1

ഇതിൽ ഗവ: ഹൈസ്ക്കൂൾ പുതുവേലിക്ക് 2 ഏക്കർ 861/2 സെന്റ് സ്ഥലം 2 പ്ലോട്ടുകളിലായി കിടക്കുന്നു. പൂവക്കുളം യു.പി. സ്ക്കൂളിന് 1 ഏക്കർ സ്ഥലവും വെളിയന്നൂർ എൽ.പി. സ്ക്കൂളിന് 1ഏക്കർ 3 സെന്റ് സ്ഥലവും ഉണ്ട്. ഈ സ്ക്കൂൾ കോമ്പൗണ്ടുകളിൽ വിദ്യാർത്ഥികളുടെ സഹകരണത്തോടെ പച്ചക്കറികൃഷിയും ഔഷധചെടി കൃഷിയും നടത്താവുന്നതാണ്.

അദ്ധ്യാപക രക്ഷാകർതൃസമിതി

എല്ലാ സ്ക്കൂളുകളിലും പി.ടി.എയും ചില സ്ക്കുളുകളിൽ മാതൃസംഗമവും ഉണ്ട്. ഈ സ്ക്കൂളുകളിലുള്ള പി.ടി.എ യുഎ പ്രവർത്തനം തൃപ്തികരമാണ്.

പഞ്ചായത്തു തലത്തിലുള്ള സ്ക്കൂളുകളിലെ അദ്ധ്യാപകരുടെയും, കുട്ടികളുടെയും എണ്ണം സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	ആദ്ധ്യാപകരുടെ എണ്ണം	കുട്ടികളുടെ എണ്ണം		
			ആൺ - പെൺ		ആകെ
1.	ഗവ:ഹൈസ്ക്കൂൾ പുതുവേലി	14	166	141	307
2.	ഗവ: യു.പി.സ്ക്കൂൾ പൂവക്കുളം	8	96	87	183
3.	ഗവ:എൽ.പി.സ്ക്കൂൾ വെളിയന്നൂർ	4	69	44	113
4.	എസ്.എൻ. യു.പി. സ്ക്കൂൾഅരീക്കര	5	34	44	78
5.	സെന്റ്. റോക്കീസ് യു.പി.സ്ക്കൂൾ അരീക്കര	15	230	204	434
6.	വന്ദേമാതരം VHS സ്ക്കൂൾ വെളിയന്നൂർ	20	112	173	285
	ആകെ	66	707	693	1400

പാഠ്യേതര പ്രവർത്തനങ്ങൾ

പാഠ്യ പ്രവർത്തനങ്ങളെപ്പോലെ തന്നെ പാഠ്യേതര പ്രവർത്തനങ്ങളും വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിന് അത്യന്താപേക്ഷിതമാണ്. പാഠ്യേതര പ്രവർത്തനങ്ങളിൽ ഇവിടത്തെ സ്ക്കൂളുകളുടെ നില വാരം താരതമ്യേന മെച്ചപ്പെട്ടതാണ്. സബ്ജില്ലാ ജില്ലാതല മേളകളിൽ സ്ക്കൂളുകൾ നല്ല പ്രകടനം കാഴ്ചവയ്ക്കുന്നുണ്ട്. ജില്ലാതലത്തിൽ വിദ്യാർത്ഥികൾക്ക് അവാർഡു ലഭിച്ച പഞ്ചായത്തിലെ ഏകസ്ക്കൂൾ അരീക്കര സെന്റ് റോക്കീസ് യു.പി. സ്ക്കൂളാണ്. 6 ആൺകുട്ടികൾക്കും 9 പെൺകുട്ടികൾക്കും അവാർഡ് ലഭിച്ചു.

മെരിറ്റ് സ്ക്കോളർഷിപ്പ് ലഭിച്ചിട്ടുള്ളവരുടെ ലിസ്റ്റ്

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	ലഭിച്ചവരുടെ എണ്ണം
1	ഗവ: ഹൈസ്ക്കൂൾ പുതുവേലി	8
2.	എസ്.എൻ. യു.പി. സ്ക്കൂൾ അരീക്കര	2
3.	സെന്റ് റോക്കീസ് യു.പി. സ്ക്കൂൾ അരീക്കര	5

ഈ പഞ്ചായത്തിലെ സ്ക്കൂളുകളിൽ സ്ക്കോളർഷിപ്പ് ലഭിച്ചിട്ടുള്ള കുട്ടികളുടെ എണ്ണം ഈ ലിസ്റ്റിൻ പ്രകാരം വളരെ പരിമിതമാകയാൽ ആയത് വിദ്യാഭ്യാസനിലവാരം തകർച്ചയെ സൂചിപ്പിക്കുന്നു. അതുകൊണ്ട് ഇവിടുത്തെ ബോധനരീതിയും മൂല്യനിർണ്ണയവും പരിശോധിക്കണം.

ഈ പഞ്ചായത്തിലെ ഹൈസ്ക്കൂളുകളിലെ S.S.L.C വിജയശതമാനം പരിശോധിച്ചാൽ സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണെങ്കിലും മറ്റു സമീപപഞ്ചായത്തിലെ സ്ക്കൂളുകളിലെ വിജയത്തേക്കാൾ വളരെ കുറവായതിനാൽ കൂടുതൽ കുട്ടികൾ മറ്റു പല സ്ക്കൂളുകളുലേക്കും പോകാൻ കാരണമാകുന്നു.

കഴിഞ്ഞ 5 വർഷത്തെ SSLC വിജയശതമാനം വിദ്യാലയം തിരിച്ച് ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	സ്ക്കൂളിന്റെ പേര്	1992	93	94	95	96
1	ഗവ: ഹൈസ്ക്കൂൾ പുതുവേലി	54%	30%	78%	69%	63%
2.	വന്ദേമാതരം V H S സ്ക്കൂൾ വെളിയന്നൂർ	65%	49%	48%	80%	82%
	V. H. S					87%

പഞ്ചായത്തിലെ സ്ക്കൂളുകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിവരം ചേർക്കുന്നു.

ക്രമ നമ്പർ	ജനം	ആൺ	പെൺ	ആകെ
1	ആകെ പട്ടികജാതിവിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾ	32	34	66
2.	തോറ്റു പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾ	1	-	1
3.	തോറ്റുപഠിക്കുന്ന മറ്റു വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾ	24	7	31
4.	പഠനം നിർത്തിയ പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾ	-	-	-
5.	പഠനം നിർത്തിയ മറ്റു വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾ	2	2	4

പൊതുവായ പ്രശ്നങ്ങൾ

1. വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു.
2. പഠന നിലവാരം കുറഞ്ഞുവരുന്നു.
3. മിക്ക വിദ്യാലയങ്ങളിലും ഭൗതികസൗകര്യങ്ങൾ വേണ്ടത്രയില്ല.
4. നിർധന വിദ്യാർത്ഥികൾക്കുള്ള സഹായങ്ങ അപര്യാപ്തമാണ്.

ഗ്രാമസഭാ ക്രോഡീകരണം.

1. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം അനുവദിക്കുക.
2. പുതുവേലി ഗവ ഹൈസ്ക്കൂളിൽ പ്ലസ്റ്റു അനുവദിക്കുക.
3. പൂവക്കുളം ഗവ യൂപിസ്ക്കൂൾ അപ്ഗ്രഡ് ചെയ്യുകയും വൊക്കേഷണൽ ഹയർ സെക്കന്ററി അനുവദിക്കുകയും ചെയ്യുക.
4.പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ബാലവാടികൾ കാര്യക്ഷമമാക്കുക ഇല്ലാത്ത വാർഡുകളിൽ1,3,4,5,8) പുതുതായി തുടങ്ങുക.
5. 1,3,4,5,7,8 വാർഡുകളിൽ ഗ്രന്ഥശാലയും വായനശാലയും സ്ഥാപിക്കുക.
6. നിലവിലുള്ള സ്ക്കൂളുകൾക്ക് ചുറ്റുമതിൽ നിർമ്മിച്ച് സുരക്ഷിതം ഉറപ്പുവരുത്തുക.
7. കായികദ്ധ്യാപകരെ നിയമിക്കുക.
8. കളിസ്ഥലങ്ങൾ വിപുലപ്പെടുത്തുക.
9. ലാബ്രട്ടറി, ലൈബ്രറികൾക്കാവശ്യമായ മുറികൾ പണിയുവാനുള്ള നടപടി സ്ഥീകരിക്കുക.
10. സ്ക്കൂളുകളിലെ പഠനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി അദ്ധ്യയനവാഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ ഒഴിവുകൾ നികത്തുകയും വിദ്യാർത്ഥികൾക്ക് ആവശ്യമായ പാഠ പുസ്തകങ്ങൾ സ്ക്കുളുകളിൽ എത്തിക്കേണ്ടതുമാണ്.
11. പഞ്ചായത്തുതല സ്ക്കൂൾ കോംപ്ലസ് പ്രവർത്തനം കാര്യക്ഷമമാക്കുക.
12. അദ്ധ്യാപക പരിശീനം പരിപാടികാര്യക്ഷമമാക്കുക.
13.സ്ക്കൂളുകളിലുള്ള ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുക.
14. പഞ്ചായത്തിലുള്ള മികച്ചസ്ക്കുളുകളെ ആദരിക്കുകയും അതോടൊപ്പം മികച്ച അദ്ധ്യാപകരെയും മികച്ച വിദ്യാർത്ഥികളെയും ആദരിക്കുക.
15. പഞ്ചായത്തുതലത്തിൽ ഒരു ടെക്നിക്കൽ ഹൈസ്ക്കൂൾ അനുവദിക്കുക.
16. പുതുവേലി ഗവ ഹൈസ്ക്കുൾ കോമ്പൗണ്ടിൽ അപകട ഭീഷണ നിലനില്ക്കുന്ന കെട്ടിടം ലേലം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.
17. തുടർ സാക്ഷരതാപരിപാടി ആരംഭിക്കുക
18. പുതുവേലി ഗവ. എൽ.പി.എസ് കെട്ടിടം പുതുക്കി പണിയുക.

8 സംസ്ക്കാരം

ജാതി മതചിന്തകൾക്കതീതമായി സമ്പന്നമായ ഒരു സാംസ്ക്കാരിക പൈതൃകം നമ്മുടെ പഞ്ചായത്തിനുണ്ട്. ഹിന്ദുക്കളും ക്രിസ്ത്യാനികളും ഇടകലർന്ന് വസിക്കുന്ന ഇവിടെ മതസൗഹാർദ്ദം ഏറ്റവും ഉന്നതമായ നിലയിൽ തന്നെ നില്ക്കുന്നു.

പഞ്ചായത്തിലുള്ള പ്രധാനക്ഷേത്രങ്ങൾ

1.നെല്ലിക്കാക്കുന്ന് ദേവീക്ഷേത്രം - വെളിയന്നൂർ
2. പെരുമറ്റം മഹാദേവർക്ഷേത്രം - വെളിയന്നൂർ
3. ഭജനമഠം - അരീക്കര
4. ആലുങ്കൽ ദേവീക്ഷേത്രം - പുതുവേലി
5. ശ്രീകണ്ഠനല്ലൂർ മഹാവിഷ്ണുക്ഷേത്രം - പുതുവേലി
6. സുബ്രഹ്മണ്യക്ഷേത്രം - താമരക്കാട്
7. വിഷ്ണുക്ഷേത്രം - പൂവക്കുളം
8. ചാലയ്ക്കൽ അമ്പലം - പൂവക്കുളം
9. ചങ്ങനശ്ശേരികാവ് - പൂവക്കുളം
10. ഭജനമഠം - പൂവക്കുളം

പഞ്ചായത്തിലുള്ള പ്രധാനപള്ളികൾ

1. സെന്റ് റോക്കീസ് അരീക്കര
2. സെന്റ് മേരീസ് വെളിയന്നൂർ
3. സെന്റ് ജോസഫ് പുതുവേലി
4. സെന്റ് ജോൺസ് യാക്കോബായ - പുതുവേലി

5. സെന്റ് ജോൺസ് സി.എസ്.ഐ പുതുവേലി
6.സെന്റ് ജോൺസ് സി.എം.എസ്. പുതുവേലി
7.. സെന്റ് മേരീസ് പൂവക്കുളം
8. മാർ ബസോലിയോസ് യാക്കോബായ - പൂവക്കുളം

കേരളത്തിലെ പ്രബല സമുദായമായ മുസ്ലീങ്ങൾ ഈ പഞ്ചായത്തിൽ സ്ഥിര താമസമില്ല. ജാതിപരമായ ഉച്ച നീചത്വങ്ങൾ അതിന്റ സ്ഥൂലാംശത്തിൽ തീരെ കുറവാണ് എന്നുതന്നെ പറയാം. പേരുകൊണ്ടും വേഷംകൊണ്ടും ജാതിയോ മതമോ തിരിച്ചറിയാൻ കഴിയാതായിട്ടുണ്ട്.

പഞ്ചായത്തിലെ ഏകസാംസ്ക്കാരിക നിലയം പെരുംകുറ്റി (6-ാം വാർഡിൽ) യിൽ സ്ഥിതിചെയ്യുന്നു. സാംസ്ക്കാരികരംഗത്ത് ഒരു മുന്നേറ്റത്തിന് വഴിഒരുക്കിയ ഗ്രന്ഥശാലകളുടേയും വായനശാലകളുടെയും വിവരം താഴെ ചേർക്കുന്നു.

		വാർഡ്
1.	പബ്ലിക്ക് ലൈബ്രറി - അരീക്കര -	2
2.	സഭൈക്യം വായനശാല - വെളിയന്നൂർ -	2
3.	പബ്ലിക്ക് ലൈബ്രറി - പുതുവേലി-	4
4.	നെഹൃജി വായനശാല താമരക്കാട് -	6
5.	ദേശസേവിനി വായനശാല - പൂവക്കുളം -	7

ലൈബ്രറികൾക്കും വായനശാലകൾക്കും പുറമേ യുവജനങ്ങളുടെ കലാകായിക ഉന്നമനത്തിനു വേണ്ടി ഏതാനും ക്ലബ്ബുകളും പ്രവർത്തിക്കുന്നു. ഈ ക്ലബ്ബുകളിൽ പലതും കലാകായിക മത്സരങ്ങളിലൂടെയും മറ്റു പ്രവർത്തനങ്ങളിലൂടെയും ഉയർന്ന ഗുണനിലവാരം പുലർത്തുന്നു. ഈ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകളുടെ വിവരം

1. വ്യാസാ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് വെളിയന്നൂർ
2. വന്ദനാ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് വെളിയന്നൂർ
3. കൈരളി കലാ സമിതി വെളിയന്നൂർ
4. പൈമ ആർട്സ് ക്ലബ്ബ് പാറത്തോട് - അരീക്കര
5. ദി വെളിയന്നൂർ ക്ലബ്ബ് വെളിയന്നൂർ
6. അർച്ചനാ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് പുതുവേലി
7. ഫ്രണ്ട്സ് പുതുവേലി
8. സഹൃദയ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് കാഞ്ഞിരമല പുതുവേലി
8. ന്യൂ ആട്സ്-ആന്റ് സ്പോർട്സ് ക്ലബ്ബ് - വൈക്കം കവല പുതുവേലി
9. സൂര്യ ആട്സ് ആന്റ് സ്പോട്സ് ക്ലബ്ബ് പൂവക്കുളം
10. സെഞ്ചറി പുതുവേലി

ഈ പഞ്ചായത്തു തലത്തിൽ പൊതുജനാംഗീകാരം നേടിയ കലാട്രൂപ്പുകളും കലാകാരന്മാരും ഇവിടെയുണ്ട്. ചെണ്ടമേളാചാര്യന്മാരായ വാസുദേവൻ നമ്പൂതിരി മലേമനയ്ക്കൽ, P.S. ബാലകൃഷ്ണമാരാർ പൂവക്കുളം, M.R. പരമേശ്വരമാരാർ വെളിയന്നൂർ ഇവരും കഥകളി സ്ഗീതജ്ഞനും ചിത്രകാരനുമായ പരമേശ്വരൻ നമ്പൂതിരി (മുൻ:ഇൻഡ്യൻ പ്രസിഡന്റ് വി.വി. ഗിരിയിൽനിന്ന് അവാർഡ്), കഥകളി സംഗീതജ്ഞനും, ചെണ്ടമേളക്കാരനുമായ പി.ടി. നാരായണൻനമ്പൂതിരി പൂവക്കുളം, കൊമ്പുവാദ്യ വിദഗ്ദ്ധന്മാരായ പരമേശ്വരമാരാർ, ശശിധരമാരാർ പൂവക്കുളവും പ്രശസ്ത മിമിക്രി നടനായ അവിരാച്ചൻ പൂവക്കുളവും, നാടകനടന്മാരായ എം.എസ്. വാര്യർ പൂവക്കുളവും, ശശി കുന്നപ്പിള്ളിൽ, രാജു തറയാനിയിൽ പുതുവേലിയും, സേവ്യർ പനിച്ചിക്കൽ പൂവക്കുളവും പ്രസിദ്ധ മാർഗ്ഗംകളിയാശാന്മാരായ കുഞ്ഞുമത്തൻമൂലക്കാട്ട് (രൂപത അവാർഡ്) ലൂക്കാ കുടശ്ശേരിൽ വെളിയന്നൂരും, ചാക്കോ മണ്ണാർമറ്റത്തിൽ അരീക്കരയും തിരുവാതിരകളി ആശാത്തിമഠത്തിൽ പാറുകുട്ടിയമ്മയും ഈ നാടിന്റെ അഭിമാനഭാജനങ്ങളാണ്.

ആധുനിക മാധ്യമങ്ങളായ റേഡിയോ, ടി.വി. തുടങ്ങിയവയുടെ അതിപ്രസരംമൂലം വായനശാലകളിൽ പോയിരുന്ന് വായിക്കുന്ന ശീലം കുറയുന്നു. മറ്റു രംഗങ്ങളിലെന്നപോലെ കലാകായിക രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. ഈ പഞ്ചായത്തിൽ മാനസോല്ലാസത്തിനുള്ള സിനിമാശാലകളോ മറ്റു സംവിധാനങ്ങളോ ഇല്ല.

<u>ഈ മേഖലയിലെ പൊതുവായ പ്രശ്നങ്ങൾ.</u>

1. വായനാശീലം കുറവ്
2. കലാകായിക രംഗങ്ങളിലെ കൂട്ടായ പ്രവർത്തനമില്ലായ്മ

<u>സാദ്ധ്യതകൾ</u>

1. ലൈബ്രറികളുടെ പ്രവർത്തനം വിപുലീകരിക്കുക.

2. കായികകലാ സാംസ്ക്കാരിക പ്രവർത്തനങ്ങൾ പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുക. മത്സരങ്ങൾ സംഘടിപ്പിക്കുക, അവാർഡുകൾ , സമ്മാനങ്ങൾ ഏർപ്പെടുത്തുക.
3. നാടൻ കലകൾക്ക് പ്രത്യേകം പ്രോത്സാഹനം കൊടുക്കുക.

ഗ്രാമസഭാ ക്രോഡീകരണം

1. പഞ്ചായത്തുകളിൽ ഗ്രന്ഥശാലകളും , വായനശാലകളും ഇല്ലാത്ത വാർഡുകളിൽ സ്ഥാപിക്കുക.
2. പഞ്ചായത്തുതലത്തിൽ പുതുവേലിയിൽ മിനിസ്റ്റേഡിയം നിർമ്മിക്കുക.
3. സാംസ്ക്കാരിക നിലയം ഇല്ലാത്ത വാർഡുകളിൽ പുതുതായി സ്ഥാപിക്കുക.
4. പഞ്ചായത്തുതലത്തിൽ യൂത്തു ക്ലബ്ബുകൾ സ്ഥാപിക്കുക.
5. പഞ്ചായത്തിൽ നിലവിലുള്ളതും പ്രവർത്തിക്കുന്നതും എന്നാൽ കെട്ടിടങ്ങൾ ഇല്ലാത്തതുമായ ഗ്രന്ഥശാല വായനശാലകൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള ധന സഹായം നല്കുക.
6. പഞ്ചായത്ത് ഉപഭോക്തൃ സമിതി രൂപീകരിക്കുക.
7. അവശകലാകാരന്മാർക്ക് സാമ്പത്തിക സഹായം നല്കുക.
8. കലകൾ അഭ്യസിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

★★★★★

9 വനിത

അവഗണിക്കപ്പെടുന്ന സ്ത്രീ നാടിന്റെ വികസനത്തെ ഏറെ ബാധിക്കുന്നതാണ്. വെളിയന്നൂർ പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ (1991 ലെ സെൻസസ് പ്രകാരം) 5572സ്ത്രീകളാണ്. ഇത് പുരുഷന്മാരേക്കാൾ 1000 ന് 5 കുറവാണ്. എന്നാൽ സ്റ്റേറ്റ് ശരാശരി 1000 പുരുഷന് 1036 സ്ത്രീകളാണ്. എങ്കിലും ഈ പഞ്ചായത്തിനെ പ്രധിനിധീകരിക്കുന്ന ബ്ളോക്കു പ്രതിനിധി വനിതയാണ്. ഇതിനിടയാക്കിയ സാഹചര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സ്ത്രീകൾക്ക് സംവരണം ഉണ്ടെന്നുള്ളതിനാലാണ്.

ഈ പഞ്ചായത്തിൽ വിദ്യാസമ്പന്നരായ സ്ത്രീകളുടെ അവസ്ഥ പൊതുവെ തൃപ്തികരമാണ്. എങ്കിലും തൊഴിൽ മേഖലകളിലും അവരുടെ പങ്കാളിത്തം പൊതുവെ കുറവാണ്. അതിനു കാരണം തൊഴിൽ മേഖലയുടെ അപര്യാപ്തതയും കുടുംബത്തോടുള്ള അഭിനിവേശവുമാണ്. സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നവരുടെ എണ്ണം നന്നേ കുറവാണ്. സന്നദ്ധസംഘടനാപ്രവർത്തനം പരിശോധിക്കുമ്പോൾ ഈ പഞ്ചായത്തിലെ സ്ത്രീകൾ കൂടുതലായും പ്രവർത്തനങ്ങൾ മഹിളാസമാജങ്ങളിലൂടെ നടത്തുന്നതായി മനസ്സിലാക്കാം. **ഈ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന മഹിളാസമാജങ്ങൾ താഴെപറയുന്നവയാണ്.**

നമ്പർ	പേര്	സ്ഥാപിച്ച വർഷം
1.	ദേശസേവിനി മഹിളാസമാജം-ബാലവാടി പൂവക്കുളം	1976
2.	നേതാജി മഹിളാസമാജം-താമരക്കാട്	1980
3.	സന്മാർഗ്ഗ മഹിളാ സമാജം ബാലവാടി വെളിയന്നൂർ	1982
4.	പ്രിയദർശിനി മഹിളാസമാജം(തയ്യൽ ആന്റ് നേഴ്സറി) പൂവക്കുളം	1980
5.	സമഗ്രമാതൃശിശു സംരക്ഷണ കേന്ദ്രം വെളിയന്നൂർ	-
6.	ഐശ്വര്യാ വനിതാ സമാജം പുതുവേലി	1996
7.	ഭാവനാ മഹിളാ സമാജം വെളിയന്നൂർ	1996
8.	ഐശ്വര്യാ വനിതാ സമാജം വെളിയന്നൂർ	1996

ിയുടെ ഉടമാവകാശം സ്ത്രീകൾക്ക് പൊതുവെ കുറവാണ്. കാർഷികമേഖലയിൽ പൊരി ത്ത് കളപറിക്കുകയും നിലമൊരുക്കുകയും കൊയ്ത്തു നടത്തുന്നതിനും സ്ത്രീകൾ പണ്ടു ന്നിലാണ്. ഇതിൽ കൊയ്ത്തിന് ഉല്പന്നമായാണ് കൂലി. കൊയ്ത്തുമെതിച്ചു നൽകുന്ന ിക്കു 1/5 തൊഴിലാളിക്ക് കിട്ടും . മറ്റു ജോലികളിൽ ആണിനും,പെണ്ണിനും പണ്ടു മുതലേ കൂലി കുതരം നിലനിൽക്കുന്നു. പുരുഷന്മാർക്ക് ഇപ്പോൾ 100ഉം 125ഉം രൂപ കൂലിയുള്ളപ്പോൾ സ്ത്രീ ക്ക് 70ഉം 80ഉം രൂപയാണ് കൂലി. നിർമ്മാണപ്രവർത്തന മേഖലകളിൽ കൂടുതൽ സ്ത്രീകൾ ുക്കുന്നതും കൂലി കൂടുതൽ ഉള്ളതുകൊണ്ടാണ്. ഈ പഞ്ചായത്തിലെ വിദ്യാ സമ്പന്നരായ കം കേരളത്തിനുവെളിയിലും ഭാരതത്തിനു വെളിയിലും ജോലി ചെയ്ത് ഈ പഞ്ചായത്തിന്റെ ത്തിക വളർച്ച അഭിവൃദ്ധിപ്പെടുത്തുന്നു.

ാതാ ക്രോഡീകരണം

പഞ്ചായത്തിൽ വിവിധ വാർഡുകളിൽ വനിതാസമാജം ഇല്ലാത്ത സ്ഥലങ്ങളിൽ സ്ഥാപിക്കുകയും തുവഴി വനിതകളുടെ തൊഴിലിനും സാമ്പത്തിക ഉന്നമനത്തിനും വേണ്ടി സൊസൈറ്റികൾ രൂപീ ിച്ച് കുടിൽ വ്യവസായങ്ങൾ,സ്വയം തൊഴിൽ സംരംഭങ്ങൾ ,കരകൗശല നിർമ്മാണം ,തയ്യൽ പരിശീലനകേന്ദ്രങ്ങൾ എന്നിവ നടപ്പാക്കുക.

2. പഞ്ചായത്തിൽ മുഴുവൻ മദ്യ നിരോധനം ഏർപ്പെടുത്തുക.

3. ബാലവാടി,അംഗൻവാടി,ഫാമിലി വെൽഫെയർ സെന്ററുകൾ പൂർണ്ണമായി പ്രവർത്തിപ്പിക്കാൻ ആവശ്യമായ സാഹചര്യം ഒരുക്കുക.

4. വനിതാസൊസൈറ്റികൾ വഴി സബ്സിഡിനിരക്കിൽ തയ്യൽ മെഷീൻ,പശു,ആട്,മുട്ടക്കോഴി തുടങ്ങിയ ഉല്പാദനപരമായ കാര്യങ്ങൾ ആവിഷ്ക്കരിക്കുന്നതിന് പദ്ധതി നടപ്പാക്കുക.

5. സ്ത്രീകളുടെ ആരോഗ്യം മുൻനിർത്തി പുകയില്ലാ അടുപ്പുകൾ,എൽ.പി.ജി.ഗ്യാസ് കണക്ഷനുകൾ എന്നിവ നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.

6. പഞ്ചായത്തിൽ മാവേലി സ്റ്റോറുകൾ തുടങ്ങുക.

7. സ്ത്രീകൾക്കുള്ള ബോധവത്കരണ സെമിനാറുകൾ,(ആരോഗ്യ,തൊഴിൽ കാര്യങ്ങളിൽ) മഹിളാസമാജങ്ങളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുക.

8. വിധവകൾക്കുള്ള ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുക.

9. പൊതു ജംഗ്ഷനുകളിൽ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക.

10. വിവിധ വകുപ്പുകളിൽ കൂടി വനിതകൾക്കുള്ള സഹായപദ്ധതികളെകുറിച്ച് ബോധവൽക്കരണം നടത്തുക.

11. വനിതകൾക്കുള്ള എസ്.റ്റി.ഡി. ബൂത്ത് അനുവദിക്കുക.

12. പഞ്ചായത്ത് തലത്തിൽ വനിതാ കമ്മറ്റി രൂപീകരിക്കുക.

*****

പട്ടികജാതി , പട്ടിക വർഗ്ഗ ക്ഷേമം

ഈ പഞ്ചായത്തിൽ 1991 ലെ സെൻസസ് പ്രകാരം 62 കുടുംബങ്ങളിലായി 239 പേർ ഈ പഞ്ചായത്തിൽ താമസിക്കുന്നു. ഇതിൽ 128 പുരുഷനും,111 സ്ത്രീയുമാണ്. ഇതിൽ കുട്ടികൾ 67 പേർ ഉണ്ട്. പഞ്ചായത്തിൽ ഇവർക്കായി പ്രത്യേക കോളനികളില്ല. സർക്കാർ തലത്തിൽ 8-ാമ പദ്ധതിയിൽ ഇവരുടെ ക്ഷേമത്തിനായി വളരെയേറെ നല്ല പദ്ധതികൾ ഉണ്ടായിരുന്നെങ്കിലും അതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല. പട്ടികജാതിയിൽപ്പെട്ട കുറച്ചുപേർക്ക് സർക്കാർ ജോലിയുണ്ട്. ബാക്കിയുള്ളവർ കൃഷിപ്പണിയും മറ്റു കുലതൊഴിലുമായി കഴിഞ്ഞുകൂടുന്നു. ആദികാലങ്ങളിൽ ക്രിസ്തുമതത്തിലേക്ക് മത പരിവർത്തനം നടത്തിയതിന്റെ ഫലമായി പട്ടിക ജാതിക്കാരുടെ എണ്ണം കുറഞ്ഞു. സാമൂഹ്യപരമായ ഉച്ച നീചത്വങ്ങൾ ഈ പ്രദേശത്ത് ഇല്ല. സംവരണ വാർഡുണ്ട്. ഈ വാർഡിനെ പ്രതിനിധീകരിക്കുന്നത് പഞ്ചായത്ത് വൈസ് പ്രസിഡന്റാണ്. പഞ്ചാത്തിലെ പട്ടിക ജാതിക്കാരുടെ വാർഡു തിരിച്ചുള്ള വിവരങ്ങൾ :

വാർഡ്	കുടുംബങ്ങൾ
1	2
2	10
3	6
4	10
5	14
6	6
7	4
8	15
ആകെ -	67.

ഗ്രാമസഭയിൽ വന്ന നിർദ്ദേശങ്ങൾ

1. പട്ടികജാതി കുടുംബങ്ങൾ കൂടുതലായി വസിക്കുന്ന 5,8 വാർഡുകളിൽ കോളനികൾ സ്ഥാപിക്കുക.
2. ഭവന,കക്കൂസ്,കുളിമുറി നിർമ്മാണത്തോടൊപ്പം പഴയ വീടുകളുടെ പുനരുദ്ധാരണ പദ്ധതികൾ നടപ്പാക്കുക.
3. ഭവനങ്ങളെല്ലാം വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.
4. പട്ടികജാതി സൊസൈറ്റി സ്ഥാപിക്കുക.
5. പാരമ്പര്യ കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വർക്ക് സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുക.
6. സൊസൈറ്റികൾ സ്ഥാപിച്ച് ആവശ്യമായ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
7. ബോധവൽക്കരണ സെമിനാറും ക്ലാസ്സുകളും സംഘടിപ്പിക്കുക.
8. പട്ടിക ജാതി കുട്ടികൾക്ക് സൗജന്യ ട്യൂഷൻ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുക.
9. പട്ടിക ജാതിക്കാർക്കുള്ള തൊഴിൽ സഹായം വർദ്ധിപ്പിക്കുക.

* * * * * *

11 സഹകരണം

വെളിയന്നൂർ ഗ്രാമപഞ്ചായത്തിൽ കാർഷികമേഖലയിൽ സഹകരണ പ്രസ്ഥാനം ഈ നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടം മുതൽ തന്നെ ആരംഭിച്ചിട്ടുണ്ട്. അതാണ് വെളിയന്നൂർ സർവ്വീസ് സഹകരണ ബാങ്ക്. ഇത് 1966 ൽ സ്ഥാപിച്ചു. ഈ ബാങ്കിന് ആകെ ഒരു ബ്രാഞ്ചുമാത്രമാണ് നിലവിൽ ഉള്ളത്. ഇത് പൂവക്കുളത്ത് സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ശാഖകം സ്ഥാപിക്കുവാൻ സ്ഥലം വാങ്ങിയിട്ടുണ്ട്. ഈ ബാങ്കിൽ ആകെയുള്ള അംഗങ്ങം 6721 ആകുന്നു. കഴിഞ്ഞ കാലഘട്ടത്തിൽ ബാങ്കിന് കാതലായ പുരോഗതിയും നേട്ടവും കൈവരിക്കാൻ സാധിച്ചിട്ടില്ല. ഈ പ്രദേശത്തെ ചെറുകിട,ഇടത്തരം കൃഷിക്കാരുടെ സാമ്പത്തിക പ്രശ്നങ്ങംക്ക് ഒരു പരിധി വരെ സഹായിക്കാൻ ഈ ബാങ്കിന് സാധിച്ചിട്ടുണ്ട്.

ഈ ബാങ്ക് നടത്തുന്ന പ്രധാന പ്രവർത്തനങ്ങം

1. കാർഷികവും കാർഷികേതരവുമായ വായ്പകം നൽകുക.
2. ചിട്ടി നടത്തുക.
3. കൃഷിക്കാരനാവശ്യമായ വളം ,കീടനാശിനി മുതലായവ വിതരണം ചെയ്യുക.
4. സർക്കാർ കാലാകാലങ്ങളിൽ ഏൽപിക്കുന്ന മറ്റു വായ്പകളും സഹായങ്ങളും നൽകുക.
5. ഗൃഹോപകരണ വായ്പകം നൽകുക.

1995-96 സാമ്പത്തിക വർഷം വെളിയന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ സ്ഥിരനിക്ഷേപമായി 192 ലക്ഷം രൂപയും ഹ്രസ്വകാല നിക്ഷേപമായി 18 ലക്ഷം രൂപയും സമാഹരിക്കുകയുണ്ടായി.

കഴിഞ്ഞ 5 വർഷം സംഘത്തിൽ നിന്നും കൊടുത്ത വായ്പകം

വർഷം	കാർഷികം	കാർഷികേതരം	സർക്കാർ വായ്പകം
1991-92	3285330.00	4558784.00	
1992-93	2773470.00	5308566.00	
1993-94	3842625.00	10463742.00	
1994-95	3563300.00	12729129.00	
1995-96	3839000.00	18180426.00	

ഭരണപരമായ ചിലവുകം : 8.25 ലക്ഷം
അനാമത്ത് അനുബന്ധ ചിലവുകം : 4.00 ലക്ഷം

ആകെ : 12.25 ലക്ഷം

നിലവിൽ 2 % ത്തിൽ കുറവാണ് കുടിശ്ശിക.

പഞ്ചായത്തിന്റെ വിവിധ മേഖലകളിലുള്ള മറ്റു സഹകരണ സംഘങ്ങം

1. ഖാദി ബോർഡിന്റെ കീഴിൽ കൊക്കോ സംസ്ക്കരണ കേന്ദ്രം - പുതുവേലി.
2. വനിതാ ചാരിറ്റബിം സൊസൈറ്റി -അരീക്കര.
3. ഭാരത് ഇൻഡസ്ട്രീസ് സൊസൈറ്റി,ചാരിറ്റബിം -പുതുവേലി.
4. പുതുവേലി ക്ഷീരോല്പാദക സംഘം
5. വെളിയന്നൂർ ''
6. പൂവക്കുളം ''

റബ്ബർ ബോർഡിന്റെ നിയന്ത്രണത്തിൽ കർഷകരുടെ ഉന്നമനത്തിനായി റബ്ബർ ഉല്പാദക സംഘങ്ങം (ചാരിറ്റബിം) ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

1	പുതുവേലി റബ്ബർ ഉല്പാദക സംഘം		-പുതുവേലി.
2.	മൈലക്കൽ	''	- പുതുവേലി
3.	അരീക്കര(ചൈതന്യാ)	''	- അരീക്കര.
4.	താമരക്കാട്	''	- താമരക്കാട്
5.	പൂവക്കുളം	''	- പൂവക്കുളം.

മറ്റുമാർക്കറ്റിംഗ് ,വിപണന സഹകരണ സംഘങ്ങളും ഈ പഞ്ചായത്തിലില്ല.പഞ്ചായത്തിലെ ഹൈസ്ക്കൂളിൽ സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങളും കുറഞ്ഞ വിലക്ക് ഈ സംഘങ്ങളും നല്കി വരുന്നതായി കാണുന്നു.

ഈ മേഖലയിലെ പ്രശ്നങ്ങൾ

1. ക്ഷീരോത്പാദക സംഘങ്ങളുടെ പ്രവർത്തനം പഞ്ചായത്തിന്റെ മുഴുവൻ മേഖലകളിൽ എത്തുന്നില്ല.
2. കാർഷിക വായ്പയുടെ പരിധി വർദ്ധിപ്പിക്കുക.
3. വിവിധ കാർഷിക,സഹകരണ,ഉല്പാദക സംഘങ്ങളുടെ പ്രവർത്തനം കുറച്ചുകൂടി മെച്ചപ്പെടുത്തുക. സമയബന്ധിതമായി കർഷകരെ സഹായിക്കുക.

ഗ്രാമസഭാ വിലയിരുത്തൽ

1. അടിയന്തിരമായി സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖ പുതുവേലിയിൽ ബാങ്ക് വാങ്ങിച്ചിട്ടുള്ള സ്ഥലത്ത് സ്ഥാപിക്കുക.
2. കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ ശാഖ പഞ്ചായത്തിൽ സ്ഥാപിക്കുക.
3. കാർഷിക ഉല്പന്നങ്ങൾ ,ഉപകരണങ്ങൾ സംഭരിക്കാനും, വിപണനം നടത്താനും പറ്റിയ തരത്തിലുള്ള മാർക്കറ്റിംഗ് സൊസൈറ്റികൾ സ്ഥാപിക്കുക. .
4. ഈ പഞ്ചായത്തിലെ ജനങ്ങളുടെ ഡെപ്പോസിറ്റുകൾ ഇവിടുത്തെ ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുവാനുള്ള കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുക.

12 വിഭവ സമാഹരണം

വെളിയന്നൂർഗ്രാമ പഞ്ചായത്ത് പൊതുവേ നോക്കുമ്പോൾ സാമ്പത്തികമായി വളരെ പിന്നിലാണ്. ആയതിനാൽ സംസ്ഥാന പ്ലാനിംഗ് ബോർഡോ, ധനകാര്യ കമ്മീഷൻ വഴിയോ വേണ്ടതായ സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ നിലവിലുള്ള നികുതിയുടെ ഘടന ഒറ്റയടിക്ക് വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ല.

പഞ്ചായത്ത് നിലവിൽ സമാഹരിക്കുന്ന തനതു വരുമാനം പരിശോധിക്കുമ്പോൾ നികുതി വരുമാനമെന്നും,നികുതിയേതര വരുമാനമെന്നും രണ്ടായി തിരിക്കാം.

1995-1996 ലെ വരവു കണക്കുകൾ താഴെ പട്ടികയിൽ ചേർക്കുന്നു.

	ഇനം	വരുമാനം	ആകെ
1.	(1)കെട്ടിട നികുതി	98673.20	98673.00
	(2) സർവ്വീസ് ചാർജ്ജ് (ലൈബ്രറി സെസ്)	5054.90	5054.90

2.	തൊഴിൽ നികുതി		
	ജീവനക്കാരിൽ നിന്ന്	39220.00	
	കാർഷിക നികുതി	23390.00	62610.00

നികുതിയേതരം

1.	ലൈസൻസ് ഫീസ്	1710.25
2.	വസ്തുകൈമാറ്റ നികുതി75 %	97798.00
3.	വസ്തുകൈമാറ്റ നികുതി സെപ്പഷ്യൽ ഗ്രാന്റ്	107202.00
4.	ഡിപ്പോസിറ്റ്	11871.00
5.	അൺടെയിഡ് ഫണ്ട്	225840.00
6.	മൈനർ ഇറിഗേഷൻ	3250.00
7.	എസ്റ്റാബ്ളിഷ് മെന്റ് ഗ്രാന്റ്	102752.00
8.	V.T.C grant	81893.00
9.	V R M grant	17939.00
10.	അടിസ്ഥാനനികുതി	38110.00
11.	മറ്റിനം	22045.35
	ആകെ	876748.70

പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിൽ മറ്റു വകുപ്പുകളിൽ നിന്ന് 95-96 വർഷത്തിൽ കിട്ടിയ തുക.

ഇനം	തുക
മൃഗസംരക്ഷണം	300.00
കൃഷി ഭവൻ	270320.00
പട്ടികജാതി പട്ടിക വർഗ്ഗം	2130.00
വിദ്യാഭ്യാസം	7800.00
ആകെ	280550.00

95-96 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലാണ് ഈ ഫണ്ട് ലഭ്യമായത്. 96-97 വർഷത്തിൽ ഇതിൽ നിന്ന് ചിലവ് ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിന്റെ 95-96 ലെ ചെലവ്

	ഇനം	തുക
1	ഭരണചെലവ് ശമ്പളം.പെൻഷൻ,യാത്രാപ്പടി	277600.00
2.	പൊതുമരാമത്ത്	471500.00
3.	വിദ്യാഭ്യാസം	3200.00
4.	ആരോഗ്യ പരിപാലനം	2500.00
5.	തെരുവുവിളക്ക് കത്തിക്കാൻ	30800.00
6.	അലവൻസ്,സിറ്റിംഗ് ഫീ,യാത്രാപ്പടി	46500.00
7.	തപാൽ,ഫോൺ	13618.00
8.	അച്ചടി, സ്റ്റേ ഷനറി	12229.00
9.	തെരെഞ്ഞെടുപ്പ് ചെലവ്	3258.00
10.	ഡിപ്പോസിറ്റ് തിരികെ	19388.00

11..	കേരളോത്സവം	4996.00
12.	ജലവിതരണം	4810.00
13.	മറ്റു ചിലവ്	19162.00
	ആകെ	909562.00

തന്നാണ്ട് പഞ്ചായത്ത് വരുമാനം ഗ്രാന്റ് ഒഴികെ

വരവ്

കെട്ടിട നികുതി	98673.20
ലൈബ്രറി സെസ്	5054.90
തൊഴിൽ നികുതി	
ജീവനക്കാർ	39220.00
കാർഷികം	23390.00
ലൈസൻസ് ഫീസ്	1710.25
വസ്തു കൈമാറ്റ നികുതി	97798.00
അടിസ്ഥാന നികുതി	38110.00
പലവക	22045.00
	326001.00

ചെലവ്

1.	ശമ്പളം,പെൻഷൻ,യാത്രാപ്പടി	277600.00
2.	അലവൻസ്,സിറ്റിംഗ് ഫീ	46500.00
3.	തെരുവു വിളക്കു കത്തിക്കൽ	30800.00
4.	തപാൽ,ഫോൺ	13618.00
5.	അച്ചടി, സ്റ്റേഷനറി	12229.00
6.	തെരഞ്ഞെടുപ്പ്	3258.00
7.	വിദ്യാഭ്യാസം	3200.00
8.	ആരോഗ്യ പരിപാലനം	2500.00
9.	കേരളോത്സവം	4996.00
10.	ജലവിതരണം	4810.00
11.	മറ്റു ചിലവ്	19162.00
	ആകെ	418673.00

പട്ടിക

കഴിഞ്ഞ 5 വർഷത്തെ വരവു ചിലവു കണക്ക്

വർഷം	വരവ്	ചിലവ്
1990-91	560725.77	494352.15
1991-92	810773.23	469482.25
1992-93	698592.70	731196.00
1993-94	1129730.10	1035452.70
1994-95	810201.20	1069739.85
1995-96	876748.00	909562.00

പഞ്ചായത്തിലെ തനതു വർഷത്തിലെ വരവ് ചിലവ് പരിശോധിച്ചാൽ വരവിനേക്കാം ചെലവ് കൂടുതൽ കാണുന്നു. അതുകൊണ്ട് വികസനപ്രവർത്തനം ചെയ്യുവാൻ സാമ്പത്തികമില്ല. അതാതു കാലങ്ങളിൽ സർക്കാർ തന്നിരുന്ന ഗ്രാന്റുകം മുൻകാല വികസനപ്രവർത്തനങ്ങംക്ക് വിനിയോഗി ക്കുന്നതിനാൽ പഞ്ചായത്തിൽ കമ്മി കൂടുതലായി വന്നുകൊണ്ടിരിക്കുന്നു. നിലവിൽ 6.60 ലക്ഷം രൂപ 31-3-96 ലെ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിൽ കമ്മിയാണ്.

ഈ പഞ്ചായത്തിൽ ധനകാര്യ സ്ഥാപനങ്ങളായ എസ്.ബി.റ്റി യും സർവ്വീസ് സഹകരണ ബാങ്കും കാത്തലിക് സിറിയൻ ബാങ്കിന്റെ എക്സ്റ്റൻഷൻ കൗണ്ടറും പ്രവർത്തിക്കുന്നു. സ്റ്റേറ്റ് ബാങ്കി ലെ കഴിഞ്ഞ 5 വർഷത്തെ വിവിധയിനം നിക്ഷേപങ്ങളുടേയും വായ്പകളുടേയും കണക്കുകം . വിക സന മേഖലയിൽ വ്യവസായത്തെ പ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. സർവ്വീസ് സഹകരണ ബാങ്കുവഴിയുള്ള കണക്കുകം സഹകരണ ഭാഗത്ത് ചേർത്തിട്ടുണ്ട്. നിക്ഷേപങ്ങളേക്കാം വളരെ തുച്ഛമായ തുകമാത്ര മാണ് വായ്പയായി സ്റ്റേറ്റ് ബാങ്കിൽ നിന്നും കൊടുത്തിരിക്കുന്നത്.

നിലവിലുള്ള പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമായ കെട്ടിട നികുതി നിരക്ക് പരിശോ ധിക്കുമ്പോം നിയമ വിധേയ നിരക്കുകം പൊലും ലഭിക്കുന്നില്ല. തൊഴിൽ നികുതിയിനത്തിൽ കാർ ഷിക തൊഴിൽ നികുതി കുറവാണ്. നികുതി ചുമത്താവുന്ന മാർക്കറ്റ്,ടാക്സിസ്റ്റാന്റ്,ഷോപ്പിംഗ് കോംപ്ലക്സ്,സിനിമാശാലകം തുടങ്ങിയവ ഇല്ലാത്തതിനാൽ നികുതി വരുമാനം കുറയുന്നു.

ഗ്രാമസഭാ ക്രോഡീകരണം

1. 1 ഏക്കർ മുതൽ മുകളിലോട്ട്- ഏക്കർ ഒന്നിന് 25 രൂപാ പ്രകാരം കാർഷിക നികുതി ഏർപ്പെടു ത്തുക . ഇതിൽ സ്ഥിരമായി നെൽ കൃഷി ചെയ്യുന്നത് ഒഴിവാക്കുക.
2. നിലവിലുള്ള കെട്ടിട നികുതി പരിഷ്ക്കരിച്ച് മുതൽ മുടക്കിന്റെ അടിസ്ഥാനത്തിൽ ഏകീകരി ക്കുക. ലിസ്റ്റ് പരസ്യപ്പെടുത്തുക.
3. 5 ലക്ഷത്തിൽ കൂടുതൽ മതിപ്പു വില വരുന്ന കെട്ടിടങ്ങംക്ക് മുടക്കുമുതലിന്റെ 1 % സെസ്സ് ഈടാക്കുക.
4. എല്ലാ കച്ചവടക്കാർക്കും തൊഴിൽ നികുതി ഈടാക്കുക.
5. പഞ്ചായത്ത് അതൃത്തിയിലുള്ള ഇരുചക്ര വാഹനങ്ങളൊഴിച്ച് ബാക്കിയുള്ള വാഹന ഉടമക ളിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കുക.ഓട്ടോറിക്ഷ-50,കാർ-ജീപ്പ്-100,ടെമ്പോവാൻ 200,ലോറി,ബസ്-500.
6. പഞ്ചായത്തിലെ ഷാപ്പുകളിൽ നിന്ന് ലേല ത്തുകയുടെ 2% ഈടാക്കുക.
7. പഞ്ചായത്തിലെ എല്ലാ ചെറുകിട വ്യവസായ സംരംത്തിനും ലൈസൻസ് ഫീസ് ഏർപ്പെടു ത്തുക.
8. പഞ്ചായത്ത് അതിർത്തിയിലുള്ള റോഡു പുറമ്പോക്കുകളിൽ നിൽക്കുന്ന മൂപ്പെത്തിയ തടി കം ലേലം ചെയ്ത് പഞ്ചായത്തിലേക്ക് മുതൽകൂട്ടുക. പകരം മരങ്ങം വച്ചു പിടിപ്പിക്കുക.
9. പഞ്ചായത്തിലുള്ള സർവ്വീസ് സഹകരണ ബാങ്കിന്റെ ലാഭവിഹിതം 10 % പഞ്ചായത്തിനു നല്കുക.
10. വളർത്തു നായ്ക്കംക്ക് ലൈസൻസ് ഫീസ് 5 രൂപാ പ്രകാരം ഈടാക്കുക.
11. ലൈസൻസ് എടുക്കാത്ത നായ്ക്കളെ പഞ്ചായത്തിൽ നിന്നു തന്നെ നശിപ്പിക്കുക.
12. മാർക്കറ്റ്,ടാക്സിസ്റ്റാന്റ്,കമ്മ്യൂണിറ്റി ഹാം, എന്നിവ നിർമ്മിച്ച് വാടകക്ക് കൊടുക്കുക.
13. റവന്യൂ പുറമ്പോക്ക് തിട്ടപ്പെടുത്തി പഞ്ചായത്തിലേക്ക് മുതൽ കൂട്ടുക.കൂടാതെ മരങ്ങം വച്ചു പിടിപ്പിക്കുകയും ചെയ്യുക.
14. പഞ്ചായത്തു റോഡുകം മുറിക്കുന്നതിനും ,കുഴിക്കുന്നതിനും നികുതി ഈടാക്കുക.
15. നികുതി അസ്സസ്മെന്റ് ലിസ്റ്റ് പരസ്യപ്പെടുത്തുക.
16. പരസ്യ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുക.
17. പഞ്ചായത്തു കണക്കുകം സുതാര്യമാക്കുക.
18. പുതിയ സേവനങ്ങം നൽകി ആയതിന് സേവന നികുതി ഈടാക്കുക.
19. വിദേശമലയാളികളിൽ നിന്ന് പഞ്ചായത്ത് വികസന ഫണ്ടിലേക്ക് സംഭാവന സ്വീകരിക്കുക.
20. പഞ്ചായത്തിന്റെ അതൃത്തികളിൽ മരങ്ങം മുറിച്ച് വിൽക്കുമ്പോം വാങ്ങുന്ന കച്ചവടക്കാരിൽ നിന്ന് വലിയ ലോറിക്ക് - 200, ചെറിയ ലോറി - 150 രൂപ നികുതി ഈടാക്കുക .

VI ഉപസംഹാരം

വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ വികസനപ്രശ്നങ്ങൾ ശാസ്ത്രീയമായും യാഥാർത്ഥ്യബോധത്തോടും കൂടി നിരവധി വേദികളിൽ നടന്ന ഗ്രാമീണ ചർച്ചയുടേയും ദ്വിതീയ വിവരശേഖരണത്തിലൂടെയും,പഠനപര്യടനത്തിലൂടെയും പ്രായം ചെന്ന വ്യക്തികളുമായുള്ള ചർച്ചയുടേയും അടിസ്ഥാനത്തിൽ അവതരിപ്പിക്കുന്ന റിപ്പോർട്ടാണിത്. ഇത്തരം ഒരു റിപ്പോർട്ട് ഇതിനു മുമ്പ് എഴുതപ്പെട്ടിട്ടില്ല.

ഇന പങ്കാളിത്തത്തോടെയുള്ള ആദ്യത്തെ ഇവ സമഗ്ര വികസന യത്നം ഒത്തിരി പ്രതീക്ഷകൾ ഇവ ഹൃദയങ്ങളിൽ ഉണർത്തിയിട്ടുണ്ട്. തങ്ങൾ നിർദ്ദേശിക്കുന്ന കാര്യങ്ങൾക്ക് കൂടുതൽ പരിഗണന കൊടുത്ത് 9-ാം പദ്ധതിയിൽ കൂടി ഇവ നാടിന്റെ സമഗ്ര വികസനം ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് ജനങ്ങൾ ഇതുമായി സഹകരിച്ചിട്ടുള്ളത്.

കോട്ടയം ജില്ലയുടെ വടക്കേ അറ്റത്തു കിടക്കുന്ന ഇവ പഞ്ചായത്തിൽ വർഷത്തിൽ പകുതിയും ജല ദവർലഭ്യം രൂക്ഷമായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നാൽ ഇത് പരിഹരിക്കുന്നതിനു വേണ്ടി 12 വർഷം മുൻപ് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വാട്ടർ അതോറിറ്റി പൈപ്പുലൈൻ സ്ഥാപിക്കുകയുണ്ടായി. നാളിതു വരെ ഒരു തുള്ളി വെള്ളം പോലും ഇവ പൈപ്പുകളിൽ നിന്നും ജനങ്ങൾക്ക് ലഭിച്ചിട്ടില്ല. ജല അതോറിറ്റിയുടെ ഒരു പദ്ധതി പോലും നടപ്പാക്കാത്ത കേരളത്തിലെ ഏക പഞ്ചായത്താണ് ഇത് എന്ന് കരുതുന്നു. ആയതിനാൽ എല്ലാ ഗ്രാമസഭകളിലും ജനങ്ങൾ ഒന്നായി ആവശ്യപ്പെട്ടതും പഞ്ചായത്തു തല ക്രോഡീകരണത്തിൽ അടിയന്തിര പ്രാധാന്യം നൽകി പദ്ധതി ആവിഷ്ക്കരിക്കേണ്ടത് കുടിവെള്ളത്തിനാണ്. രണ്ടാമതായി കൃഷിയും കൃഷിയോടനുബന്ധിച്ചുള്ള വികസന പ്രവർത്തനങ്ങളുമാണ്

വരും തലമുറക്ക് പ്രയോജനപ്രദമാകുന്ന ഇവ ഗ്രാമത്തിന്റെ വികസന റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ച എല്ലാവർക്കും ഒരിക്കൽ കൂടി നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഇവ പഞ്ചായത്തിലെ ജനങ്ങളുടെ മുന്നിൽ സവിനയം സമർപ്പിച്ചു കൊള്ളുന്നു.

സ്നേഹാദരങ്ങളോടെ,
കൺവീനർ
സി.പി.ജോയി ചിറയത്ത്.
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, വെളിയന്നൂർ ഗ്രാമ പഞ്ചായത്ത്.

DTP & Printed at CHAITHANYA OFFSET PRINTERS Uzhavoor

